## അല്ലാഹുവിന്റെ വചനം

يَآَيُّهَا النَّاسُ اعْبُدُوْا رَبَّكُمُ الَّذِىْ خَلَقَكُمْ وَالَّذِيْنَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُوْنَ

(سورة البقرة:22)

അല്ലയോ ജനങ്ങളേ!നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. (എല്ലാ വിധ ആപത്തുകളിൽനിന്നും) നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.

بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 10

ലക്കം 9-12

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ഫെബ്രു:27-മാർച്ച് 20 1404 തബ്‌ലീഗ് 27-അമാൻ 20/ഹി:ഖ 1446 ശഅ്:28-റമളാൻ 19


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ഈ ലോകമെന്താണ്? ഒരുതരത്തിലുള്ള പരീക്ഷണാലയമാണ്. എല്ലാ തരത്തിലുള്ള കാര്യങ്ങളും മറച്ചു വെക്കുന്നതാണ് നല്ലത്. പ്രദർശനപരതയിൽനിന്ന് രക്ഷപ്പെടുക. ആരുടെ കർമങ്ങളാണോ അല്ലാഹുവിനുവേണ്ടി മാത്രമുള്ളത് അവർ തങ്ങളുടെ കർമങ്ങൾ ആരുടെമേലും വെളിപ്പെടുത്തുകയില്ല. ഇവർതന്നെയാണ് മുത്തഖികൾ.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ഉപദേശങ്ങൾ

മുത്തഖിയ്ക്ക് എപ്പോഴും ശയ്ത്വാനെതിരിൽ യുദ്ധമാണ്. പക്ഷേ, അവൻ സ്വാലിഹായി തീരുമ്പോൾ എല്ലാ യുദ്ധവും അവസാനിക്കുന്നു. ഉദാഹരണത്തിന് ഒന്ന് പ്രദർശനപരതയാണ്. അതിനെതിരിൽ ഇരുപത്തിനാലു മണിക്കൂറും യുദ്ധംചെയ്യുന്നു. മുത്തഖി എപ്പോഴും യുദ്ധമൈതാനത്താണുള്ളത്. അല്ലാഹുവിന്റെ കൃപയുടെ കരങ്ങൾ അവനോടൊപ്പമുണ്ടെങ്കിൽ അവന് വിജയമുണ്ടാകും. പ്രദർശനപരതപോലെ, അതിന്റെ നടത്തം ഒരു ഉറുമ്പിനെപ്പോലെയാണ്. ചിലനേരത്ത് മനുഷ്യൻ അറിയുന്നുണ്ടാവില്ല. പക്ഷേ, സന്ദർഭത്തിനൊത്ത് പ്രദർശനപരത മനസ്സിൽ ഉണ്ടാകുന്നതിന് അവസരം നല്കുന്നു. ഉദാഹരണത്തിന് ഒരാളുടെ കത്തി കളഞ്ഞുപോകുന്നു. അത് മറ്റുള്ളവരോടു അന്വേഷിക്കുമ്പോൾ ആ അവസരത്തിൽ ഒരു മുത്തഖിയുടെ പോരാട്ടം ശയ്ത്വാനുമായി ഉണ്ടാകാൻ തുടങ്ങുന്നു. ഇങ്ങനെ അന്വേഷിക്കുന്നത് ഒരുതരത്തിലുള്ള അനാദരവാണെന്ന് ശയ്ത്വാൻ അവനെ പഠിപ്പിക്കുന്നു. ഇതുമുഖേന അവൻ കോപിക്കാനിടയുണ്ടെന്നും പരസ്പരം വഴക്കുണ്ടാകാൻ സാധ്യതയുണ്ടെന്നും തോന്നിപ്പിക്കുന്നു. ആ അവസരത്തിൽ ഒരു മുത്തഖിയ്ക്ക് തന്റെ ആത്മാവിന്റെ ദുരുദ്ദേശ്യവുമായി പോരാട്ടമാണുണ്ടാകുന്നത്. ആ വ്യക്തിയിൽ അല്ലാഹുവിനുവേണ്ടി മാത്രം സത്യസന്ധതയുണ്ടെങ്കിൽ ദ്വേഷപ്പെടേണ്ട ആവശ്യംതന്നെ എന്താണ്? സത്യസന്ധത എത്രത്തോളം മറച്ചുവെക്കുന്നുവോ അത്രമാത്രം ഉത്തമമാണ്. ഉദാഹരണത്തിന് ഒരു രത്നവ്യാപാരി വഴിയിൽ കുറച്ചു കള്ളന്മാരെ കാണുകയും കള്ളന്മാർ പരസ്പരം അയാളെ സംബന്ധിച്ച് കൂടിയാലോചിക്കുകയും ചിലർ അയാളെ സമ്പന്നനാണെന്ന് പറയുകയും ചിലർ അയാളെ ദരിദ്രവാസിയാണെന്ന് പറയുകയുമാണെങ്കിൽ രത്നവ്യാപാരി ഇഷ്ടപ്പെടുന്നത് തന്നെ ദരിദ്രവാസി എന്നു പറയുന്നവരെ ആയിരിക്കും.

### കർമങ്ങൾ മറച്ചുവെക്കുന്നതാണ് ഉത്തമം:

ഇതുപോലെതന്നെ ഈ ലോകമെന്താണ്? ഒരുതരത്തിലുള്ള പരീക്ഷണാലയമാണ്. എല്ലാ തരത്തിലുള്ള കാര്യങ്ങളും മറച്ചുവെക്കുന്നതാണ് നല്ലത്. പ്രദർശനപരതയിൽനിന്ന് രക്ഷപ്പെടുക. ആരുടെ കർമങ്ങളാണോ അല്ലാഹുവിനുവേണ്ടി മാത്രമുള്ളത് അവർ തങ്ങളുടെ കർമങ്ങൾ ആരുടെമേലും വെളിപ്പെടുത്തുകയില്ല. ഇവർതന്നെയാണ് മുത്തഖികൾ.

ഞാൻ തദ്കിറത്തുൽഔലിയായിൽ കണ്ടിട്ടുണ്ട്, ഒരു സദസ്സിൽ പണത്തിന് ആവശ്യമുള്ള വയസായ ഒരു മനുഷ്യൻ സഹായം ചോദിച്ചു. ഒരാൾ സ്വാലിഹാണെന്ന് കണ്ട് അയാൾക്ക് ആയിരം രൂപ കൊടുത്തു. അദ്ദേഹം പണം വാങ്ങി അയാളുടെ ധർമനിഷ്ഠയും ദാനശീലതയും വാനോളം പുകഴ്ത്തി. ഇക്കാരണത്താൽ പണം കൊടുത്ത ആൾ ദുഃഖിതനായി. ഇവിടെത്തന്നെ പ്രശംസയുണ്ടായ സ്ഥിതിക്ക് പരലോകത്ത് പ്രതിഫലത്തിൽനിന്ന് പിന്തളളപ്പെട്ടുപോകാം. അങ്ങനെ അയാൾ കരുതി. അല്പ സമയത്തിനുശേഷം അയാൾ വന്നു. ആ പണം തന്റെ മാതാവിന്റേതായിരുന്നുവെന്നും അവർ തരാൻ സമ്മതിക്കുന്നില്ലെന്നും പറഞ്ഞു. അങ്ങനെ ആ തുക തിരിച്ചു നല്കപ്പെട്ടു. അപ്പോൾ എല്ലാവരും അയാളിൽ ശാപം ചൊരിഞ്ഞു. കള്ളനാണെന്നും യഥാർഥത്തിൽ അയാൾ പണം നല്കാൻ ഇഷ്ടപ്പെടുന്നില്ലെന്നും പറഞ്ഞു. വൈകുന്നേരം ആ മഹാത്മാവ് വീട്ടിൽ ചെന്നപ്പോൾ ആ വ്യക്തി മടക്കിവാങ്ങിയ ആയിരം രൂപയുമായി വന്നു. അദ്ദേഹം പറഞ്ഞു: നിങ്ങൾ പരസ്യമായി എന്നെ പ്രശംസിച്ചു പറഞ്ഞതുകൊണ്ട് പരലോക പ്രതിഫലം എനിക്കു നിഷേധിക്കുകയാണ് ചെയ്തത്. അതുകൊണ്ടാണ് ഞാൻ ഈ തന്ത്രം പ്രയോഗിച്ചത്. ഇപ്പോൾ ഈ പണം താങ്കളുടേതാണ്. പക്ഷേ, താങ്കൾ ആരോടും ഇക്കാര്യം പറയരുത്. ആ മഹാത്മാവ് പൊട്ടിക്കരയാൻ തുടങ്ങി. ഇനി ഖിയാമത്തുന്നാൾവരെ കുത്തുവാക്കിനും ശാപവാക്കിനും താങ്കൾ പാത്രമായിരിക്കുമല്ലോ?കാരണം ഇന്നലത്തെ സംഭവം എല്ലാവർക്കും അറിയാവുന്നതാണ്. താങ്കൾ എനിക്ക് പണം മടക്കിത്തന്ന വിവരം ആർക്കും അറിയുകയുമില്ല.

ഒരു മുത്തഖി തന്റെ ദോഷപ്രവണമായ ആത്മാവിനെതിരിൽ യുദ്ധം ചെയ്ത് തന്റെ വിചാരങ്ങൾ മറച്ചുവെക്കുന്നു. രഹസ്യമാക്കി വെക്കുന്നു. പക്ഷേ, അല്ലാഹു ആ മറച്ചുവച്ച വിചാരത്തെ എപ്പോഴും വെളിപ്പെടുത്തുന്നു. ഒരു ദുർന്നടപ്പുകാരൻ ഏതെങ്കിലും ദുർനടപ്പിന്നിരയായി ഒളിച്ചിരിക്കാൻ ആഗ്രഹിക്കുന്നതുപോലെ ഒരു മുത്തഖി രഹസ്യമായി നമസ്കരിക്കുന്നു. ആരെങ്കിലും തന്നെ കാണുന്നത് ഭയപ്പെടുന്നു. സത്യസന്ധനായ മുത്തഖി ഒരു തരത്തിലുള്ള മറ ആഗ്രഹിക്കുന്നു. തഖ്‌വായുടെ നിലകൾ ധാരാളമുണ്ട്. പക്ഷേ, തഖ്‌വായ്ക്ക് ബുദ്ധിമുട്ടുണ്ട്. മുത്തഖി യുദ്ധാവസ്ഥയിലാണ്. സ്വാലിഹ് ആ യുദ്ധത്തിന് പുറത്താണ്. ഞാൻ മുകളിൽ ഉദാഹരണമെന്ന നിലയിൽ പ്രദർശനപരതയെ കുറിച്ച് പറഞ്ഞതുപോലെ! ഇതുമുഖേന മുത്തഖിക്ക് ഇരുപത്തിനാലു മണിക്കൂറും പോരാട്ടമാണ്.

### പ്രദർശനപരതയും സൗമ്യതയും തമ്മിൽ യുദ്ധം:

ചിലനേരങ്ങളിൽ പ്രദർശനപരതയും സൗമ്യതയും തമ്മിൽ യുദ്ധം ഉണ്ടാകാറുണ്ട്. ചിലപ്പോൾ മനുഷ്യന്റെ കോപം ദൈവഗ്രന്ഥത്തിന് എതിരായിരിക്കും. ചീത്തവിളി കേട്ട് അവന്റെ ആത്മാവ് അലയടിച്ചുയരുന്നു. കോപത്തിൽനിന്ന് പിന്മാറാനാണ് തഖ്‌വാ അവനെ പഠിപ്പിക്കുന്നത്. **വ ഇദാ മർറൂ ബില്ലഗ് വി മർറൂ കിറാമാ** എന്ന് വിശുദ്ധ ഖുർആൻ പറയുന്നതുപോലെ.(25:73). അപ്രകാരം തന്നെ അക്ഷമയോടു അവന് അധികവും യുദ്ധം ചെയ്യേണ്ടിവരുന്നു. അക്ഷമകൊണ്ടുള്ള ഉദ്ദേശ്യം അവന് തഖ്‌വയുടെ വഴിയിൽ എത്രത്തോളം വിഷമങ്ങളുമായി ഏറ്റുമുട്ടേണ്ടിവരുന്നുവെന്നാൽ വളരെ പ്രയാസപ്പെട്ടായിരിക്കും അവൻ തന്റെ ലക്ഷ്യസ്ഥാനത്തെത്തുന്നത്. അതുകൊണ്ടാണ് അക്ഷമനാകുന്നത്. ഉദാഹരണത്തിന് ഒരു കിണർ അമ്പതടി കുഴിക്കേണ്ടതുണ്ട്. രണ്ടുമൂന്നു മുഴം കുഴിച്ച് കുഴിക്കൽ ഉപേക്ഷിക്കുകയാണെങ്കിൽ അത് കേവലം ഒരു തെറ്റായ ധാരണയാണ്. തഖ്‌വായുടെ നിബന്ധന എന്താണെന്നാൽ അല്ലാഹു നല്കിയിട്ടുള്ള കല്പന അവസാനം വരെ പാലിക്കുക. അക്ഷമനാകരുത്.

### ദൈവമാർഗത്തിലെ പ്രയാണത്തിൽ അനുഗൃഹീത ചുവട് രണ്ട് സംഘക്കാരുടേതാണ്.

ദൈവമാർഗത്തിലെ പ്രയാണത്തിൽ അനുഗൃഹീത ചുവട് രണ്ട് സംഘക്കാരുടേതാണ്. ഒന്ന് ദീനുൽ അജാഇസുകാർ. അവർ വലിയ വലിയ കാര്യങ്ങളിൽ ചുവടു വെക്കുന്നു. ഉദാഹരണത്തിന് ശരീഅത്തിന്റെ കൽപനകൾ പാലിക്കാൻ തുടങ്ങുകയും മോക്ഷം പ്രാപിക്കുകയും

ശേഷം പേജ് 11 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

ലേഖനം

# മുസ്‌ലിം ലോകത്തോടു വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്عليه السلامന്റെ ഹൃദയസ്പൃക്കായ അഭ്യർഥന

(മൻസ്വൂർ അഹ്മദ്, പത്രാധിപർ ബദ്ർ ഉർദു )

വിശുദ്ധഖുർആന്റേയും ഹദീഥുകളുടേയും കഴിഞ്ഞുകടന്ന ഏടുകളുടേയും പ്രവചനങ്ങളനുസരിച്ച് അല്ലാഹു സയ്യിദുനാ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്ﷺനെ അന്ധകാരത്തിന്റേയും അവിശ്വാസത്തിന്റേയും വഴികേടിന്റേയും കാലമായിരുന്ന 16-ാം നൂറ്റാണ്ടിന്റെ തലയ്ക്കൽ ഇമാം മഹ്ദിയും വാഗ്ദത്ത മസീഹുമായി നിയോഗിച്ചയച്ചു. അവിടത്തെ മഹത്തായ ദൗത്യം ***ലിയുള്ഹിറഹു അലദ്ദീനി കുല്ലിഹി*** (61:10) എന്ന് വിശുദ്ധഖുർആൻ പറഞ്ഞതുപോലെ അതായത് ലോകത്തിലെ സർവമതങ്ങളുടേയുംമേൽ ഇസ്‌ലാമിനെ വിജയിപ്പിക്കുക എന്നതാണ്. ആ മഹാത്മാവിന്റെ ദൗത്യം നബിﷺ തിരുമേനി ഈ വാക്കുകളിലാണ് വിവരിച്ചത്: ***ലൗ കാനൽ ഈമാനു യിൻദഥ്ഥുറയ്യാ ലനാ ലഹു രിജാലുൻ മിൻ ഹാഉലാഇ.*** (ബുഖാരി കിതാബുത്തഫ്സീർ സൂറ ജുമുഅ) അതായത് ഈമാൻ അഥവാ സത്യവിശ്വാസം ഭൂമിയിൽനിന്ന് ഉയർന്ന് കാർത്തികനക്ഷത്രംവരെ പോയാലും ഇവരിൽനിന്ന് കുറച്ചാളുകൾ അതിനെ ഭൂമിയിൽ താഴ്ത്തിക്കൊണ്ടുവരുന്നതാണ്. ഒരു നിവേദനത്തിൽ റജുലുൻ എന്ന പദവും വന്നിട്ടുണ്ട്. അതായത് ഒരു മഹാനായ മനുഷ്യൻ;മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും അതിനെ ഭൂമിയിൽ കൊണ്ടുവന്ന് സ്ഥാപിക്കുമെന്ന് വിവക്ഷിതം!

ഹദ്റത്ത് മസീഹ് മൗഊദ്ﷺ പറയുന്നു: "ഇസ്‌ലാമികമായ വിശ്വാസാദർശങ്ങൾ അഭിപ്രായഭിന്നതകൾകൊണ്ട് നിറഞ്ഞിരുന്ന കാലത്താണ് ഞാൻ വെളിപ്പെട്ടിട്ടുള്ളത്. അഭിപ്രായഭിന്നതകളിൽനിന്ന് ഒരു വിശ്വാസവും മുക്തമായിരുന്നില്ല. ഞാൻ സത്യവാനാണെന്നതിന് മറ്റെന്തെങ്കിലും തെളിവ് പറയേണ്ട കാര്യമൊന്നും എനിക്കില്ലായിരുന്നു. കാരണം ആവശ്യകത തന്നെ അതിന് തെളിവാണ്." *(ളറൂരത്തുൽ ഇമാം, റൂഹാനീ ഖസാഇൻ, വാല്യം 13, പേജ് 495)*

അവിടന്ന് പറഞ്ഞു: "അല്ലാഹു ഇക്കാലത്തെ അന്ധകാരനിബിഢവും, ലോകം അശ്രദ്ധയിലും അവിശ്വാസത്തിലും അന്യാരാധനയിലും മുങ്ങികിടക്കുന്നതും, സത്യവിശ്വാസവും സത്യസന്ധതയും ദൈവഭക്തിയും സന്മാർഗവും മങ്ങിപ്പോകുന്നതുംകണ്ട് എന്നെ നിയോഗിച്ചയച്ചു; ലോകത്ത് വൈജ്ഞാനികവും കർമപരവും ധാർമികവും വിശ്വാസപരവുമായ സത്യം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി!" *(ആയിനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീഖസാഇൻ, വാല്യം 5, പേജ് 251)*

അവിടന്ന് പറഞ്ഞു: "ഭൂവാസികളായ എല്ലാവർക്കുംവേണ്ടി ഞാൻ അയക്കപ്പെട്ടിരിക്കുന്നു; അവർ ഏഷ്യക്കാരാവട്ടെ, യൂറോപ്യൻകാരാവട്ടെ അമേരിക്കക്കാരാവട്ടെ ആരുമാവട്ടെ!"*(തിർയാഖുൽ ഖുലൂബ്, റൂഹാനീഖസാഇൻ, വാല്യം 15, പേജ് 515)*

ആ മഹാത്മാവ് പറയുന്നു: 'നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ നന്ദി പ്രകടിപ്പിക്കുവിൻ! എന്തെന്നാൽ, നിങ്ങളുടെ ആദരണീയരായ ആ പൂർവപിതാക്കൾ ഏതൊരു നാളിനെ ആകാംക്ഷാപൂർവ്വം കാത്തുകാത്തിരുന്നശേഷം അപ്രത്യക്ഷരായോ, എണ്ണമറ്റ ആത്മാക്കൾ ആ സന്തോഷദിനങ്ങളുടെ മധുരസ്മരണകളോടെ ഈ ലോകത്തുനിന്ന് യാത്ര പറഞ്ഞുവോ ആ കാലമിതാ നിങ്ങൾ കണ്ടെത്തിയിരിക്കുന്നു! ഇനി അതിനെ വിലമതിക്കുകയോ വിലമതിക്കാതിരിക്കുകയോ ചെയ്യുകയെന്നത് നിങ്ങളുടെ ഇഷ്ടം. എന്നാൽ, ദീനിനെ പുതിയ രൂപത്തിൽ ഹൃദയങ്ങളിൽ പുനഃപ്രതിഷ്ഠിക്കുന്നതിന് ഞാനിത് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കും. മനുഷ്യരെ നന്മയിലേക്ക് നയിക്കുവാൻ തക്കസമയത്ത് അയക്കപ്പെട്ടിട്ടുള്ളവൻ ഞാൻ തന്നെയാകുന്നു എന്ന സത്യം പ്രഖ്യാപിക്കുന്നതു നിറുത്തിവെക്കുവാൻ എനിക്കാവുകയില്ല.' *(ഫത്ഹെ ഇസ്‌ലാം, റൂഹാനീഖസാഇൻ, വാല്യം 3, പേജ് 8)*

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ﷺഇസ്‌ലാമിന്റെ വിജയദൗത്യസമ്പൂർത്തീകരണത്തിനുവേണ്ടി ദൈവസന്നിധിയിൽ എത്രത്തോളം ദുആകൾ ചെയ്യുകയും വിലപിക്കുകയും ചെയ്തുവെന്നാൽ, അതിന്റെ ഉദാഹരണം നബിﷺതിരുമേനിയിലല്ലാതെ മറ്റൊരു നബിയിലും കാണുകയില്ല. അതിനോടൊപ്പം അവിടന്ന് ലേഖനമെഴുതി, പ്രസംഗങ്ങൾ നടത്തി, വാദപ്രതിവാദങ്ങളും സംവാദങ്ങളും നടത്തി, ആയിരക്കണക്കിന് നോട്ടീസുകൾ പ്രസിദ്ധീകരിച്ചു, എൺപതിലധികം ഗ്രന്ഥങ്ങളെഴുതി. അവിടന്ന് തന്റെ ഗ്രന്ഥങ്ങളിലും വിജ്ഞാപനങ്ങളിലും ഇസ്‌ലാമിന്റേയും ഇസ്‌ലാംമത സ്ഥാപകരായ മുഹമ്മദ് മുസ്തഫാﷺയുടേയും വിശുദ്ധഖുർആന്റേയും തന്റെ സ്വന്തം സത്യസാക്ഷ്യത്തിനുള്ള തെളിവിനായും ഇനാം പ്രഖ്യാപിച്ചുകൊണ്ട് നിരവധി വെല്ലുവിളികൾ നടത്തി. ഞാൻ ഇവിടെ അവിടത്തെ ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള വെല്ലുവിളികളെ കുറിച്ചാണ് പ്രതിപാദിക്കുന്നത്.

1864 മുതൽ 1867 വരെ ഹദ്റത്ത് മസീഹ് മൗഊദ്ﷺ മനമില്ലാമനസ്സോടെ സിയാൽക്കോട്ടിൽ ജോലി ചെയ്തു. ഇവിടെ നിന്നാണ് അവിടത്തെ പ്രബോധനപരമായ നടപടികൾക്ക് തുടക്കം കുറിക്കുന്നത്. മസീഹി പാതിരിമാർ മുസ്‌ലിം പണ്ഡിതന്മാരെ പരാജയപ്പെടുത്തിക്കൊണ്ടിരുന്നു. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ മുമ്പിൽ അവരുടെ ഒരു പണിയും നടന്നില്ല. സിയാൽക്കോട്ടിന്റെ മതാന്തരീക്ഷത്തെ അവിടന്ന് വലയം ചെയ്തുനിന്നു. ഒരു പേരുകേട്ട പാതിരി ബട്ട്ലർ അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു. അവിടത്തെ കാര്യങ്ങൾ കേൾക്കാൻ മിക്കപ്പോഴും അദ്ദേഹത്തിന്റെയടുക്കൽ വരാറുണ്ടായിരുന്നു. ചില പക്ഷപാതികൾ അദ്ദേഹത്തെ തടയാൻ നോക്കി. പക്ഷേ, പാതിരി അവർക്ക് മറുപടി നല്കി. "ഇദ്ദേഹം ഒരു മഹാനായ മനുഷ്യനാണ്. ഇദ്ദേഹത്തിന് തുല്യനായി ആരുമില്ല. നിങ്ങൾ ഇദ്ദേഹത്തെ മനസ്സിലാക്കുന്നില്ല. ഞാൻ ഇദ്ദേഹത്തെ നല്ലവണ്ണം മനസ്സിലാക്കിയിരിക്കുന്നു." *(താരീഖെ അഹ്മദിയ്യത്ത്, വാല്യം 1, പേജ് 93, 2009 ഖാദിയാൻ പതിപ്പ്)*

1872-ൽ ഹദ്റത്ത് അഹ്മദ്ﷺ തൂലികാ ജിഹാദിന് തുടക്കം കുറിച്ചു. ബാംഗ്ലൂരിൽനിന്ന് പത്ത് ദിവസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്ന 'മൻശൂറെ മുഹമ്മദി'യിൽ 1872 ആഗസ്ത് 25-ന് അദ്ദേഹത്തിന്റെ ആദ്യ ലേഖനം പ്രസിദ്ധീകരിച്ചു.'സകല മതങ്ങളുടേയുംമേൽ ഇസ്‌ലാമിന്റെ ശ്രേഷ്ഠതയുടേയും ഉന്നതിയുടേയും വിളംബരം' എന്നതായിരുന്നു വിഷയം.

ഹദ്റത്ത് അഹ്മദ്ﷺഎഴുതി:"സത്യസന്ധതയാണ് എല്ലാ മതങ്ങളുടേയും അടിസ്ഥാനം. സത്യസന്ധതയ്ക്ക് ഒരു മതം നല്കുന്ന പ്രാധാന്യവും ശക്തിയും നോക്കിയാണ് അതിന്റെ യഥാർഥമായ മൂല്യം നിർണയിക്കേണ്ടത്. ഇസ്‌ലാം സത്യത്തിനു നല്കുന്ന സ്ഥാനവും ശക്തിയും മറ്റൊരു മതവും നല്കുന്നില്ലെന്ന് കാൽനൂറ്റാണ്ടു കാലത്തെ ഗവേഷണങ്ങളിൽനിന്ന് എനിയ്ക്കും ബോധ്യം വന്നിരിക്കുന്നു. സത്യത്തെ കുറിച്ച് ഇസ്‌ലാംമത ഗ്രന്ഥങ്ങളിൽനിന്ന് താൻ എടുത്തുകാണിക്കുന്നതിലധികമോ അത്രയെങ്കിലുമോ അതിൽ പകുതിയോ മൂന്നിലൊന്നോ ഉൽബോധനങ്ങൾ സ്വമത ഗ്രന്ഥങ്ങളിൽനിന്ന് ഉദ്ധരിച്ചുകാണിക്കുന്ന ഏതൊരു എതിരാളിക്കും 500 രൂപ ഇനാം നല്കുന്നതായിരിക്കും." *(താരീഖെ അഹ്മദിയ്യത്ത് വാല്യം 1, പേജ് 118)*

ആത്മാക്കൾ അനന്തമാണെന്നും പരമേശ്വരനുപോലും അവയുടെ എണ്ണം അറിഞ്ഞുകൂടെന്നും അതുകൊണ്ടാണ് എപ്പോഴും മുക്തി പ്രാപിച്ചുകൊണ്ടിരിക്കുന്നതെന്നും പ്രാപിച്ചുകൊണ്ടിരിക്കുകയും ചെയ്യുമെന്നും അത് അവസാനിച്ചുപോകുകയില്ലെന്നും സൂചിപ്പിച്ച് ആര്യസമാജ സ്ഥാപകൻ 'വക്കീൽ ഹിന്ദുസ്താൻ' പത്രത്തിലും മറ്റു പത്രങ്ങളിലും തങ്ങളുടെ വിശ്വാസം പ്രസിദ്ധീകരിച്ചു. അതൊരു ദൈവദൂഷണമായി കരുതിയ ഹദ്റത്ത് അഹ്മദ്ﷺഅമൃതസറിലെ 'സഫീറെ ഹിന്ദ്' പത്രത്തിൽ ഒരു ലേഖന പരമ്പര മുഖേന അതിനു മറുപടി നല്കി. മേൽതത്ത്വം ശരിയാണെന്ന് പ്രമാണസഹിതം സ്ഥാപിക്കുവാൻ അദ്ദേഹം ആര്യസമാജ പണ്ഡിതന്മാരെ വെല്ലുവിളിക്കുകയും അങ്ങനെ സ്ഥാപിക്കുന്നവർക്ക് 500 രൂപ ഇനാം നല്കുന്നതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഹദ്റത്ത് അഹ്മദ്ﷺഉന്നയിച്ച ന്യായയുക്തികളുടെ അഖണ്ഡതനിമിത്തം ആര്യസമാജത്തിന്റെ പഞ്ചാബ് കേന്ദ്ര കമ്മിറ്റി സെക്രട്ടറി ലാല ജീവൻദാസ്(ലാഹോർ)ഒരു പ്രസ്താവന പുറപ്പെടുവിക്കാൻ നിർബന്ധിതനായി. അതിൽ അദ്ദേഹം പറഞ്ഞത്, ആത്മാക്കൾ അനന്തമാണെന്ന സിദ്ധാന്തം ആര്യസമാജത്തിന്റെ പാഠങ്ങളിൽപ്പെട്ടതല്ലെന്നായിരുന്നു!ആര്യ സമാജികൾ സ്വാമി ദയാനന്ദനെ അന്ധമായി അനുകൂലിക്കുന്നവരല്ലെന്നും സ്വാമിജി പറഞ്ഞതെല്ലാം യുക്തിവിചാരംകൂടാതെ വിശ്വസിക്കുവാൻ തങ്ങൾ തയ്യാറില്ലെന്നുംകൂടി പണ്ഡിറ്റ് ജീവൻദാസ് വ്യക്തമാക്കി.'*(താരീഖെ അഹ്മദിയ്യത്ത് വാല്യം 1 പേജ് 153)*

1880 മുതൽ 1884 വരെ ബറാഹീനെ അഹ്മദിയ്യ നാലു വാല്യം ഹദ്റത്ത് അഹ്മദ് ﷺപ്രസിദ്ധീകരി

ച്ചു. ഇത് ഹദ്റത്ത് അഹ്മദ്ﷺന്റെ ആദ്യത്തേതും വിശ്വവിഖ്യാതവുമായ ഗ്രന്ഥമാണ്. ക്രിസ്ത്യാനികളും ആര്യസമാജക്കാരും ബ്രഹ്മസമാജാക്കരും അങ്ങേയറ്റം സംഘടിതമായി ഇസ്‌ലാമിനുമേൽ ആക്രമണം നടത്തിക്കൊണ്ടിരുന്ന കാലമായിരുന്നു അത്. ഇസ്‌ലാം അവരുടെ ആക്രമണത്താൽ തികച്ചും ബലഹീനമായിത്തീർന്നിരുന്നു. ബറാഹീനെ അഹ്മദിയ്യ പ്രസിദ്ധീകരിക്കപ്പെട്ട് പൊതുജനമധ്യത്തിൽ വന്നതോടെ മുസ്‌ലിമീങ്ങളിൽ ജീവൻ വീണു. അവിടന്ന് സകല മതങ്ങൾക്കുമെതിരിൽ ഇസ്‌ലാമിന്റെ സത്യം സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ഈ ഗ്രന്ഥം എഴുതിയത്. 300 സുദൃഢവും ശക്തവുമായ തെളിവുകൾകൊണ്ട് അതിനെ അലങ്കരിക്കുകയും ചെയ്തു. ആരെങ്കിലും ഇതിലെ തെളിവുകളെ ഖണ്ഡിച്ചുകാണിച്ചാൽ, പകുതി കാണിച്ചാലും വേണ്ടില്ല, അഞ്ചിലൊന്നു തെളിവുകൾ കൊണ്ടുവന്നാലും വേണ്ടില്ല അയാൾക്ക് 10000 രൂപ ഇനാം നലകുന്നതായിരിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് വെല്ലുവിളിച്ചത്.

ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചുവന്നതോടെ മുസ്‌ലിമീങ്ങൾ സന്തോഷിക്കാൻ തുടങ്ങി. ഇസ്‌ലാമിന്റെ ശത്രുക്കളെ ഗാംഭീര്യത്തോടെ പ്രതിരോധിക്കുന്ന ഒരു ഫൈൽവാൻ ജന്മം കൊണ്ടിരിക്കുന്നതിൽ അവർ അല്ലാഹുവിന് നന്ദി പറഞ്ഞു. യാഥാർഥ്യമെന്താണെന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്ﷺ ഇസ്‌ലാമിന്നെതിരിൽ ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങളെ പ്രതിരോധിക്കുക മാത്രമല്ല ചെയ്തിരുന്നത്, പ്രത്യുത ഇസ്‌ലാം സത്യമാണെന്നതിനുള്ള അഖണ്ഡിതമായ തെളിവുകളെടുത്ത് ശത്രുക്കളുടെമേൽ എത്രമാത്രം ശക്തമായ ആക്രമണം നടത്തിയെന്നാൽ എതിരാളികൾ അബോധാവസ്ഥയിലായിപ്പോയി. വിദ്യാസമ്പന്നരായ മുസ്‌ലിം വീടുകളിൽ ബറാഹീനെ അഹ്മദിയ്യാ അത്യാവശ്യമാണെന്ന് കരുതാൻ തുടങ്ങി. ഉലമാ അതിന് ഗംഭീരിയമായ റിവ്യു എഴുതി.

അഹ്‌ലെ ഹദീഥ് കക്ഷിക്കാരുടെ പ്രസിദ്ധ നേതാവും പിൽക്കാലത്തെ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ കുപ്രസിദ്ധ ശത്രുവുമായിരുന്ന മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബ് ബട്ടാലവി എഴുതി:“കഴിഞ്ഞ 1400 വർഷത്തിന്നിടയിൽ ഇതിനു തുല്യമായ ഗ്രന്ഥം രചിക്കപ്പെട്ടിട്ടില്ല. ശക്തമായ നിലയിൽ അന്യമതക്കാരോടു പോരാട്ടം കാണപ്പെടുന്ന ഇങ്ങനെയൊരു ഗ്രന്ഥമുണ്ടെങ്കിൽ അത് നമുക്കൊന്നു കാണിച്ചു തരിക.”

ലുധിയാനയിലെ സൂഫീവര്യനായ അഹ്മദ് ജാൻസാഹിബും ശക്തമായ അവലോകനം നടത്തി. അദ്ദേഹം തന്റെ ഒരു കവിതയിലെഴുതി:

**ഹം മരീളോം കി ഹെ തും ഹീ പെ നള്‌ർ**

**തും മസീഹാ ബനോ ഖുദാ കേലിയേ**

രോഗികളായ ഞങ്ങളുടെ ദൃഷ്ടി അങ്ങയിൽ മാത്രമാണ്. അങ്ങ് അല്ലാഹുവിനുവേണ്ടി മസീഹ് ആയാലും.

ബറാഹീനെ അഹ്മദിയ്യായുടെ സവിശേഷതയ്ക്കും അതിന്റെ ശ്രേഷ്ഠതയ്ക്കും അതിനുള്ള മറുപടിക്കുംവേണ്ടി 10000 രൂപ ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള വെല്ലുവിളിയെ സംബന്ധിച്ച ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ കുറച്ചു നിർദേശങ്ങൾ താഴെ കൊടുക്കുകയാണ്:

### 10000 രൂപ ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള വെല്ലുവിളി:

“അല്ലാഹു ഈയുള്ളവനെ ഇക്കാലഘട്ടത്തിൽ സൃഷ്ടിക്കുകയും നൂറുക്കണക്കിന് ദിവ്യദൃഷ്ടാന്തവും അമാനുഷികതയും ഈശ്വരീയ ജ്ഞാനവും നല്കിക്കൊണ്ട് ശതക്കണക്കിന് ബുദ്ധിപരവും ഖണ്ഡിതവുമായ തെളിവുകൾ പ്രദാനം ചെയ്ത് തീരുമാനിച്ചിട്ടുള്ളത്, വിശുദ്ധ ഖുർആനിന്റെ യഥാർഥമായ അധ്യാപനങ്ങളെ എല്ലാ ജനതയിലും രാജ്യത്തും നടപ്പിൽ വരുത്തി ന്യായപൂർത്തി വരുത്തുക എന്നതാണ്. ഈ തീരുമാനം കാരണത്താൽ ഉദാരനായ ദൈവം ഈയുള്ളവന് അതിനുള്ള തൗഫീഖ് നല്കിയിരിക്കുന്നു. അതിനാൽ ഇത്മാമൻ ലിൽഹുജ്ജ 10000 രൂപ ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം ഈ ഗ്രന്ഥത്തോടൊപ്പം ചേർത്തിരിക്കുന്നു. ശത്രുക്കളുടേയും എതിരാളികളുടേയും സാക്ഷ്യംകൊണ്ട് ദൈവികാടയാളം സമർപ്പിക്കപ്പെട്ടിരിക്കുന്നു. അതിനെ എതിർക്കാനും നേരിടാനും എല്ലാ എതിരാളികളേയും സംബോധന ചെയ്തിരിക്കുകയാണ്; ന്യായപൂർത്തീകരണത്തിന്റെ ഒരുപഴുതും ഒഴിഞ്ഞുപോകാതിരിക്കാൻ.’ *(ബറാഹീനെ അഹ്മദിയ്യാ, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 596, അടിക്കുറിപ്പ്)*

### ഈ ഗ്രന്ഥം സത്യനിഷേധകളുടെ ജീവിതം കയ്പുള്ളതാക്കിത്തീർക്കുന്നു

ഈ ഗ്രന്ഥത്തിന്റെ സവിശേഷത എന്നു പറയുന്നത് ഇതിൽ ശത്രുക്കളുടെ അനുചിതമായ ഒഴികഴിവുകളെല്ലാം അകറ്റുന്നതിനും തന്റെ ന്യായ പൂർത്തീകരണം അവരിൽ പൂർത്തിയാക്കുന്നതിനും നല്ലവണ്ണം ഏർപാടു ചെയ്യപ്പെട്ടിരിക്കുന്നവെന്നതാണ്. അതായത് ഇതിനോടൊപ്പം സത്യനിഷേധികൾ ഒരു വിധ ഒഴികഴിവും തന്ത്രവും പറഞ്ഞ് പിന്മാറിപോകാതിരിക്കാൻ 10000 രൂപ ഇനാം പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ വിജ്ഞാപനം എത്രമാത്രം ഭാരമാണ് ഇട്ടിരിക്കുന്നതെന്നാൽ അതിൽനിന്ന് പിന്മാറുക എന്നത് ഖിയാമത്തുന്നാൾവരെ അവർക്ക് സാധ്യമല്ല. എന്നുമാത്രമല്ല ഇത് അവരുടെ നിഷേധാത്മകമായ ജീവിതത്തെ എത്രമാത്രം കയ്പുള്ളതാക്കിയെന്നാൽ അവരുടെ മനസ്സ് അത് അറിയുന്നുണ്ടാകും! ചുരുക്കത്തിൽ ഈ ഗ്രന്ഥം അങ്ങേയറ്റം ആവശ്യവും സത്യന്വേഷകർക്ക് അനുഗ്രഹവുമാണ്. ഇതുമുഖേന യഥാർഥ ഇസ്‌ലാമിന്റെ യാഥാർഥ്യം സൂര്യനുതുല്യം വ്യക്തമാകുകയും തിളക്കമാർന്നതാകുകയും ചെയ്തിരിക്കുന്നു. ആ പരിശുദ്ധ ഗ്രന്ഥത്തിന്റെ തേജോവിലാസവും ഗാംഭീര്യവും തുറക്കപ്പെട്ടിരിക്കുന്നു. അതിനോടൊപ്പം ഇസ്‌ലാമിന്റെ സത്യസാക്ഷ്യത്തിന്റെ ആദരവും മഹത്ത്വവും ബന്ധിക്കപ്പെട്ടിരിക്കുന്നു.’*(ബറാഹീനെ അഹ്മദിയ്യാ, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 9, അടിക്കുറിപ്പ്)*

### ഇസ്‌ലാമിന്റേയും ഇസ്‌ലാം മതസ്ഥാപകരുടേയും വിശുദ്ധ ഖുർആനിന്റേയും സത്യസാക്ഷ്യം വെളിപ്പെട്ടു.

“ഈ ഗ്രന്ഥം രചിച്ചതിന്റെ ഉദ്ദേശ്യം... സത്യമതമായ ഇസ്‌ലാമിന്റെ സത്യസന്ധതയ്ക്കുള്ള തെളിവുകളും വിശുദ്ധഖുർആനിന്റെ യാഥാർഥ്യത്തിനുള്ള പ്രമാണങ്ങളും ഹദ്റത്ത് ഖാത്തമുൽ അമ്പിയാﷺയായുടെ പ്രവാചകത്വത്തിന്റെ സത്യത്തിന്റെ കാരണങ്ങളും എല്ലാവരിലും വ്യക്തമായി വെളിപ്പെടുത്തുക എന്നതായിരുന്നു. ഇപ്രകാരംതന്നെ ഈ കെട്ടുറപ്പുള്ള ദീനിനേയും പരിശുദ്ധ ഗ്രന്ഥത്തേയും വൃതദാസനായ നബിﷺതിരുമേനിയേയും നിഷേധിക്കുന്നവർക്ക്, തികവുറ്റതും ബുദ്ധിപരമായിട്ടുള്ളതുമായ മാർഗം മുഖേന ഭാവിയിലൊരിക്കലും ഇസ്‌ലാമിന്നെതിരിൽ ശബ്ദമുയർത്താൻ പറ്റാത്തവിധം അവർക്ക് വായടപ്പൻ മറുപടി നല്കുകയുംവേണം എന്നതാകുന്നു.” *(ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 23, അടിക്കുറിപ്പ്)*

### നിരർഥമായ മതങ്ങൾ അറുത്തിടപ്പെട്ടു; ഇനി ഒരിക്കലും ജീവിക്കുകയില്ല

‘ശക്തമായ 300 തെളിവുദ്ധരിച്ച് രചിക്കപ്പെട്ടിട്ടുള്ള ബറാഹീനെ അഹ്മദിയ്യ എന്ന ഗ്രന്ഥം എതിരാളികളുടെ എല്ലാ ഓരോ നിരർഥമായ വിശ്വാസാദർശങ്ങളേയും, അറുത്തിടപ്പെട്ടതുപോലെ ഒരിക്കലും ജീവിക്കാൻ പറ്റാത്തവിധം വേരോടെ പിഴുതെടുക്കപ്പെട്ടിരിക്കുകയാണ്.’*(ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 134, അടിക്കുറിപ്പ്)*

### ലോകാവസാനംവരെ ഇതിന് മറുപടി നല്കാൻ സാധ്യമല്ല

“ഈ ഗ്രന്ഥം സത്യാന്വേഷകർക്ക് ഒരു സുവാർത്തയും ഇസ്‌ലാമിനെ നിഷേധിക്കുന്നവർക്ക് ദൈവികമായ ഒരു ന്യായപൂർത്തീകരണവുമാണ്. ഇതിന്റെ മറുപടി ലോകാവസാനംവരെ നല്കാൻ അവർക്ക് അവർക്ക് സാധ്യമല്ല. ഇക്കാരണത്താലാണ് ഇതിനോടൊപ്പം 10000 രൂപയുടെ ഒരു സമ്മാനവിജ്ഞാപനവും ചേർക്കപ്പെട്ടിരിക്കുന്നത്; ഇസ്‌ലാമിന്റെ യാഥാർഥ്യത്തെ നിഷേധിക്കുന്നവരുടേയും ശത്രുക്കളുടേയുമ്മേൽ ന്യായപൂർത്തീകരണം ഉണ്ടാകുന്നതിനും അവരുടെ നിരർഥ ചിന്താഗതികളുടേയും വ്യാജമായ വിശ്വാസങ്ങളുടേയുമ്മേൽ ഊറ്റവും അഹങ്കാരവും കൊള്ളാതിരിക്കുന്നതിനുംവേണ്ടി.’ *(ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 83, അടിക്കുറിപ്പ്)*

### ഈ ഗ്രന്ഥം ഇസ്‌ലാമിന് മഹത്തായ വിജയമാണ്

‘ദീനിന്റെ അജ്ഞതകൊണ്ട് പരന്നിട്ടുള്ള കുഴപ്പങ്ങളുടെ പരിഷ്കരണ പ്രചാരണം ദീനിന്റെ അറിവുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. അതിനാൽ ഈ ഉദ്ദേശ്യം സമ്പൂർണമായും പൂർത്തീകരിക്കുന്നതിനുവേണ്ടി ഞാൻ ‘ബറാഹീനെ അഹ്മദിയ്യ’എഴുതിയിരിക്കുന്നു. ഈ ഗ്രന്ഥത്തിൽ എത്രമാത്രം ശക്തിയോടെയാണ് ഇസ്‌ലാമിന്റെ സത്യത്തിനുള്ള തെളിവുകൾ കാണിക്കപ്പെട്ടിരിക്കുന്നതെന്നാൽ അതുമുഖേന എന്നെന്നേക്കുമായി വാദവിവാദത്തിന്റെ അന്ത്യം മഹത്തായ വിജയത്തോടുകൂടി നടക്കുന്നതായിരിക്കും.’(ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 269, അടിക്കുറിപ്പ്)

### ഈ ഗ്രന്ഥത്തെ നേരിടുന്നതിന് പുറപ്പെടാൻ എല്ലാ ആളുകളോടും അഭ്യർഥിക്കുകയാണ്

‘ഈ ഗ്രന്ഥത്തെ നേരിടുന്നതിന് പുറപ്പെട്ടുവരാൻ അല്പംപോലും അമാന്തിക്കരുതെന്ന് എല്ലാവരോടും അഭ്യർഥിക്കുകയാണ്. പ്ലാറ്റോ ആകുക, ബേക്കന്റെ അവതാര പ്രവാഹമായ അരിസ്റ്റോട്ടിലിന്റെ നിരീക്ഷണവും ചിന്തയും കൊണ്ടുവരിക. നിങ്ങളുടെ കൃത്രിമ ദൈവങ്ങളുടെമുമ്പിൽ സഹായത്തിന് കൈകൂപ്പുക എന്നിട്ട് നോക്കുക, നമ്മുടെ ദൈവമാണോ അതല്ല നിങ്ങളുടെ വ്യർഥമായ

ശേഷം പേജ് 16 ൽ

# ഖുത്വ്ബ ജുമുഅ

**മുഹമ്മദേ!(സല്ലല്ലാഹു അലയ്ഹിവസല്ലം). ഞാൻ ജനങ്ങളെ ഭയപ്പെട്ടിരുന്നില്ല. പക്ഷേ, താങ്കളെ കണ്ടപ്പോൾ എന്റെ ബുദ്ധി പരിഭ്രമിച്ചുപോയി. എന്റെ മനസ്സ് ദുർബലമായി. പിന്നീടാണ് ഞാനെടുത്ത തീരുമാനത്തെ കുറിച്ച് എനിക്ക് ബോധം വന്നത്. ഇതിനു വേണ്ടി ഒരുപാടാളുകൾ ശ്രമിച്ചതാണ്, പക്ഷേ, ആർക്കും വിജയിക്കാൻ കഴിഞ്ഞില്ല. താങ്കൾക്ക് സംരക്ഷണം നൽകപ്പെട്ടുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തീർച്ചയായും അങ്ങ് സത്യത്തിലാകുന്നു. (ആക്രമിക്കാൻ വന്ന ഒരാളുടെ കുറ്റസമ്മതം)**

**നബിﷺതിരുമേനി, അംറ് ബിൻ ഉമയ്യയെയും സലമ ബിൻ അസ്‌ലമിനെയും അബൂ സുഫ്‌യാൻ ബിൻ ഹർബിന്റെ അടുക്കൽ അയച്ചു. അവരോടു പറഞ്ഞു: "നിങ്ങളിരുവരും അയാൾ അശ്രദ്ധനായിരിക്കുമ്പോൾ അയാളെ കൊന്നു കളയണം."**

**ഉസയ്ർ ബിൻ രിസാമിലേക്കുള്ള അബ്ദുല്ലാഹ് ബിൻ റവാഹയുടെ സരിയഃത്തിന്റേയും അംറ് ബിൻ ഉമയ്യ ളംരിയുടെ സരിയത്തിന്റേയും പശ്ചാത്തലത്തിൽ നബിചര്യയുടെ വിവരണം.**

**സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ റബ്‌വ നാളിർ ദീവാൻ ശെയ്ഖ് മുബാറക് അഹ്മദ് സാഹിബ്, ശാമിലെ മുഹമ്മദ് മുനീർ ഇദൽബി സാഹിബ്, ഇൻചാർജ് കമ്പ്യൂട്ടർ സെക്ഷൻ വഖ്ഫെ ജദീദ് റബ്‌വ അബ്ദുൽബാരി ത്വാരിഖ് സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ 2025 ജനുവരി 17, 1404 സ്വുൽഹ് 17, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്നു വിവരിക്കുന്ന സരിയഃ അഥവാ നബിﷺതിരുമേനി നേരിട്ട് പങ്കെടുക്കാത്ത യുദ്ധം ഒന്ന് സരിയഃ അബ്ദുല്ലാഹ് ബിൻ റവാഹ ആകുന്നു. ഇതു ഖയ്ബറിൽ ഉസയ്ർ ബിൻ രിസാമിന്റെ അടുത്തേക്കാണ് നിയോഗിക്കപ്പെട്ടത്. അതിനെ സംബന്ധിച്ചാണ് ആദ്യം പറയുന്നത്. അബ്ദുല്ലാഹ് ബിൻ റവാഹرضی اللہ عنہയുടെ ഈ സൈനിക നടപടി ഹിജറ ആറാം വർഷം ശവ്വാൽ മാസത്തിലായിരുന്നു നടന്നത്. ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: അബൂറാഫിയ് സല്ലാം ബിൻ ഹുഖയ്ഖ് കൊല്ലപ്പെട്ടപ്പോൾ യഹൂദികൾ ഉസയ്ർ ബിൻ രിസാമിനെ തങ്ങളുടെ നേതാവായി നിശ്ചയിച്ചു. അയാൾ യഹൂദികൾക്കിടയിൽ പ്രഭാഷണം നടത്തി പറഞ്ഞു:ദൈവമാണെ സത്യം! മുഹമ്മദ്ﷺയഹൂദികളിൽ ആരുടെയെങ്കിലും അടുത്ത് പുറപ്പെടുകയോ അല്ലെങ്കിൽ തന്റെ കൂട്ടുകാരിൽ ആരെയെങ്കിലും അയക്കുകയോ ചെയ്യുമ്പോൾ അദ്ദേഹം ഉദ്ദേശിച്ച വിധത്തിൽ വിജയം നേടുന്നു. പക്ഷേ, ഞാനെന്റെ കൂട്ടുകാരാരും ചെയ്യാത്ത ഒരു കർമം ചെയ്യുന്നതായിരിക്കും. യഹൂദികൾ ചോദിച്ചു: എന്ത് ചെയ്യാനാണ് നീ ഉദ്ദേശിക്കുന്നത്? ഉസയ്ർ ബിൻ രിസാം പറഞ്ഞു: ഞാൻ ഗത്ഫാൻ ഗോത്രത്തിൽപോയി അവരെ എല്ലാവരെയും ഒരുമിച്ചുകൂട്ടും. പിന്നെ മുഹമ്മദിന്റെ അടുത്ത് പോകുന്നതാണ്. അങ്ങനെ അദ്ദേഹത്തിന്റെ വീട്ടിൽ തള്ളിക്കയറും. തങ്ങളുടെ ശത്രുക്കളുടെ വീട്ടിൽ ഇങ്ങനെ ഇരച്ചു കയറുമ്പോൾ തീർച്ചയായും അവർക്ക് തങ്ങളുടെ ഉദ്ദേശ്യത്തിൽ വിജയം കിട്ടാറുണ്ട്. അപ്പോൾ യഹൂദികൾ പറഞ്ഞു: നിങ്ങളുടെ ചിന്താഗതി വളരെ നല്ലതാണ്. അങ്ങനെ അയാൾ ഗത്ഫാന്റെയും മറ്റു ഗോത്രങ്ങളുടെയും അടുത്ത് പോയി, അവരെ നബിﷺതിരുമേനിക്കെതിരിൽ യുദ്ധം ചെയ്യുന്നതിന് ഒരുമിച്ചുകൂട്ടാൻ തുടങ്ങി. ഈ വാർത്ത നബിﷺതിരുമേനിക്ക് കിട്ടിയപ്പോൾ അവിടന്ന് ഈ വാർത്തയുടെ യാഥാർഥ്യം വ്യക്തമായി മനസ്സിലാക്കുന്നതിന് അബ്ദുല്ലാഹ് ബിൻ റവാഹرضی اللہ عنہയെ മറ്റു മൂന്നു പേരോടൊപ്പം രഹസ്യമായി റമളാൻ മാസത്തിൽ പറഞ്ഞയച്ചു. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 6, പേജ് 111 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഇതിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബ് എം.എرضی اللہ عنہ എഴുതുന്നു: നബിﷺതിരുമേനിക്ക് ഈ അവസ്ഥകളെ സംബന്ധിച്ച് അറിയിപ്പു ലഭിച്ചപ്പോൾ അവിടന്ന് ഉടൻതന്നെ തന്റെ ഒരു അൻസ്വാരി സ്വഹാബിയായ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹرضی اللہ عنہയെ മറ്റുമൂന്ന് സ്വഹാബത്തിനോടൊപ്പം ഖയ്ബറിൽ പറഞ്ഞയച്ചു. അവരെ താക്കീതുചെയ്ത് പറഞ്ഞു: നിങ്ങൾ രഹസ്യമായി പോയി എല്ലാ കാര്യങ്ങളും മനസ്സിലാക്കി വേഗം തിരിച്ചു വരിക. അങ്ങനെ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹرضی اللہ عنہയും അദ്ദേഹത്തിന്റെ കൂട്ടുകാരുംപോയി വളരെ രഹസ്യമായി എല്ലാ അവസ്ഥകളെയും സംബന്ധിച്ച് മനസ്സിലാക്കി. തങ്ങൾക്കു കിട്ടിയ വാർത്തകളെല്ലാം ശരിയാണെന്ന് ഉറപ്പുവരുത്തുകയും ചെയ്ത് തിരിച്ചു വന്നു. ഇക്കാര്യത്തിൽ അബ്ദുല്ലാഹ് ബിൻ റവാഹയും അദ്ദേഹത്തിന്റെ കൂട്ടുകാരും എത്രമാത്രം ജാഗ്രത പുലർത്തിയെന്നാൽ ഖയ്ബറിന്റെ കോട്ടകൾക്കു ചുറ്റും കറങ്ങി ഉസയ്ർ ബിൻ രിസാമിന്റെ സദസ്സിന്നടുത്തുവരെ എത്തുകയും അങ്ങനെ ഉസയ്റിന്റെയും അയാളുടെ കൂട്ടുകാരുടെയും സംസാരങ്ങൾ നേരിട്ടു കേൾക്കുകയും അത് നബിﷺതിരുമേനിക്കെതിരുള്ള ഗൂഢാലോചനയാണെന്ന് മനസ്സിലാക്കുകയും ചെയ്തു. ഈ ദിവസങ്ങളിൽ ഒരു അമുസ്ലിം വ്യക്തി ഖാരിജ ബിൻ ഹുസയ്ൽ യാദൃച്ഛികമായി ഖയ്ബറിൽനിന്ന് മദീനയിൽ വന്നിരുന്നു. അയാൾ അബ്ദുല്ലാഹ് ബിൻ റവാഹയെ സാക്ഷ്യപ്പെടുത്തി പറഞ്ഞു: 'ഞാൻ വരുമ്പോൾ ഉസയ്ർ മദീനയിൽ ആക്രമണം നടത്തുന്നതിനുവേണ്ടി തന്റെ സൈന്യങ്ങളെ സംഘടിപ്പിക്കുകയായിരുന്നു.'

ഈ സാക്ഷ്യപ്പെടുത്തലിനുശേഷം നബിﷺതിരുമേനി അബ്ദുല്ലാഹ് ബിൻ റവാഹرضی اللہ عنہയുടെ നേതൃത്വത്തിൽ മുപ്പത് സ്വഹാബാക്കൾ അടങ്ങിയ ഒരു സംഘത്തെ ഖയ്ബറിൽ അയച്ചു. പക്ഷേ, നബിﷺതിരുമേനി ഈ സംഘത്തിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയതെന്ന് നിവേദനങ്ങളിൽനിന്ന് വ്യക്തമാകുന്നില്ല. എങ്കിലും ഖയ്ബറിൽ അബ്ദുല്ലാഹ് ബിൻ റവാഹرضی اللہ عنہയും ഉസയ്ർ ബിൻ രിസാമും തമ്മിലുണ്ടായ സംസാരങ്ങളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്, നബിﷺതിരുമേനിയുടെ ഉദ്ദേശ്യം ഉസയ്റിനെ മദീനയിൽ വിളിപ്പിച്ച് അയാളുമായി എന്തെങ്കിലും ഒരു ധാരണയിലെത്തണമെന്നും അങ്ങനെ ഈ ഫിത്നയുടെ ശൃംഖലതന്നെ അവസാനിപ്പിക്കണമെന്നും രാജ്യത്ത് സമാധാനമുണ്ടാകണമെന്നുമായിരുന്നു. ഈ ആഗ്രഹത്തിൽ നബിﷺതിരുമേനി വേണ്ടിവന്നാൽ അതായത് അയാൾ മേലിൽ മുസ്‌ലിമീങ്ങൾക്കെതിരെ തന്റെ ഫിത്നകളിൽനിന്ന് പിന്മാറുമെന്ന നിബന്ധനയിൽ ഉസയ്റിനെ ഖയ്ബർ പ്രദേശത്തിന്റെ അമീറായി അംഗീകരിക്കുന്നതിനും തയ്യാറായിരുന്നു.

അങ്ങനെ അബ്ദുല്ലാഹ് ബിൻ റവാഹرضی اللہ عنہയുടെ സംഘം ഖയ്ബറിലെത്തി. അവർ രിസാമിന്റെ അടുത്ത് സംസാരത്തിനുപോകുന്നതിനുമുമ്പേ ഏറ്റവുമാദ്യം സംരക്ഷണം ആവശ്യപ്പെട്ടു. ഇതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത് ആ സമയത്ത് ഭയം അവർക്ക് ഒരുപാടു വർധിച്ചിരുന്നുവെന്നാണ്. ഈ സംസാരത്തിനിടയിൽ ഉസയ്റിന്റെ ഭാഗത്തുനിന്നെന്തെങ്കിലും രീതിയിലുള്ള ചതി ഉണ്ടാകുമോ എന്ന്

മുസ്‌ലിമീങ്ങൾ ഭയപ്പെട്ടിരുന്നു. എന്നാൽ, ചതിക്കുകയില്ലെന്ന് താൻ കരാർ ചെയ്യുന്നുവെന്ന് ഉസയ്ർ ഉറപ്പു നൽകി. അതിനോടൊപ്പം തന്റെ ജാള്യത മറച്ചുവെക്കുന്നതിന് ഇത്തരത്തിലുള്ള ഒരു കരാർ അതായത് തങ്ങളുടെ ഭാഗത്തുനിന്ന് ഒരു തരത്തിലുള്ള നഷ്ടവും വരുത്തുന്നതല്ലെന്ന രീതിയിൽ ഒരു പ്രതിജ്ഞ അബ്ദുല്ലാഹ് ബിൻ റവാഹയെ കൊണ്ടും ചെയ്യിച്ചിരുന്നു. എന്നാൽ, ഇക്കാര്യത്തിൽ അബ്ദുല്ലാഹ് ബിൻ റവാഹ ﵁ മുൻകൈയെടുത്തതിൽനിന്ന് വ്യക്തമാകുന്നത് യഥാർഥ ആശങ്ക മറുഭാഗത്ത് നിന്നായിരുന്നുവെന്നാണ്. ഏതായിരുന്നാലും ഈ പരസ്പരമുള്ള ധാരണയ്ക്കുശേഷം ഉസയ്റിനോട് സംസാരം തുടങ്ങി. അതിന്റെ ചുരുക്കമെന്തായിരുന്നുവെന്നാൽ, നബി ﷺ തിരുമേനി നിങ്ങളുമായി സമാധാന ഉടമ്പടി ആഗ്രഹിക്കുന്നുണ്ട്. അങ്ങനെ പരസ്പരമുള്ള യുദ്ധങ്ങൾ അവസാനിക്കണം. അതിന് ഏറ്റവും നല്ല മാർഗമെന്തെന്നാൽ നിങ്ങൾ സ്വയം മദീനയിൽവന്ന് നബി ﷺ തിരുമേനിയോടു സംസാരിക്കേണ്ടതാണ്. നിങ്ങൾ ഇത്തരത്തിലുള്ള ഒരു ഉടമ്പടി നബി ﷺ തിരുമേനിയുമായി ചെയ്യുകയാണെങ്കിൽ ആ മഹാത്മാവ് നിങ്ങളുമായി ഔദാര്യത്തോടെ വർത്തിക്കാനും ഒരുപക്ഷേ, നിങ്ങളെ ഖയ്ബറിന്റെ തലവനായി അംഗീകരിക്കാനും സാധ്യതയുണ്ട്. ഉസയ്ർ നേരത്തെതന്നെ സ്ഥനമാനങ്ങൾ മോഹിക്കുന്ന ആളായിരുന്നു, ഇനി മനസ്സിൽ മറ്റെന്തെങ്കിലും ഉദ്ദേശ്യമായിരുന്നെങ്കിൽപ്പോലും അയാൾക്ക് ഈ അഭിപ്രായം ഇഷ്ടപ്പെട്ടു. അതല്ലെങ്കിൽ തനിക്ക് ഈ അഭിപ്രായം ഇഷ്ടപ്പെട്ടുവെന്ന് പ്രകടിപ്പിച്ചു. അതോടൊപ്പം ഖയ്ബറിലെ യഹൂദി മൂപ്പന്മാരെ വിളിച്ചുകൂട്ടി അവരുമായി മുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്നുണ്ടായ ഈ അഭിപ്രായത്തെക്കുറിച്ച് കൂടിയാലോചന നടത്തി. യഹൂദികൾ മുസ്‌ലിമീങ്ങളുമായുള്ള ശത്രുതയിൽ അന്ധരായിക്കൊണ്ടിരിക്കുകയായിരുന്നു, പൊതുവേ ഈ അഭിപ്രായത്തോടും അവർ എതിർപ്പു പ്രകടിപ്പിച്ചുകൊണ്ട് ഉസയ്റിനോട് ഈ ഉദ്ദേശ്യത്തിൽനിന്ന് പിൻമാറാൻ പറഞ്ഞു: മുഹമ്മദ് ﷺ നിങ്ങളെ ഖയ്ബറിന്റെ തലവനായി അംഗീകരിക്കുമെന്ന് ഞങ്ങൾക്ക് തോന്നുന്നില്ല. പക്ഷേ, ഉസയ്ർ കാര്യങ്ങളെക്കുറിച്ച് കൂടുതൽ അറിവുള്ള ആളായിരുന്നതുകൊണ്ടുതന്നെ തന്റെ കാര്യത്തിൽ ഉറച്ചു നിൽക്കുകയും മുഹമ്മദ് ﷺ ഈ യുദ്ധങ്ങളെക്കൊണ്ട് ഒരുപാട് അസ്വസ്ഥനാണെന്നും എങ്ങനെയെങ്കിലും ഈ യുദ്ധങ്ങളുടെ പരമ്പര അവസാനിക്കണമെന്ന് മനസ്സാ ആഗ്രഹിക്കുന്ന വ്യക്തിയാണെന്നും അത് നിങ്ങൾക്ക് അറിയില്ലെന്നും അവരോടു പറഞ്ഞു.

ചുരുക്കത്തിൽ ഉസയ്ർ ബിൻ രിസാം, അബ്ദുല്ലാഹ് ബിൻ റവാഹ ﵁ യുടെ സംഘത്തോടൊപ്പം മദീനയിലേക്ക് പുറപ്പെടാൻ തയ്യാറായി. അബ്ദുല്ലായെപ്പോലെ അയാളും തന്നോടൊപ്പം 30 പേരേയും കൂട്ടിയാണ് വന്നത്. അങ്ങനെ ഇരുകൂട്ടരും ഖയ്ബറിൽനിന്ന് പുറപ്പെട്ട് ഖർഖറ എന്ന സ്ഥലത്തെത്തി. അത് ഖയ്ബറിൽനിന്ന് 6 മൈൽ ദൂരെയുള്ള സ്ഥലമാണ്. ഇവിടെയെത്തിയപ്പോൾ ഉസയ്റിന്റെ മനസ്സു മാറി അല്ലെങ്കിൽ അയാളുടെ മനസ്സിൽ നേരത്തെതന്നെ ദുരുദ്ദേശ്യമുണ്ടായിരുന്നു. അത് സമയമെത്തിയപ്പോൾ വെളിപ്പെട്ടു എന്നാണ് മനസ്സിലാകുന്നത്. ഏതായിരുന്നാലും അയാൾ സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ വളരെ തന്ത്രപൂർവ്വം മുസ്‌ലിമീങ്ങളുടെ സംഘത്തിൽപ്പെട്ട ഒരു പ്രമുഖാംഗമായ അതായത് അബ്ദുല്ലാഹ് ബിൻ ഉനയ്സ് അൻസ്വാരിയുടെ നേർക്ക് തന്റെ വാളുയർത്തി. ആ ദുർഭഗന്റെ നിലപാടു മാറിയെന്ന് അബ്ദുല്ല ഉടൻതന്നെ തിരിച്ചറിഞ്ഞു. അദ്ദേഹം തന്റെ ഒട്ടകത്തെ വേഗത്തിൽ തെളിച്ചുകൊണ്ട് ഉസയ്റിന്റെ നേരെ തിരിഞ്ഞുനിന്ന് പറഞ്ഞു: “അല്ലയോ അല്ലാഹുവിന്റെ ശത്രു! നീ ഞങ്ങളോടു വഞ്ചന കാണിക്കാൻ ഉദ്ദേശിക്കുകയാണോ? അബ്ദുല്ലാഹ് ബിൻ ഉനയ്സ് രണ്ടു തവണ ഈ വാചകങ്ങൾ ആവർത്തിച്ചു. പക്ഷേ, ഉസയ്ർ മറുപടിയൊന്നും നൽകിയില്ല. തന്റെ നിരപരാധിത്വവും പറഞ്ഞില്ല. പ്രത്യുത അയാൾ മുന്നിൽനിന്ന് യുദ്ധം ചെയ്യാൻ തയ്യാറാവുകയായിരുന്നു. ഒരുപക്ഷേ, ഇത് യഹൂദികൾ നേരത്തെ തയ്യാറാക്കിവച്ച സൂചനയനുസരിച്ച് അതായത് സന്ദർഭം കിട്ടിയാൽ എല്ലാവരും മുസ്‌ലിമീങ്ങൾക്കുമേൽ ആക്രമണം നടത്തണമെന്ന് തീരുമാനിച്ചതായിരിക്കും. അങ്ങനെ ഈ സ്ഥലത്ത്, വഴിയിൽവച്ചുതന്നെ മുസ്‌ലിമീങ്ങളും യഹൂദികളും തമ്മിൽ യുദ്ധം ആരംഭിച്ചു. ഇരുസംഘവും എണ്ണത്തിൽ തുല്യരായിരുന്നു. യഹൂദികൾ നേരത്തെതന്നെ മാനസികമായി തയ്യാറെടുപ്പിലായിരുന്നു. മുസ്‌ലിമീങ്ങൾക്ക് അങ്ങനെ ഒരു ഉദ്ദേശ്യവുമില്ലായിരുന്നു, യുദ്ധം ചെയ്യണമെന്ന് അവർ ഉദ്ദേശിച്ചിട്ടുണ്ടായിരുന്നില്ല. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹം നോക്കുക, ചില മുസ്‌ലിമീങ്ങൾക്ക് പരിക്കേറ്റെങ്കിലും അവരിലാർക്കും ജീവനഷ്ടമുണ്ടായില്ല. പക്ഷേ, മറുഭാഗത്ത് എല്ലാ യഹൂദികളും അവരുടെ വഞ്ചനയുടെ തിക്തഫലം രുചിച്ചുകൊണ്ട് മണ്ണിൽ അമർന്നു. അങ്ങനെ സ്വഹാബാക്കളുടെ സംഘം മദീനയിൽ തിരിച്ചെത്തി. നബി ﷺ തിരുമേനിയോട് കാര്യങ്ങളെ കുറിച്ചെല്ലാം പറഞ്ഞു. മുസ്‌ലിമീങ്ങൾ സ്വസ്ഥമായി തിരിച്ചെത്തിയതിൽ അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് നബി ﷺ തിരുമേനി പറഞ്ഞു: ഖദ് നജ്ജാക്കുമുല്ലാഹു മിനൽഖൗമില്ലാലിമീൻ അതായത് അക്രമികളായ സംഘത്തിൽനിന്ന് നിങ്ങളെ മോചിപ്പിച്ച അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും. അബ്ദുല്ലാഹിബ്നു റവാഹ ﵁ യുടെ സംഘം ഉസയ്റിനെയും മറ്റും വഴിയിൽവച്ച് തക്കംപാർത്തു കൊല്ലുണമെന്നുദ്ദേശ്യത്തോടുകൂടിയാണ് കൊണ്ടുവന്നതെന്ന് ക്രിസ്തീയ ചരിത്രകാരന്മാർ ഈ സംഭവത്തെ പറ്റി ആക്ഷേപമുന്നയിക്കാറുണ്ട്. പക്ഷേ, ഈ ആക്ഷേപത്തിന് പാശ്ചാത്യരുടെ ലജ്ജാഹീനമായ പ്രകടനങ്ങളിൽ കവിഞ്ഞ് ഒരു അടിസ്ഥാനവുമില്ല. ഇസ്‌ലാമിനുമേൽ ആക്ഷേപമുന്നയിക്കുന്നവർ മനസ്സിൽ തോന്നിയതെല്ലാം വിളിച്ചു പറയുന്നു. നേരത്തെ പറഞ്ഞു വന്നതുപോലെ ചരിത്രത്തിൽ മുസ്‌ലിമീങ്ങൾ ഈ ഉദ്ദേശ്യത്തോടുകൂടി അവിടെ പോയെന്നുള്ള ഒരു തെളിവും ലഭ്യമല്ല. പ്രത്യുത മറ്റെല്ലാ തെളിവുകളെയും മാറ്റിവെച്ചുകൊണ്ട് ചിന്തിക്കുകയാണെങ്കിൽ അബ്ദുല്ലാഹ് ബിൻ ഉനയ്സിന്റെ വാക്കുകൾ ശ്രദ്ധിക്കുക, അദ്ദേഹം പറഞ്ഞു: “അല്ലയോ ദൈവത്തിന്റെ ശത്രു! നീ ചതിക്കാമെന്നാണോ കരുതിയത്?” പിന്നീട് പറഞ്ഞു: “നിങ്ങളെ അക്രമികളായ സംഘത്തിൽനിന്ന് രക്ഷിച്ചതിന് അല്ലാഹുവിനാണ് സർവസ്തുതിയും!” നബി ﷺ തിരുമേനിയുടെ വാക്കുകളും ഇതെല്ലാംതന്നെ മുസ്‌ലിമീങ്ങളുടെ ഉദ്ദേശ്യം തികച്ചും വിശുദ്ധവും സമാധാനത്തിലധിഷ്ഠിതവുമായിരുന്നുവെന്നും അവിടെ സംഭവിച്ചതെല്ലാം യഹൂദികൾ തങ്ങളുടെ എപ്പോഴുമുള്ള സ്വഭാവം പോലെ മുസ്‌ലിമീങ്ങളോടു ആഗ്രഹിച്ചതുപോലെ ചെയ്ത വഞ്ചനയുടെ പരിണിതിയായിരുന്നുവെന്നും പക്ഷേ, അല്ലാഹു അവന്റെ അനുഗ്രഹത്താൽ അത് അവരിലേക്കുതന്നെ തിരിച്ചുവിടുകയാണ് ചെയ്തതെന്നും മനസ്സിലാക്കാൻ പര്യാപ്തമാകുന്നു.*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ് ﵁ എം.എ. പേജ് 739-741)* എന്തായാലും ആ സരിയ്യയുടെ അന്ത്യം ഇങ്ങനെയായിരന്നു.

ഇനിയുള്ളത് അംറ് ബിൻ ഉമയ്യ ളംരിയുടെ സരിയത്താകുന്നു. ഇത് അബൂസുഫിയാന്റെ നേർക്കാണ് പോയത്. ഇബ്നു ഹിശാം, ഇബ്നു കഥീർ, ത്വബ്രി എന്നിവരെല്ലാം ഹിജറ നാലാം വർഷത്തിന്റെ അനുബന്ധത്തിൽ റജീഅ് സംഭവത്തിനു ശേഷമാണ് ഇത് വിവരിച്ചിട്ടുള്ളത്. എന്നാൽ, ഇബ്നു സഅ്ദ് ഈ സരിയ്യ ഹിജറ ആറിൽ നടന്ന സരിയ്യയുടെ അനുബന്ധത്തിലാണ് ചേർക്കുന്നത്. സർകാനിയും ഇബ്നു സഅ്ദിന്റെ നിവേദനത്തിനു മുൻഗണന നൽകിക്കൊണ്ട് ഹിജ്റ ആറിന്റെ അനുബന്ധത്തിലാണ് ഇത് വിവരിക്കുന്നത്. *(അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം പേജ് 885, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി കഥീർ വാള്യം 3, പേജ് 135, ദാറുൽമഅ്രിഫ ബെയ്റുത്ത്)(താരീഖുത്ത്വബരി വാള്യം 2, പേജ് 79, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ത്വബഖാത്തുൽ കുബ്റ വാള്യം 2, പേജ് 71-72, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സർഖാനീ വാള്യം 3, പേജ് 166-169, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബ് എം.എ ﵁ സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഈ സരിയ്യ നടന്നത് ഹിജ്റ ആറാം വർഷത്തിലാണെന്ന് വിവരിച്ചിട്ടുണ്ട്. എഴുതുന്നു: ‘ഈ സരിയ്യയുടെ കാലഘട്ടത്തെക്കുറിച്ച് ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഇബ്നു ഹിശാമും ത്വബ്രിയും ഇത് ഹിജ്റ നാലിലാണെന്നെഴുതുന്നു. എന്നാൽ, ഇബ്നു സഅ്ദ് ഇത് ഹിജ്റ ആറിലാണെന്ന് എഴുതിയിരിക്കുന്നു. അല്ലാമാ ഖസ്തലാനീയും സർഖാനിയും ഇബ്നു സഅ്ദിന്റെ നിവേദനത്തിനു മുൻഗണന നൽകുന്നു. അദ്ദേഹം എഴുതുന്നു: “ഞാനും ഇതിനെ ഹിജ്റ ആറിലാണെന്ന് വിവരിച്ചിട്ടുണ്ട്. വല്ലാഹു അഅ്ലമു. ഇബ്നു സഅ്ദിന്റെ നിവേദനത്തിന്റെ ആശയത്തെ ബയ്ഹഖിയും പിന്തുണച്ചിട്ടുണ്ട്. പക്ഷേ, അതിൽനിന്ന് ഈ സംഭവത്തിന്റെ കാലഘട്ടം വ്യക്തമാകുന്നില്ല.” *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ് ﵁ എം.എ. പേജ് 743)*

ഈ സരിയ്യയുടെ വിശദീകരണം ഇപ്രകാരമാകുന്നു: ‘അബൂസുഫിയാൻ ഖുറയ്ശികളുടെ ഏതാനും ആളുകളോടു പറഞ്ഞു: “മുഹമ്മദ് ﷺ ചന്തയിലൂടെ നടന്നുപോകുമ്പോൾ ഓർക്കാപ്പുറത്ത് അദ്ദേഹത്തെ കൊല്ലാൻ കഴിവുള്ളവരായി നിങ്ങളിലാരുമില്ലേ? അങ്ങനെ അബൂസുഫിയാന്റെ അടുത്ത് ഒരു ഗ്രാമീണൻ

വന്നു. അയാൾ പറഞ്ഞു:എന്നെ നിങ്ങൾക്ക് ജനങ്ങൾക്കിടയിൽ ഏറ്റവും ദൃഢഹൃദയനായി കാണാൻ കഴിയുന്നതായിരിക്കും. എന്നെ പിടികൂടുക വളരെ പ്രയാസകരമാണ്. ഞാനെല്ലാവരെക്കാളും വേഗത്തിൽ ഓടുന്നവനുമാണ്. നിങ്ങളെന്നെ സഹായിക്കുകയാണെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ അടുത്തുപോകാം. അങ്ങനെ ഓർക്കാപ്പുറത്ത് മുഹമ്മദിനെ ആക്രമിക്കുകയും ചെയ്യാം. എന്റെ പക്കൽ ഒരു കഠാരയുണ്ട്. അത് കഴുകന്റെ ചിറകുപോലെയാകുന്നു. അതുകൊണ്ട് ഞാൻ മുഹമ്മദ് ﷺനെ ആക്രമിക്കുന്നതാണ്. പിന്നെ ഞാനേതെങ്കിലും സംഘത്തോടൊപ്പം ചേരുന്നതായിരിക്കും. തുടർന്ന് ഞാനോടി ആ സംഘത്തെ മറികടക്കുകയും ചെയ്യും. കാരണം എനിക്ക് വഴികളെ സംബന്ധിച്ച് നല്ല ധാരണയുണ്ട്. അബൂസൂഫിയാൻ പറഞ്ഞു: 'നീ തന്നെയാണ് നമ്മുടെ കൂട്ടുകാരൻ.' അങ്ങനെ അബൂസൂഫിയാൻ അയാൾക്ക് ഒട്ടകവും വഴിച്ചെലവുകളും നൽകിയിട്ട് പറഞ്ഞു: 'ഈ ജോലി നീ രഹസ്യമാക്കി വെക്കണം.' അയാൾ രാത്രി പുറപ്പെടുകയും അഞ്ചുദിവസം സഞ്ചരിക്കുകയും ചെയ്തു. ആറാം ദിവസം രാവിലെ അയാൾ ഹർറ എന്ന സ്ഥലത്തെത്തി. കരിമ്പാറ നിറഞ്ഞ പ്രദേശത്തിനാണ് ഹർറ എന്ന് പറയുന്നത്. മദീന ഇത്തരം സ്ഥലങ്ങളുടെ ഇടയിലാണുണ്ടായിരുന്നത്. ഒന്ന് കിഴക്കൻ ഹർറയും മറ്റൊന്ന് പടിഞ്ഞാറൻ ഹർറയും. ഏതായിരുന്നാലും അയാൾ പിന്നീട് ജനങ്ങളിലേക്ക് തിരിഞ്ഞു മദീനയിലെത്തി. നബിﷺ തിരുമേനിയെ കുറിച്ച് അന്വേഷിച്ചു തുടങ്ങി. അങ്ങനെ നബിﷺതിരുമേനിയെ കുറിച്ച് അയാളോട് പറയപ്പെട്ടപ്പോൾ അയാൾ തന്റെ യാത്രാവാഹനം തയ്യാറാക്കുകയും അങ്ങനെ നബിﷺതിരുമേനിയുടെ അടുത്തെത്തുകയും ചെയ്തു. ആ സമയത്ത് നബിﷺതിരുമേനി ബനൂ അബ്ദുൽ അശ്ഹലിന്റെ മസ്ജിദിലാണുണ്ടായിരുന്നത്. നബിﷺതിരുമേനി അയാളെ കണ്ടപ്പോൾ പറഞ്ഞു: 'തീർച്ചയായും ഇയാൾ വഞ്ചിക്കാനു ദ്ദേശിക്കുന്ന ആളാകുന്നു.' അയാളുടെ അവസ്ഥ കണ്ട് തിരിച്ചറിഞ്ഞു. അല്ലാഹു അയാൾക്കും അയാളുടെ ഉദ്ദേശ്യത്തിനുമിടയിൽ തടസ്സമായി നിൽക്കുന്നു.

അങ്ങനെ അയാൾ നബിﷺതിരുമേനിയെ ആക്രമിക്കാൻ തുനിഞ്ഞപ്പോൾ, ക്ഷണത്തിൽ ഉസയ്ദ് ബിൻ ഹുളയ്ർ അയാളുടെ പുതപ്പിന്റെ ഉള്ളിലെ അറ്റത്തുപിടിച്ച് വലിക്കുകയും അങ്ങനെ അയാളുടെ കൈയിൽനിന്ന് കഠാര വീഴുകയും ചെയ്തു. എന്നെ രക്ഷപ്പെടുത്തൂ രക്ഷപ്പെടുത്തൂ എന്ന് അയാൾ വിളിച്ചുകൂകാൻ തുടങ്ങി. അതായത് അയാൾ പിടിക്കപ്പെട്ടു. ഉസയ്ദ് അയാളെ കഴുത്തിനു പിടിച്ചെങ്കിലും പിന്നീട് വിട്ടു. നബിﷺതിരുമേനി അയാളോടു പറഞ്ഞു: 'നീ ആരാണെന്ന് സത്യമായും എന്നോടു പറയുക.' അയാൾ പറഞ്ഞു:'ഞാൻ അഭയം ചോദിക്കുന്നു.' നബി ﷺതിരുമേനി പറഞ്ഞു: ശരി. അയാൾ തന്റെ പേരിനേയും അബൂസുഫിയാനുമായി ചെയ്ത കരാറിനേയും പറ്റിപറഞ്ഞു. പിന്നീട് നബി ﷺതിരുമേനി അയാളെ വെറുതെ വിട്ടു. ഈ ഔദാര്യത്തിൽ അയാൾ മുസ്‌ലിമാകുകയും ചെയ്തു. എന്നിട്ട് പറഞ്ഞു: മുഹമ്മദേ!(സല്ലല്ലാഹു അലയ്ഹിവസല്ലം). ഞാൻ ജനങ്ങളെ ഭയപ്പെട്ടിരുന്നില്ല. പക്ഷേ, താങ്കളെ കണ്ടപ്പോൾ എന്റെ ബുദ്ധി പരിഭ്രമിച്ചുപോയി. എന്റെ മനസ്സ് ദുർബലമായി. പിന്നീടാണ് ഞാനെടുത്ത തീരുമാനത്തെ കുറിച്ച് എനിക്ക് ബോധം വന്നത്. ഇതിനു വേണ്ടി ഒരുപാടാളുകൾ ശ്രമിച്ചതാണ്, പക്ഷേ, ആർക്കും വിജയിക്കാൻ കഴിഞ്ഞില്ല. താങ്കൾക്ക് സംരക്ഷണം നൽകപ്പെട്ടുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തീർച്ചയായും അങ്ങ് സത്യത്തിലാകുന്നു. അതായത് അല്ലാഹു അങ്ങയെ സംരക്ഷിക്കുന്നു. അബൂസുഫിയാന്റെ സൈന്യം സാത്താന്റെ സൈന്യമാകുന്നു. അപ്പോൾ നബിﷺതിരുമേനി പുഞ്ചിരിച്ചു. അയാൾ ഏതാനും ദിവസം അവിടെ തങ്ങിയതിനുശേഷം നബിﷺതിരുമേനിയോടു അനുമതി ചോദിച്ച് പോവുകയും ചെയ്തു. പിന്നീട് ഇദ്ദേഹത്തെ സംബന്ധിച്ചുള്ള ഒരു പരാമർശവും കേൾക്കാൻ കഴിഞ്ഞിട്ടില്ല. ചരിത്രത്തിലും ഇദ്ദേഹത്തെ സംബന്ധിച്ചുള്ള പരാമർശങ്ങളൊന്നും വന്നിട്ടില്ല.*(സുബുലുൽ ഹുദാ വർറശാദ് വാല്യം 6, പേജ് 123 ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഫർഹങ്കെ സീറത്ത് പേജ് 101-102, പ്രസാധനം സവാർ അക്കാഡമി കറാച്ചി)*

നബിﷺതിരുമേനി, അംറ് ബിൻ ഉമയ്യയെയും സലമ ബിൻ അസ്‌ലമിനെയും അബു സുഫ്‌യാൻ ബിൻ ഹർബിന്റെ അടുക്കൽ അയച്ചു. അവരോടു പറഞ്ഞു: "നിങ്ങളിരുവരും അയാൾ അശ്രദ്ധനായിരിക്കുമ്പോൾ അയാളെ കൊന്നു കളയണം.

അവർ (ശത്രുക്കൾ) ഇങ്ങനെയൊരു തീരുമാനമെടുക്കുമ്പോൾ പിന്നീട് അതിനുള്ള പ്രതിവിധി അയാളെ ഇല്ലാതാക്കി ഈ കലഹം അവസാനിപ്പിക്കുക തന്നെയാണ് വേണ്ടത്. ഇബ്നു ഹിശാം വിവരിക്കുന്നു: നബിﷺ തിരുമേനി അംറ് ബിൻ ഉമയ്യയോടൊപ്പം ജബ്ബാർ ബിൻ സ്വഖർ അൻസ്വാരിയെയാണ് അയച്ചിരുന്നത്.*(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം പേജ് 885, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ത്വബഖാത്തുൽ കുബ്റാ വാല്യം 2, പേജ് 72 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

അങ്ങനെ അവരിരുവരും പുറപ്പെടുകയും മക്കയുടെ സമീപത്തെത്തുകയും ചെയ്തു. അവരിരുവരും തങ്ങളുടെ കുതിരകളെ യഅ്ജജ് താഴ്‌വരകളിലുള്ള കുന്നിൽ ഒളിപ്പിച്ചു വെച്ചു. ഇത് മക്കയിൽ നിന്ന് 8 മൈൽ അകലെയുള്ള സ്ഥലമാണ്. പിന്നെ രാത്രിയിൽ മക്കയിലെത്തി. ജബ്ബാർ ബിൻ സലമ, അംറിനോട് പറഞ്ഞു: "നമുക്ക് ബയ്ത്തുല്ലാഹ് പ്രതിക്ഷണം ചെയ്യാനും രണ്ട് റക്അത്ത് നമസ്കരിക്കാനും കഴിഞ്ഞെങ്കിൽ എത്ര നന്നായേനെ! അംറ് പറഞ്ഞു: ഈ ആളുകൾ രാത്രി ഭക്ഷണം കഴിച്ചതിനുശേഷം തങ്ങളുടെ മുറ്റത്ത് ഇരിക്കാറുണ്ട്. അവരെന്നെ കണ്ടാൽ തിരിച്ചറിയുന്നതാണ്. ഞാൻ മക്കയിൽ വെളുത്തതും കറുത്തതുമായ കുതിരയെക്കാളും കൂടുതൽ പ്രസിദ്ധനാകുന്നു. അതായത് എന്നെ ഒരു പാടാളുകൾക്ക് തിരിച്ചറിയാം. അവർക്കെന്നെ മനസ്സിലാക്കാൻ കഴിയും. അംറിന്റെ കൂട്ടുകാരൻ പറഞ്ഞു: ഒരിക്കലുമില്ല, ഇൻശാ അല്ലാഹ്, നമുക്കു പോകാം. അംറ് പറയുന്നു: അദ്ദേഹം എന്റെ വാക്ക് കേൾക്കാൻ തയ്യാറായില്ല. അങ്ങനെ ഞങ്ങൾ ബയ്ത്തുല്ലാഹ് ത്വവാഫ് ചെയ്യുകയും നമസ്കരിക്കുകയും ചെയ്തുവന്നു. തുടർന്ന് പറയുന്നു: ഞങ്ങൾ അബൂസുഫിയാന്റെ അടുത്തേക്ക് പുറപ്പെട്ടു. അതായത് ഞങ്ങൾ വന്ന ഉദ്ദേശ്യം പൂർത്തീകരിക്കാൻ നീങ്ങി. പറയുന്നു: അല്ലാഹുവാണെ സത്യം! ഞങ്ങൾ മക്കയിലൂടെ നടക്കുകയായിരുന്നു. പെട്ടെന്ന് മക്കക്കാരിലൊരാൾ എന്നെ കണ്ടപ്പോൾ തിരിച്ചറിഞ്ഞു. ഇബ്നു സഅ്ദ് വിവരിക്കുന്നു, 'അത് മുആവിയ ബിൻ അബൂസുഫിയാനായിരുന്നു. അയാളെന്നെ തിരിച്ചറിഞ്ഞപ്പോൾ പറഞ്ഞു: അല്ലാഹുവാണെ സത്യം! അംറ് ബിൻ ഉമയ്യ ദ്രോഹിക്കാൻ വേണ്ടിയാണ് വന്നിട്ടുള്ളത്. അയാൾ ഖുറയ്ശികളോടു പറഞ്ഞപ്പോൾ അവർ ഭയപെട്ട് അദ്ദേഹത്തെ തിരഞ്ഞു പുറപ്പെട്ടു. അംറ് പറയുന്നു: "ഞാനെന്റെ കൂട്ടുകാരനോടു പറഞ്ഞു: "എത്രയും പെട്ടെന്ന് ഓടിക്കോളൂ." അങ്ങനെ വളരെ വേഗം ഓടി ഒരു മലയിൽ കയറി. അവർ ഞങ്ങളെ തിരഞ്ഞ് പുറപ്പെട്ടിരുന്നു. ഞങ്ങൾ മലമുകളിൽ കയറിയതായിരുന്നു. ഏതായാലും അവർ ഞങ്ങളെ സംബന്ധിച്ചിടത്തോളം നിരാശരായി തിരിച്ചുപോയി. ഞങ്ങൾ മലയുടെ ഒരു ഗുഹയിൽ പ്രവേശിച്ചു, രാത്രി മുഴുവൻ അവിടെ കഴിച്ചുകൂട്ടി. ഞങ്ങൾ കല്ലുകളെടുത്ത് ചുറ്റുവട്ടത്തും അടുക്കി വെച്ചു. അങ്ങനെ നേരം പുലർന്നപ്പോൾ ഖുറയ്ശികളിലെ ഒരാൾ ഞങ്ങളുടെ അടുത്തു വന്നു. അതായത് അവിടെ ഒരാൾ നടക്കുന്നതായി കണ്ടു. അത് ഖുറയ്ശികളുടെ ആളായിരുന്നു. ഇബ്നു സഅ്ദിന്റെ വീക്ഷണത്തിൽ അത് ഉബയ്ദുല്ലാഹ് ബിൻ മാലിക് ബിൻ ഉബയ്ദുല്ലാഹ് തമീമി ആയിരുന്നു. ഇബ്നു ഇസ്ഹാഖിന്റെ അഭിപ്രായത്തിൽ അത് ഉഥ്മാൻ ബിൻ മാലിക് അബ്ദുല്ലാഹ് ആയിരുന്നു. അയാൾ തന്റെ കുതിരയെ തെളിക്കുകയായിരുന്നു. അങ്ങനെ ഞങ്ങളുടെ ഗുഹയുടെ ചുറ്റുവട്ടത്തുണ്ടായിരുന്നു. ഞങ്ങൾ ഗുഹയ്ക്കുള്ളിൽ തന്നെയായിരുന്നു. ഞാൻ പറഞ്ഞു: "അയാൾ നമ്മളെ കാണുകയാണെങ്കിൽ ബഹളം കൂട്ടുകയും നമ്മൾ പിടിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നതാണ്." അതായത് അയാൾ മറ്റു കാഫിരീങ്ങളെ വിളിച്ചു കൂട്ടും. പറയുന്നു: എന്റെ പക്കൽ കഠാര ഉണ്ടായിരുന്നു. അത് ഞാൻ അബൂസുഫിയാനെതിരിൽ പ്രയോഗിക്കാൻ തയ്യാറാക്കിയതാണ്. ഞാൻ പുറത്തുവന്നു, അയാളുടെ നെഞ്ചിൽ കുത്തി, അയാൾ നിലവിളിച്ചപ്പോൾ മക്കക്കാർ അയാളുടെ ശബ്ദം കേട്ടു. ഞാൻ തിരിച്ചു വന്ന് ഗുഹയിൽ കയറി. ആളുകൾ വളരെ ശീഘ്രഗതിയിൽ ഓടി അയാളുടെ അടുത്തെത്തി. അയാൾ ജീവിതത്തിന്റെ അവസാന നിമിഷത്തിലായിരുന്നു. അവർ അയാളോടു ചോദിച്ചു: "നിന്നെ ആരാണ് ആക്രമിച്ചത്?' അയാൾ പറഞ്ഞു: "അംറ് ബിൻ ഉമയ്യ." ഏതായാലും അയാളെ മരണം കീഴ്പ്പെടുത്തുകയും ആ സ്ഥലത്തുതന്നെ മരണപ്പെടുകയും ചെയ്തു. അയാൾക്ക് ഞങ്ങളുടെ സ്ഥലം പറഞ്ഞുകൊടുക്കാൻ കഴിഞ്ഞില്ല.'

നിവേദനത്തിൽ പറയുന്നു: അവർ അയാളെ കണ്ടെത്തിയപ്പോൾ അയാൾക്ക് മക്കക്കാർക്ക് ഞങ്ങളുടെ സ്ഥലം പറഞ്ഞു കൊടുക്കാനുള്ള ശേഷി ഉണ്ടായിരുന്നില്ല. പറയുന്നു: ഞാനെന്റെ കൂട്ടുകാരനോടു പറഞ്ഞു: 'നീ നിന്റെ ജീവനും കൊണ്ട് ഓടിക്കോ. നീ നിന്റെ ഒട്ടകത്തിന്റെ അടുത്തെത്തി അതിലിരുന്ന് പൊയ്ക്കൊള്ളുക. അങ്ങനെ അദ്ദേഹം പോയി.' അംറ് ബിൻ ഉമയ്യ പറയുന്നു: അതിനുശേഷം ഞാൻ പുറപ്പെട്ടു. അങ്ങനെ ഉജ്നാൻ എന്ന സ്ഥലത്തെത്തി.

ളജ്നാൻ മക്കയിൽനിന്ന് 12 മൈൽ അകലെയുള്ള ഒരു മലനിരയാകുന്നു. പറയുന്നു: പിന്നീട് ഞാൻ ഒരു മലമുകളിൽ അഭയം തേടി. അവിടെ ഒരു ഗുഹയിൽ കയറി. അംറ് പറയുന്നു: അതുകഴിഞ്ഞ് ഞാൻ അവിടെനിന്ന് പുറപ്പെട്ടു. അങ്ങനെ അർജ് എന്ന സ്ഥലത്തെത്തി. അർജ് മക്കയ്ക്കും മദീനയ്ക്കുമിടയിൽ ഒരു താഴ്വരയാണ്. ഇവിടെ കച്ചവട സംഘങ്ങൾ തങ്ങാറുണ്ട്. പിന്നീട് ഞാനെന്റെ സവാരിയിൽ കയറി അവിടെ നിന്ന് നീങ്ങി. അങ്ങനെ നഖീഅ് എന്ന സ്ഥലത്തെത്തി. നഖീഅ് മദീനയിൽനിന്ന് രണ്ട് രാത്രിയുടെ യാത്രാദൈർഘ്യമുള്ള ഒരു സ്ഥലമാണ്. ഇബ്നു ഹിശാം നബി ചരിത്രത്തിൽ എഴുതുന്നു: ഖുറയ്ശികളിലെ മുശ്‌രിക്കുകളിൽപ്പെട്ട രണ്ടാളുകൾ മദീനയിൽ വരുന്നുണ്ടായിരുന്നു. അവരെ ഖുറയ്ശികൾ ചാരന്മാരായി അയച്ചതാണ്. അതായത് അവർ കാര്യങ്ങൾ കണ്ടു മനസ്സിലാക്കുന്നതിനുവേണ്ടി ഖുറയ്ശികൾ അയച്ച ചാരന്മാരായിരുന്നു. ഞാൻ അവരിരുവരോടും പറഞ്ഞു: “നിങ്ങളിരുവരും ബന്ദികളായി എന്റെ മുന്നിൽ കീഴടങ്ങുക.” അവരിരുവരും അത് വിസമ്മതിച്ചു. ഞാൻ അവരിൽ ഒരാളെ ഒരു അമ്പെയ്ത് കൊന്നു. മറ്റെയാൾ സ്വയം കീഴടങ്ങി. ഞാൻ അയാളെ ബന്ധനസ്ഥനാക്കി. മദീനയിലെത്തിച്ചു. അയാൾ സ്വയം കീഴടങ്ങുകയല്ല ചെയ്തത്. ഉദ്ധരണി ഇങ്ങനെയല്ല. മറിച്ച് ഇരുവരും തമ്മിൽ പോരാട്ടം നടന്നു. പരസ്പരം അമ്പെയ്ത്ത് നടത്തി. ഏതായാലും അംറ് ബിൻ ഉമയ്യ, നബി ﷺ തിരുമേനിക്ക് തന്റെ അവസ്ഥകളും സംഭവങ്ങളും വിവരിച്ചു കൊടുത്തു. നബി ﷺ തിരുമേനി പുഞ്ചിരിക്കുകയായിരുന്നു. പിന്നീട് അംറ് ബിൻ ഉമയ്യയുടെ നന്മക്കു വേണ്ടി ദുആ ചെയ്തു.*(സുബുലുൽ ഹുദാ വർറശാദ് വാല്യം 6, പേജ് 123-125 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്) (ഫർഹങ്കെ സീറത്ത് പേജ് 319,198, 56 പ്രസാധനം സവാർ അക്കാഡമി കറാച്ചി)(സർഖാനി വാല്യം 3, പേജ് 228, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(അസ്സീറത്തുന്നബവിയ്യ ലി ഇബ്നി ഹിശാം പേജ് 886, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഈ സരിയ്യയുടെ വർഷത്തെ സംബന്ധിച്ച് വ്യത്യസ്ത നിവേദനങ്ങളുണ്ട്. ഇബ്നു ഹിശാം, ഇബ്നു കഥീർ, ത്വബ്‌രി മുതലായവർ ഈ സരിയ്യത്ത് ഹിജ്റ നാലിലാണ് നടന്നതെന്ന് വിവരിച്ചുകൊണ്ട് ഇതിന്റെ അനുബന്ധത്തിൽ ഹദ്റത്ത് ഹുബയ്ബ് ബിൻ അദിയ്യിന്റെ മൃതദേഹത്തെ മരത്തടിയിൽ നിന്നിറക്കുന്ന സംഭവം വിവരിക്കുന്നുണ്ട്. ഹദ്റത്ത് ഹുബയ്ബ് റജീഅ് സംഭവത്തിൽ ബന്ദിയാക്കപ്പെട്ട് മക്കയിൽ വിൽക്കപ്പെട്ടതായിരുന്നു. ഖുറയ്ശികൾ അദ്ദേഹത്തെ മരത്തടിയിൽ കെട്ടി ശഹീദാക്കി. എന്നാൽ, ഇബ്നു സഅ്ദ്, അംറ് ബിൻ ഉമയ്യയുടെ സരിയ്യത്തിന്റെ അനുബന്ധത്തിൽ മരത്തടിയിൽനിന്ന് മൃതദേഹം ഇറക്കുന്ന സംഭവം പരാമർശിച്ചിട്ടില്ല. ഇബ്നു സഅ്ദിന്റെ നിവേദനം ഇക്കാര്യത്തിൽ കൂടുതൽ ശരിയായി തോന്നുന്നു. കാരണം മൃതശരീരം ഇറക്കുന്നതിനുവേണ്ടി ഒരു സംഘം പോയതായുള്ള പരാമർശം ഗ്രന്ഥങ്ങളിൽ വേറെതന്നെ കാണപ്പെടുന്നുണ്ട്. സർഖാനിയും ഈ നിലപാടുകാരനാണ്. അംറ് ബിൻ ഉമയ്യയുടെ സരിയ്യത്തിന്റെ അവസാനത്തിൽ എഴുതുന്നു: മൃതദേഹം ഇറക്കുന്നതിന് നബി ﷺ തിരുമേനി ഹദ്റത്ത് സുബയ്റിനെയും മിഖ്ദാദിനെയും അയച്ചിരുന്നു.*(സർഖാനീ വാല്യം 3, പേജ് 169, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഇതേപ്പറ്റി സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബും رضي الله عنه അംറ് ബിൻ ഉമയ്യയുടെ സരിയ്യത്തിന്റെ അനുബന്ധത്തിൽ ഹുബയ്ബ് ബിൻ അദിയ്യിന്റെ മൃതദേഹം മരത്തടിയിൽ നിന്ന് ഇറക്കിയതിനെ സംബന്ധിച്ച് ഒന്നും തന്നെ പറഞ്ഞിട്ടില്ല. ഇതിന്റെ വിശദീകരണം ഇങ്ങനെയാണ് അദ്ദേഹം നല്കിയിട്ടുള്ളത്: “അഹ്സാബ് യുദ്ധത്തിന്റെ നിന്ദാവഹമായ പരാജയത്തിന്റെ ഓർമയിൽ മക്കയിലെ ഖുറയ്ശികളുടെ ശരീരത്തിൽ ആകമാനം ഒരു പൊള്ളിയ അവസ്ഥയായിരുന്നു. സ്വാഭാവികമായും അബൂസുഫിയാനാണ് ഈ ഉള്ളിലെ തീ ഏറ്റവും കൂടുതൽ അനുഭവപ്പെട്ടത്. കാരണം അയാൾ മക്കയിലെ തലവനായിരുന്നു. അഹ്സാബ് ദൗത്യത്തിൽ പ്രത്യേകമായും അയാൾക്ക് നിന്ദാവഹമായ ആഘാതം ഏറ്റിട്ടുണ്ടായിരുന്നു. കുറച്ചുകാലംവരെയും അബൂസുഫിയാന്റെ ഉള്ളിൽ ഈ അഗ്നി ജ്വലിച്ചുകൊണ്ടിരുന്നു. പക്ഷേ, അവസാനം കാര്യങ്ങൾ അയാളുടെ ക്ഷമയ്ക്കതീതമായിത്തീർന്നു. ഈ അഗ്നിയുടെ മറഞ്ഞിരുന്ന കനലുകൾ പുറത്തുവരാൻ തുടങ്ങി. സ്വാഭാവികമായും സത്യനിഷേധികളുടെ ഏറ്റവും കൂടുതൽ ശത്രുത എന്നല്ല യഥാർഥ ശത്രുത നബി ﷺ തിരുമേനിയുടെ വ്യക്തിത്വവുമായിട്ടായിരുന്നു. അതുകൊണ്ട് അബൂസുഫിയാൻ ബാഹ്യമായ ഉപായങ്ങളും തന്ത്രങ്ങളും ഒന്നും ഫലപ്രദമാകുന്നില്ലെന്ന് കണ്ടപ്പോൾ എന്തുകൊണ്ട് രഹസ്യമായ തന്ത്രത്തിലൂടെ നബി ﷺ തിരുമേനിയെ വക വരുത്തിക്കൂടാ എന്ന് ചിന്തിച്ചു. നബി ﷺ തിരുമേനിക്ക് ചുറ്റിലും പ്രത്യേകമായൊരു കാവലുമില്ലെന്ന് അയാൾക്ക് അറിയാമായിരുന്നു. മറിച്ച് ചില സമയത്ത് നബി ﷺ തിരുമേനി തികച്ചും സംരക്ഷണം ഏതുമില്ലാത്ത അവസ്ഥയിൽ അങ്ങോട്ടുമിങ്ങോട്ടും ഒക്കെ പോയിരുന്നു. മസ്ജിദിൽ എല്ലാ ദിവസവും ചുരുങ്ങിയത് അഞ്ചു പ്രാവശ്യം നമസ്കാരത്തിനു വന്നിരുന്നു. യാത്രകളിൽ തികച്ചും ഔപചാരികത ഒന്നുമില്ലാതെ സ്വതന്ത്രമായി കഴിഞ്ഞിരുന്നു. ഒരു വാടക കൊലയാളിക്ക് ഇതിനേക്കാളും നല്ല അവസരം വേറെ എങ്ങനെ കിട്ടാനാണ്? ഈ ചിന്ത വന്നുടനെ അബൂസുഫിയാന്റെ ഉള്ളിന്റെയുള്ളിൽ നബി ﷺ തിരുമേനിയെ വകവരുത്തുന്നതിനുള്ള പദ്ധതി ദൃഢഗാഢമാകാൻ തുടങ്ങി.

അങ്ങനെ അയാൾ ദൃഢനിശ്ചയത്തോടുകൂടി ഈ പദ്ധതിയിൽ ഉറച്ചു നിന്നുകൊണ്ട് ഒരു ദിവസം സന്ദർഭത്തിനനുസരിച്ച് തന്റെ ഇംഗിതത്തിനു പറ്റിയ ചില ഖുറയ്ശി യുവാക്കളോടു പറഞ്ഞു: ‘മദീനയിൽപ്പോയി രഹസ്യമായി മുഹമ്മദ് ﷺ നെ വകവരുത്താൻ കെൽപ്പുള്ളവരായി നിങ്ങളിലൊരു യോദ്ധാവുമില്ലേ? മുഹമ്മദ് ﷺ തുറന്ന രീതിയിൽ മദീനയിലെ ഇടവഴികളിലൂടെ സഞ്ചരിക്കുന്നുണ്ടെന്ന് നിങ്ങൾക്കറിയാമല്ലോ?” ആ യുവാക്കൾ ഈ ചിന്താഗതികൾ കേട്ടപ്പോൾ അതിൽ ഉറച്ചു നിൽക്കുകയും ചെയ്തു. അവർക്കതിഷ്ടപ്പെട്ടു. അധികദിവസം കഴിയുന്നതിനു മുമ്പേ ഒരു കാട്ടറബിയായ യുവാവ് അബൂസുഫിയാന്റെ അടുത്തു വന്ന് പറഞ്ഞു: “ഞാൻ നിങ്ങളുടെ അഭിപ്രായം കേട്ടിരിക്കുന്നു. ഞാൻ അതിന് തയ്യാറാണ്.” പിന്നെ നേരത്തെ ഈ സംഭവത്തിൽ വിവരിച്ചതുപോലെ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബും വിവരിക്കുന്നുണ്ട്. അയാൾ ഇത്രയും കൂടി പറഞ്ഞു: “ഞാൻ ഒരു ദൃഢഹൃദയമുള്ള മനുഷ്യനാണ്. എന്നെ പിടിച്ചു കെട്ടുക അസാധ്യമാണ്. എന്റെ ആക്രമണമാകട്ടെ വളരെ ത്വരിതഗതിയിലുള്ളതുമാണ്. താങ്കളെന്നെ ഈ കാര്യത്തിന് നിശ്ചയിക്കുകയാണെങ്കിൽ എന്നെ സഹായിക്കുക. ഞാൻ മുഹമ്മദി ﷺ നെ വകവരുത്തുന്നതിന് പോകാൻ തയ്യാറാണ്. എന്റെ പക്കൽ ഒരു കഠാരയുണ്ട്. അത് വേട്ട പരുന്തിന്റെ രഹസ്യമായ ചിറകുകൾ പോലെയാണ്. ഞാൻ മുഹമ്മദ് ﷺ നെ ആക്രമിക്കുകയും പിന്നെ അവിടെനിന്ന് ഓടി ഏതെങ്കിലും സംഘത്തിൽ ചേരുകയും ചെയ്യും. മുസ്‌ലിമീങ്ങൾക്ക് എന്നെ പിടികൂടാൻ കഴിയുകയില്ല. തുടർന്ന് നേരത്തെ പറഞ്ഞ അതേ സംഭവംതന്നെയാണ് അദ്ദേഹവും ഇവിടെ ആവർത്തിക്കുന്നത്. അയാൾ പറഞ്ഞു:ഞാൻ മദീനയിലെ വഴികളെ കുറിച്ച് നല്ലപോലെ അറിയുന്നയാളാണ്. അബൂസുഫിയാൻ പറഞ്ഞു: മതി മതി, നീ നമുക്ക് പറ്റിയ ആളാണ്. അതിനുശേഷം അബൂസുഫിയാൻ അയാൾക്ക് വളരെ വേഗത്തിൽ ഓടുന്ന ഒട്ടകത്തെയും പിന്നെ വഴിച്ചെലവും നൽകി പറഞ്ഞയച്ചു. ഈ കാര്യം വളരെ രഹസ്യമാക്കി വെക്കണമെന്നും മറ്റാരും അറിയരുതെന്നും ആവർത്തിച്ച് ഉപദേശിക്കുകയും ചെയ്തു.

അയാൾ മക്കയിൽനിന്ന് പുറപ്പെട്ടു രഹസ്യമായും രാത്രിയിൽ സഞ്ചരിച്ചും മദീനയിലേക്ക് നീങ്ങിക്കൊണ്ടിരുന്നു. ആറാം ദിവസം മദീനയിലെത്തി. നബി ﷺ തിരുമേനിയെ അന്വേഷിച്ച് നേരെ ബനി അബ്ദുൽ അശ്ഹലിന്റെ ഗോത്രത്തിലുള്ള മസ്ജിദിലാണെത്തിയത്. ആ സമയത്ത് നബി ﷺ തിരുമേനി അവിടെയുണ്ടായിരുന്നു. അക്കാലങ്ങളിൽ പുതിയ പുതിയ ആളുകൾ മദീനയിൽ വന്നുകൊണ്ടിരുന്നു. അതുകൊണ്ടുതന്നെ ഒരു മുസ്‌ലിമിനും അയാളെ സംബന്ധിച്ച് സംശയം തോന്നിയില്ല. പക്ഷേ, നബി ﷺ തിരുമേനി അയാൾ തന്റെ അടുത്ത് വരുന്നതു കണ്ടു. നബി ﷺ തിരുമേനി മസ്ജിദിൽ പോയിരുന്നു. അവിടന്ന് പറഞ്ഞു: “ഈ വ്യക്തി ദുരുദ്ദേശ്യത്തോടുകൂടിയാണ് വന്നിട്ടുള്ളത്.” ഈ വാക്കുകൾ കേട്ടപ്പോൾ അയാൾ കുറേകൂടി ശീഘ്രഗതിയിൽ നബി ﷺ തിരുമേനിയുടെ നേരെ കുതിച്ചു. പക്ഷേ, ഒരു അൻസ്വാരി നേതാവായ ഉസയ്ദ് ബിൻ ഹുളയ്ർ رضي الله عنه ക്ഷണത്തിൽ അയാൾക്കുമേൽ ചാടിവീഴുകയും അയാളെ പിടികൂടുകയും ചെയ്തു. ഈ മൽപ്പിടിത്തത്തിൽ അയാൾ മറച്ചുവെച്ചിരുന്ന കഠാര അയാളുടെ കൈയിൽ നിന്ന് താഴെ വീണു. അപ്പോൾ അയാൾ വളരെ ഭയപ്പെട്ടുകൊണ്ട് എന്റെ ജീവൻ, എന്റെ ജീവൻ എന്നു പറഞ്ഞു നിലവിളിക്കാൻ തുടങ്ങി. ഇവിടെ ഇദ്ദേഹം കുറേക്കൂടി വിശദമായി എഴുതുന്നുണ്ട്: “ഇവിടെ വെറുതെ പുതപ്പ് വലിക്കുക മാത്രമല്ല ചെയ്തത്. പ്രത്യുത കൃത്യമായി അയാളെ പിടികൂടുന്നതിന് ശ്രമിക്കുകയും ചെയ്തിരുന്നു. അതുകാരണം അയാളുടെ കഠാര കൈയിൽനിന്ന് വീണുപോയി. ഏതായാലും പിന്നീട് അയാൾ ‘എന്നെ രക്ഷിക്കൂ’ എന്നു പറഞ്ഞു നിലവിളിക്കാൻ തുടങ്ങി. അങ്ങനെ അയാളെ കീഴ്പ്പെടുത്തിയപ്പോൾ നബി ﷺ തിരുമേനി അയാളോടു ചോദിച്ചു:

'സത്യം പറയുക. നീ ആരാണ്?' എന്ത് ഉദ്ദേശ്യത്തോടുകൂടിയാണ് വന്നത്? അയാൾ പറഞ്ഞു: 'എന്റെ ജീവൻ രക്ഷിക്കുമെങ്കിൽ ഞാൻ പറയാം.' തുടർന്ന് നേരത്തെ വിവരിച്ച അതേ കാര്യങ്ങൾത്തന്നെയാണ് അയാൾ പറഞ്ഞത്. അയാൾ നബിﷺതിരുമേനിയുടെ സന്നിധിയിൽ പറഞ്ഞു: 'അബൂസുഫിയാൻ എനിക്ക് ഇത്രമാത്രം സമ്മാനം വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു.' അതിനുശേഷം കുറച്ചു ദിവസംകൂടി അയാൾ മദീനയിൽ തങ്ങി. പിന്നീട് സ്വന്തം ഇഷ്ടപ്രകാരം മുസ്‌ലിമായി. നബിﷺതിരുമേനിയുടെ അനുചര സംഘത്തിൽ ചേരുകയും ചെയ്തു.

അബൂസുഫിയാന്റെ ഈ രക്തരൂഷിത പദ്ധതി, മേലിൽ മക്കക്കാരുടെ ഉദ്ദേശ്യങ്ങളെക്കുറിച്ച് ജാഗ്രത പുലർത്തണമെന്ന കാര്യത്തിൽ അനിവാര്യമായി തീർന്നു. അങ്ങനെ നബിﷺതിരുമേനി തന്റെ രണ്ട് സ്വഹാബാക്കളായ അംറ് ബിൻ ഉമയ്യ ളംരിയെയും സലമ ബിൻ അസ്‌ലമിനെയും മക്കയിൽ പറഞ്ഞയച്ചു. അബൂസുഫിയാന്റെ ഈ വധശ്രമത്തെയും അയാളുടെ രക്തപങ്കിലമായ മുൻകാല ചെയ്തികളെയും കണക്കിലെടുത്ത് സന്ദർഭം കിട്ടുകയാണെങ്കിൽ ഇസ്‌ലാമിന്റെ ഈ യുദ്ധ ശത്രുവിനെ അവസാനിപ്പിക്കാൻ അവർക്ക് അനുമതി നൽകി. അങ്ങനെ ഉമയ്യയും അദ്ദേഹത്തിന്റെ സുഹൃത്തും മക്കയിലെത്തിയപ്പോൾ ഖുറയ്ശികൾ വളരെ ജാഗരൂകരായി. ഈ രണ്ടു സ്വഹാബക്കളും തങ്ങളുടെ ജീവൻ സംരക്ഷിച്ചുകൊണ്ട് മദീനയിൽ തിരിച്ചു വരികയും ചെയ്തു. വഴിയിൽ അവർക്ക് ഖുറയ്ശികളുടെ രണ്ട് ചാരന്മാരെ കിട്ടി. അവരെ ഖുറയ്ശി മൂപ്പന്മാർ മുസ്‌ലിമീങ്ങളുടെ ചലനങ്ങളും നബിﷺതിരുമേനിയുടെ അവസ്ഥകളും സംബന്ധിച്ച് അറിഞ്ഞു വരാൻ പറഞ്ഞയച്ചതായിരുന്നു. ഇതും ഒരു പക്ഷേ, ഖുറയ്ശികളുടെ മറ്റൊരു ഗൂഢപദ്ധതിയുടെ തുടക്കമായിരിക്കാമെന്നതിൽ ആശ്ചര്യമൊന്നുമില്ല. പക്ഷേ, അല്ലാഹു അനുഗ്രഹിക്കുകയും ഉമയ്യയും സലമയും അവരുടെ ഗൂഢപദ്ധതിയെ സംബന്ധിച്ച് മനസ്സിലാക്കുകയും അങ്ങനെ അവർ ആ ചാരന്മാരെ ആക്രമിക്കുകയും അവരെ ബന്ദികളാക്കുകയും ചെയ്യാനാഗ്രഹിച്ചു. പക്ഷേ, അവർ നേർക്കുനേരെ പൊരുതുകയാണ് ചെയ്തത്. അങ്ങനെ ഈ അടിപിടിയിൽ ഒരു ചാരൻ കൊല്ലപ്പെട്ടു. മറ്റൊരാളെ ബന്ദിയാക്കി അവർ തങ്ങളോടൊപ്പം മദീനയിൽ കൊണ്ടുവരുകയും ചെയ്തു.*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്‌റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്‌മദ് സാഹിബ്ؓഎം.എ. പേജ് 741-743)*

ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

പാകിസ്താനിലെ സാഹചര്യങ്ങളെ സംബന്ധിച്ചും ദുആയക്കുവേണ്ടി ഞാൻ പറഞ്ഞു കൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ ഇപ്പോൾ വളരെ ക്രൂരമായ ചില വകുപ്പുകൾ കൂടുതലായി ചേർത്തിരിക്കുകയാണ്. നിയമസംവിധാനവും സർക്കാരും ഉഗ്രവാദികളായ മൗലവിമാരുടെ കൈയിലെ കളിപ്പാവകളായി മാറി എന്നാണ് തോന്നുന്നത്. നേരത്തെ മസ്ജിദുകളുടെ മിനാരങ്ങളും മിഹ്റാബുകളും തകർത്ത വാർത്തകളാണ് വന്നിരുന്നത്. അവർക്ക് അതായിരുന്നു ആക്ഷേപമുണ്ടായിരുന്നത്. പക്ഷേ, അവർ ഇന്നലെ ഡസ്കയിൽ വഴിയുണ്ടാക്കുക എന്ന കാരണം പറഞ്ഞ് ഇത്രയും സ്ഥലം തങ്ങളെടുക്കുമെന്നും ബുൾഡോസർ കൊണ്ടു സ്ഥലം നിരപ്പാക്കുമെന്നെല്ലാം പറഞ്ഞ് നേരത്തെ നോട്ടീസ് അയക്കുകയും ചെയ്തിരുന്നു. മസ്ജിദിന്റെ കുളിമുറിയുടെ കുറച്ചുഭാഗം ഇതിൽ വരുമായിരുന്നു. എന്നാൽ, ബുൾഡോസർ കൊണ്ടുവന്നപ്പോൾ മൗലവിമാർ പറഞ്ഞതനുസരിച്ച് മുഴുവൻ മസ്ജിദും തകർത്ത് ശഹീദാക്കി. ഇത് വളരെ പുരാതനമായ മസ്ജിദായിരുന്നു. വിഭജനത്തിനു മുമ്പേ ഹദ്‌റത്ത് ചൗദരീ സഫ്റുല്ലാഹ് ഖാൻ സാഹിബാണ് ഇത് നിർമിച്ചതെന്നു തോന്നുന്നു. ഏതായിരുന്നാലും ഇന്ന് ഇവർ ഒരുപാട് അതിരു കടക്കുകയാണ്. അല്ലാഹുതന്നെ അവരെ എത്രയും പെട്ടെന്ന് പിടികൂടുന്നതിനുള്ള സംവിധാനം ഒരുക്കുമാറാകട്ടെ. അവരുടെ കുതന്ത്രങ്ങൾ അവർക്കുതന്നെ തിരിച്ചടിയാകുമാറാകട്ടെ.

അതിനാൽ അഹ്‌മദികൾ പ്രത്യേകിച്ച് പാകിസ്താനിലെ അഹ്‌മദികൾ ദുആകളിൽ ഒരുപാട് ശ്രദ്ധിക്കേണ്ടതുണ്ട്. അതുപോലെ ഫലസ്തീനെ സംബന്ധിച്ച് കരാറുണ്ടാക്കുന്നു. ചിലപ്പോൾ പറയുന്നത് അതായിക്കഴിഞ്ഞുവെന്നാണ്, ചിലപ്പോൾ ആയിട്ടില്ലെന്നും പറയുന്നു. കരാറിനുശേഷം വീണ്ടും അവിടെ അതേ സംഭവങ്ങൾ ആവർത്തിക്കുകയാണ്. ചിലയാളുകൾ ഇതേ തുടർന്ന് അനാവശ്യമായ രീതിയിലുള്ള സന്തോഷപ്രകടനത്തിലുമാണുള്ളത്. പക്ഷേ, ഒരു കാര്യം ഓർക്കുക, ദജ്ജാലീ ശക്തികളെ ഒരിക്കലും വിശ്വസിക്കാൻ പറ്റുകയില്ല. ഇവർ ഒന്നു പറയുകയും മറ്റൊന്നു പ്രവർത്തിക്കുകയും ചെയ്യുന്നവരാണ്. അതുകൊണ്ട് ഒരുപാട് സന്തോഷിക്കേണ്ട കാര്യമൊന്നുമില്ല. അവർക്കുവേണ്ടിയും ഒരുപാട് ദുആ ചെയ്യുക. മുസ്‌ലിമീങ്ങൾ ബുദ്ധിപൂർവ്വം പ്രവർത്തിച്ചുകൊണ്ട് തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹു മുസ്‌ലിം സമൂഹത്തിന് വിവേകം നൽകുമാറാകട്ടെ.

ഇനി ഞാൻ ചില പരേതാത്മാക്കളെ അനുസ്മരിക്കുന്നതും ജനാസ ഗാഇബ് നമസ്കാരിക്കുന്നതുമാണ്. ആദ്യത്തെ അനുസ്മരണം ശെയ്ഖ് മുബാറക് അഹ്‌മദ് സാഹിബിനെ സംബന്ധിച്ചാണ്. ഇദ്ദേഹം സ്വദ്ർ അഞ്ചുമൻ അഹ്‌മദിയ്യ റബ്‌വയിൽ നാളിർ ദീവാനായിരുന്നു. ജനുവരി പതിനൊന്നാം തിയതി 77-ാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* പരേതൻ മൂസിയും ജന്മനാ അഹ്‌മദിയുമായിരുന്നു. അദ്ദേഹത്തിന്റെ പിതാമഹൻ ശെയ്ഖ് മുഹമ്മദ് ദീൻ സാഹിബ് 1938-ൽ ബയ്അത്ത് ചെയ്തു. ഗുർദാസ്പൂരിലെ ബട്ടാല താലൂക്കിലെ കഥ്ഥാനങ്കൽ സ്വദേശിയായിരുന്നു. ശെയ്ഖ് മുബാറക് സാഹിബ് ബി.എ, ബി എഡ് കരസ്ഥമാക്കിയതിനുശേഷം 66 മുതൽ 81 വരെ ഏകദേശം 15 വർഷം അധ്യാപകനായി തഅ്‌ലീമുൽ ഇസ്‌ലാം സ്കൂളിൽ സേവനം ചെയ്തു. ഇതുകൂടാതെ 73-ൽ സ്കൂൾ നാഷണലൈസ്ഡായതിനുശേഷം അദ്ദേഹം മറ്റു പല സ്കൂളുകളിലും സർക്കാർ സർവീസ് ചെയ്തിട്ടുണ്ട്. അധ്യാപന ജോലിക്കു പുറമേ 40 വർഷത്തോളം അദ്ദേഹത്തിന്റെ ജമാഅത്ത് സേവനവുമുണ്ട്. ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ സവിധത്തിൽ അദ്ദേഹം 1982-ൽ വഖ്ഫിനുവേണ്ടി അപേക്ഷിച്ചു. അത് ഹുദൂർ സ്വീകരിക്കുകയും ചെയ്തു. 1982-ൽ ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അദ്ദേഹത്തെ സ്വദ്സാല ജൂബിലിയുടെ നാഇബ് വക്കീലായി നിയമിച്ചു. പിന്നീട് നാഇബ് വക്കീലുൽ മാലായും സേവനം ചെയ്തിട്ടുണ്ട്. സ്വദ്ർ അഞ്ചുമൻ അഹ്‌മദിയ്യാ അഡീഷണൽ നാളിർ ബയ്ത്തുൽ മാലായി സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. തുടർന്ന് നാളിർ ബയ്ത്തുൽമാൽ ആമദായും പ്രവർത്തിച്ചിട്ടുണ്ട്. അതിനുശേഷം നാളിർ ദീവാൻ, നാളിർ രിശ്ത്ത നാത്വ തുടങ്ങിയ പദവികളിലും നീണ്ട കാലം സേവന നിരതനായിരുന്നു. അതുപോലെ പോഷക സംഘടനകളായ അൻസ്വാറുല്ലാഹ് ഖാഇദ്, ഖുദ്ദാമുൽ അഹ്‌മദിയ്യ മുഹ്തമിം തുടങ്ങിയ പദവികളും വഹിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ സഹോദരി പുത്രനും ജാമാതാവുമായ ഇഹ്സാൻ മുഹമ്മദ് സാഹിബ് മുറബ്ബിയാണ്. അദ്ദേഹം പറയുന്നു: ഖിലാഫത്തിനോട് ആത്മാർഥമായ കൂറുണ്ടായിരുന്നു. അദ്ദേഹമെപ്പോഴും ഈ ബന്ധം നിലനിറുത്തുന്നതിനും സാമ്പത്തിക കാര്യങ്ങളിൽ ഇടപെടരുതെന്നും മുറബ്ബിമാരെ ഉപദേശിച്ചിരുന്നു. നമസ്കാര കാര്യങ്ങളിൽ പ്രത്യേകം ശുഷ്കാന്തി പുലർത്തുകയും അവസാനംവരെയും നമസ്കാരങ്ങൾ മസ്ജിദിൽ വന്ന് അനുഷ്ഠിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. എപ്പോഴും ജമാഅത്തിന്റെയും മറ്റു സ്വകാര്യ സദസ്സുകളിലും ഖിലാഫത്തുമായുള്ള ബന്ധത്തെ സംബന്ധിച്ച് ഉപദേശിക്കുകയും തന്റെ മക്കളും ബന്ധമുള്ളവരാകണമെന്ന് പറയുകയും ചെയ്തിരുന്നു. താൻ എല്ലാ കാര്യവും ഖലീഫത്തുൽ മസീഹിന് എഴുതാറുണ്ടെന്നും

**• ഹദീഥുന്നബ്‌വിﷺ •**

**"അക്‌രിമൂ ഔലാദക്കും."**

**നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.**

ത്വാലിബെ ദുആ
**C. K.MUHAMMED SHAREEF&FAMILY**
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്‌വിﷺ •**

**"അൽഅമാനത്തു ഇസ്സുൻ."**

**വിശ്വസ്തത അന്തസ്സാണ്.**

ത്വാലിബെ ദുആ
**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

ഒന്നും മറച്ചു വയ്ക്കാറില്ലെന്നും പറഞ്ഞിരുന്നു. തെറ്റാണെങ്കിൽ അതും എഴുതി അറിയിക്കാറുണ്ട്. അങ്ങനെ അതിൽ മാറ്റം വരുത്താൻ കഴിയുന്നതും തനിക്ക് പ്രയോജനമുണ്ടാകുന്നതുമാണെന്നും പറഞ്ഞിരുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം തന്റെ വഖ്ഫ് നല്ലപോലെ നിറവേറ്റി. ഞാനും കണ്ടിട്ടുണ്ട്. എന്നോടൊപ്പം അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹം ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുമെന്നതിന്റെ മാതൃകയായിരുന്നു. അദ്ദേഹം എപ്പോഴും ലളിതമായി ജീവിക്കുകയും കൂടുതൽ സമയം (സേവനത്തിനു) നൽകുകയും ചെയ്തു. പര്യടനങ്ങൾ നടത്തുകയും തിരിച്ചുവന്ന് ഓഫീസിൽ ഹാജരാവുകയും വൈകുന്നേരം വീണ്ടും പര്യടനത്തിന് പോവുകയുമായിരുന്നു അദ്ദേഹത്തിന്റെ രീതി. സേവനത്തിന് കൂടുതൽ അവസരങ്ങൾ കിട്ടിക്കൊണ്ടേയിരിക്കണമെന്നുള്ള ആഗ്രഹമായിരുന്നു അദ്ദേഹത്തിന്. ഒരിക്കൽ രോഗിയായപ്പോൾ മക്കളാരോ വിശ്രമിക്കാൻ പറഞ്ഞ നേരത്ത് അദ്ദേഹം പറഞ്ഞു: എന്റെ റിട്ടയർമെൻറ് എന്റെ വഫാത്ത് നേരത്തായിരിക്കും. ഓഫീസുകളിലെ ജീവനക്കാരും അദ്ദേഹത്തിൽ വളരെ സന്തുഷ്ടരായിരുന്നു. എപ്പോഴും തങ്ങളുടെ കാര്യങ്ങൾ ശ്രദ്ധിക്കുമെന്നും കാര്യങ്ങൾ അവലോകനം ചെയ്യുകയും പൂർത്തിയാക്കാൻ ശ്രമിക്കുകയും വ്യക്തിപരമായ കാര്യങ്ങൾ പോലും അദ്ദേഹം ശ്രദ്ധിച്ചിരുന്നുവെന്നും അവർ പറയുമായിരുന്നു. ഗ്രന്ഥപാരായണത്തിൽ അദ്ദേഹത്തിന് വളരെ താൽപര്യമായിരുന്നു. വീട്ടിലെപ്പോഴും പുസ്തക പാരായണത്തിൽ മുഴുകുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് عَلَيْهِ السَّلَام ന്റെ പുസ്തകങ്ങളും മൽഫൂദാത്തും വളരെ ആഴത്തിൽ വായിച്ചിരുന്നു. കുട്ടികളെയും അതിന് ഉപദേശിച്ചിരുന്നു. ജമാഅത്തിന്റെ നിയമാവലിയെ പറ്റി നല്ല വിവരമുണ്ടായിരുന്നു. തീരുമാനമെടുക്കുന്നതിനുള്ള കഴിവുമുണ്ടായിരുന്നു. അല്ലാഹു അസാമാന്യമായ കഴിവുകൾ അദ്ദേഹത്തിന് നൽകിയിരുന്നു. ജമാഅത്തിന്റെ നിയമാവലി പുനഃപരിശോധനാ കമ്മിറ്റിയിലും അദ്ദേഹമുണ്ടായിരുന്നു. നല്ല അഭിപ്രായങ്ങളാണ് അദ്ദേഹം നൽകിയിരുന്നത്. കറാച്ചിയിലെ ബയ്ത്തുൽമാൽ ഇൻസ്പെക്ടർ സയ്യിദ് ദാവൂദ് സാഹിബ് പറയുന്നു: 23 വർഷക്കാലം ബയ്ത്തുൽ മാലിൽ ശെയ്ഖ് സാഹിബിന്റെ കീഴിൽ ജോലി ചെയ്തിട്ടുണ്ട്. വളരെ സ്നേഹപൂർവ്വം ഞങ്ങളെക്കൊണ്ട് ജോലി ചെയ്യിച്ചിരുന്നു. അബദ്ധങ്ങൾ സംഭവിക്കുമ്പോൾ അപ്പോൾത്തന്നെ മനസ്സിലാക്കിത്തരുമായിരുന്നു. നല്ല രീതിയിൽ ജോലി ചെയ്യുമ്പോൾ പ്രോത്സാഹിപ്പിച്ചിരുന്നു. ഓഫീസിലെ ഓരോ ജീവനക്കാരനും ശെയ്ഖ് സാഹിബിനു തന്നോടാണ് കൂടുതൽ ബന്ധമുള്ളതെന്നു കരുതുമായിരുന്നു. അദ്ദേഹം ഓരോ ജീവനക്കാരന്റേയും വീട്ടിലേയും ഫീൽഡിലേയും പ്രശ്നങ്ങൾ പ്രത്യേകം ശ്രദ്ധിക്കുകയും സാധ്യമാകുന്നത്ര സഹായിക്കുകയും ചെയ്തിരുന്നു. അല്ലാഹു അദ്ദേഹത്തോടു പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. അദ്ദേഹത്തിന് ഭാര്യക്കുപുറമെ 6 പെൺമക്കളും ഒരു മകനുമുണ്ട്.

രണ്ടാമത്തെ അനുസ്മരണം മുഹമ്മദ് മുനീർ ഇദൽബി സാഹിബിനെ കുറിച്ചുള്ളതാണ്. അദ്ദേഹം കഴിഞ്ഞ ദിവസം 76-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അദ്ദേഹത്തിന് മൂന്നു ആൺമക്കളും ഒരു മകളുമാണുള്ളത്. എല്ലാവരും ഖത്വറിലാണ് താമസിക്കുന്നത്. മുസ്‌ലിം ദാറൂബി സാഹിബ് എഴുതുന്നു: അദ്ദേഹം മുഖേനയാണ് ഞാനും എന്റെ സഹോദരനും അഹ്മദിയ്യത്ത് സ്വീകരിച്ചത്. അദ്ദേഹം കർമ്മനിരതനായ മുബല്ലിഗും ബുദ്ധിശാലിയും നിരവധി അഹ്മദിയ്യാ തബ്‌ലീഗ് പുസ്തകങ്ങളുടെ കർത്താവുമായിരുന്നു. 1984-ന്റെ ആരംഭത്തിലാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്. അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിയുമായി(റഹ്) കൂടിക്കാഴ്ച നടത്തുകയും അതിനുശേഷം ലണ്ടനിൽത്തന്നെ ദീർഘകാലം താമസിക്കുകയും ചെയ്തു. 'ലിഖാ മഅൽ അറബ്' പ്രോഗ്രാമുകളും മറ്റു ചില പ്രോഗ്രാമുകളും തർജമ ചെയ്തിട്ടുണ്ട്. 10 -ലധികം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ ഏഴു പുസ്തകങ്ങൾ ജമാഅത്തിന്റെ പ്രബോധനപരമായ വിഷയങ്ങളുൾക്കൊള്ളുന്നതാണ്. ഒരുപാടു പിന്നിലാണ് വന്നതെങ്കിലും നിരവധി സേവനങ്ങളാണ് അദ്ദേഹം ചെയ്തുപോയത്. ശാം ജമാഅത്തിന്റെ തബ്‌ലീഗ്, തഅ്‌ലീം, തർബിയ്യത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഡസൻ കണക്കിനാളുകൾ അദ്ദേഹം മുഖേന ബയ്അത്ത് ചെയ്തിട്ടുമുണ്ട്. മോശരാബ് എന്ന സ്ഥലത്ത് അദ്ദേഹം മുഖേനയാണ് ജമാഅത്തെത്തിയത്. ഇതുകാരണം അദ്ദേഹത്തിന്റെ എതിരാളികൾ അദ്ദേഹത്തിന്റെ കാറിന് ഒരിക്കൽ തീയിട്ടു. അദ്ദേഹത്തിന്റെ വാദപ്രതിവാദങ്ങളും സിറ്റിങ്ങുകളും കാരണം അദ്ദേഹത്തെ പറ്റി അധികാരസ്ഥർക്ക് പരാതികൾ നൽകുകയും അതുകാരണം അവിടെ മോശരാബ് എന്ന സ്ഥലത്ത് ഉണ്ടായിരുന്ന ചില ആളുകളോടൊപ്പം 1989-ന് മുമ്പേയുണ്ടായിരുന്ന സർക്കാർ അദ്ദേഹത്തെ മാസങ്ങളോളം ജയിൽ അടയ്ക്കുകയും ചെയ്തു. ശാമിലെ അവസ്ഥകൾ മോശമായതിനെ തുടർന്ന് അദ്ദേഹം തന്റെ മക്കളെയുംകൂട്ടി ഖത്വറിലേക്ക് പോയി.

സിറിയ ജമാഅത്ത് സ്വദ്ർ വസീം സാഹിബ് എഴുതുന്നു: അദ്ദേഹം നിരവധി പുസ്തകങ്ങൾ രചിച്ചുകൊണ്ട് അഹ്മദിയ ഗ്രന്ഥാലയം നിറച്ചു. അഹ്മദിയ്യാ അധ്യാപനങ്ങൾ വളരെ ലളിതമായ രീതിയിൽ അദ്ദേഹം വ്യക്തമാക്കി. അദ്ദേഹം മുഖേന ഒരുപാടാളുകൾ അഹ്മദിയ്യത്തിൽ ചേർന്നു. ബാസിൽ ഇദൽബി സാഹിബ് പറയുന്നു: അദ്ദേഹം തന്റെ മുഴുവൻ ജീവിതവും അഹ്മദിയ്യത്തിന്റെ സേവനത്തിനു വേണ്ടി സമർപ്പിച്ചിരുന്നു. ഖിലാഫത്തിന്റെ പ്രേമിയുമായിരുന്നു. ഖലീഫത്തുൽ മസീഹ് റാബിയിനു വേണ്ടി ഇംഗ്ലീഷിൽനിന്ന് അറബിയിലേക്ക് തർജമകളും ചെയ്തിട്ടുണ്ട്. അദ്ദേഹം അഹ്മദിയ്യത്തിന്റെ പോരാളിയായിരുന്നു. അഹ്മദിയ്യത്തിന്റെ പ്രചാരണത്തിനു വേണ്ടി തന്റെ ജീവിതം അദ്ദേഹം അർപ്പിച്ചു.അദ്ദേഹം സിറിയയിലുള്ള നിരവധി അഹ്മദികളുടെ സന്മാർഗത്തിനും കാരണമായി.

അദ്ദേഹം തബ്‌ലീഗ് ആവശ്യാർഥം നിരവധി രാജ്യങ്ങളിൽ യാത്ര ചെയ്തിട്ടുണ്ട്. 2013-ലെ സിറിയയിലെ പ്രതിസന്ധി കാരണം ഖത്വറിലേക്ക് താമസം മാറ്റി. അവിടെ ഫെയ്സ്ബുക്കിൽ അഹ്മദിയ്യത്തിനെയും ഖിലാഫത്തിനെയും സംബന്ധിച്ചെഴുതിക്കൊണ്ടിരുന്നു. താൽപര്യമുള്ളവർ അദ്ദേഹവുമായി ബന്ധപ്പെട്ടിരുന്നു. അദ്ദേഹം നല്ല വാക്ചാതുര്യമുള്ള പ്രസംഗകനുമായിരുന്നു. വിശുദ്ധ ഖുർആനിൽനിന്നും തിരുസുന്നത്തിൽനിന്നും ഹദ്റത്ത് മസീഹ് മൗഊദ് عَلَيْهِ السَّلَام ന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവുകളും സാക്ഷ്യങ്ങളും വളരെ ആഴത്തിൽ മനസ്സിലാക്കിയിരുന്നു. അദ്ദേഹം ഖിലാഫത്തിന്റെ മഹത്ത്വത്തെ പറ്റിയും ഖിലാഫത്തിനെ പ്രതിരോധിച്ചുകൊണ്ടും ഇംഗ്ലീഷിൽനിന്ന് അറബിയിലേക്ക് നിരവധി പുസ്തകങ്ങൾ തർജമ ചെയ്തിട്ടുണ്ട്. അദ്ദേഹം തന്റെ വ്യക്തിത്വവും തന്റെ തൂലികയും ജീവിതവും അഹ്മദിയ്യത്തിന്റെ പ്രചാരണത്തിനു വേണ്ടി അർപ്പിച്ചിരിക്കുകയായിരുന്നു. തന്റെ നിലപാടുകളും ഹദ്റത്ത് മസീഹ് മൗഊദ് عَلَيْهِ السَّلَام ന്റെ സത്യസാക്ഷ്യത്തിലുള്ള വിശ്വാസവുംകൊണ്ട് അദ്ദേഹത്തിന് തന്റെ കുടുംബത്തിൽനിന്നും ദിമിശ്ക്കിലെ സമൂഹത്തിനിടയിൽനിന്നും ഒരുപാട് പ്രയാസങ്ങൾ സഹിക്കേണ്ടി വന്നിട്ടുണ്ട്.

എഴുതുന്നു: എനിക്ക് ഇദൽബി സാഹിബ് മുഖേനയാണ് അഹ്മദിയ്യത്തിനെ കുറിച്ച് അറിയാൻ കഴിഞ്ഞത്. ഖാലിദ് ഉസാം സാഹിബിനു അദ്ദേഹത്തിന്റെ ദജ്ജാലിനെ കുറിച്ചുള്ള ഒരു പുസ്തകം എവിടെ നിന്നോ കിട്ടി. എനിക്ക് ഈ പുസ്തകം വളരെ ഇഷ്ടപ്പെട്ടു. അതെന്റെ എല്ലാ കാര്യങ്ങളും മാറ്റി മറിച്ചു. അതിനുശേഷം ഞാൻ അദ്ദേഹത്തിന്റെ മുർത്തദ്ദിനെ സംബന്ധിച്ചും പിന്നെ ജിന്നുകളെ സംബന്ധിച്ചുമുള്ള പുസ്തകവും വായിച്ചു. തുടർന്ന് അദ്ദേഹവുമായി ഫോണിൽ ബന്ധപ്പെട്ടു. പിന്നെ ഞാനും ഖാലിദ് ഉസാം സാഹിബും ബയ്അത്ത് ചെയ്തു. പരേതൻ അതിനെക്കുറിച്ച


**• ഹദീഥുന്നബ്‌വി ﷺ •**

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വി ﷺ •**

"തഹാദൂ തഹാബ്ബൂ."
സ്നേഹം വർധിക്കുന്നതിനുവേണ്ടി പരസ്പരം സമ്മാനങ്ങൾ കൈമാറുവിൻ.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

റിഞ്ഞപ്പോൾ ഒരുപാട് സന്തോഷിച്ചു.

ഖമ്വർ ജമാഅത്ത് സ്വദ്ർ ഡോക്ടർ ഇംറാൻ റഹ്മാൻ സാഹിബ് പറയുന്നു: അദ്ദേഹം വളരെയേറെ വിനയാനതനായിരുന്നു. ജമാഅത്ത് സംവിധാനവുമായി ശക്തമായ ബന്ധമുണ്ടായിരുന്നു. ഖിലാഫത്തിനോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും അനുസരണവും അനിതര സാധാരണമായിരുന്നു. എം.ടി.എ മുഖേന ഖുത്ബകൾ ഇവിടെ കേൾക്കുകയും മറ്റു പ്രോഗ്രാമുകൾ കാണുകയും അതു സംബന്ധിച്ച് ഞാനുമായി വളരെയേറെ സംസാരിക്കുകയും ചെയ്തിരുന്നു. സാമ്പത്തിക ത്യാഗത്തിലും മുൻപന്തിയിലായിരുന്നു. ചന്ദ എത്രയും ആദ്യം കൊടുത്തു തീർക്കുന്നത് ഉറപ്പാക്കിയിരുന്നു. അദ്ദേഹത്തിന്റെ വഖ്ഫു ജദീദ് ചന്ദ ബാക്കിയുള്ളത് വന്ന് വാങ്ങുന്നതിനു വേണ്ടി വഫാത്തിന് കുറച്ചുദിവസം മുമ്പേ അദ്ദേഹം എന്നെയും മുറബ്ബി സാഹിബിനെയും മാൽ സെക്രട്ടറിയെയും വീട്ടിൽ വിളിച്ചു.

തെറ്റായ റിപ്പോർട്ടുകൾ കാരണം അവിടെയുള്ള സെക്യൂരിറ്റി ഉദ്യോഗസ്ഥർ അദ്ദേഹത്തെ അന്വേഷിച്ചുവരികയും പിന്നീട് വെറുതെ വിടുകയും ചെയ്തു. പഴയ കാര്യങ്ങളാണ് പറയുന്നത്. 1988-ൽ അദ്ദേഹത്തിന് ശാമിലുണ്ടായ അനുഭവമാണ്.

അദ്ദേഹത്തെ പറ്റി ഒരാൾ എഴുതുന്നു:ശാമിൽ ടി.വി പ്രോഗ്രാമുകളിൽ നിരവധി തവണ അദ്ദേഹത്തെ ക്ഷണിച്ചിരുന്നു. അവിടെ അദ്ദേഹം ഇസ്‌ലാമിൽ മുർത്തദ്ദിനുള്ള ശിക്ഷ നിഷേധിച്ചുകൊണ്ട് പേരുകേട്ടപണ്ഡിതന്മാരുമായി വാദപ്രതിവാദം ചെയ്തു. തുടർന്ന് അദ്ദേഹത്തെ വധിക്കുമെന്നുള്ള ഭീഷണികൾ ലഭിച്ചു തുടങ്ങി. അതിൽ ചിലത് ഓൺലൈനിലൂടെ പ്രസിദ്ധീകരിക്കുകയും ചെയ്തു. അദ്ദേഹമൊരിക്കൽ ഫേസ്ബുക്കും ഉപയോഗിച്ചിരുന്നു. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ ലിഖിതങ്ങളിലുള്ള ഉദ്ധരണികളും ഷെയർ ചെയ്തിരുന്നു. അത് അഹ്മദികളും അനഹ്മദികളുമെല്ലാം ഫോളോ ചെയ്തിരുന്നു. അദ്ദേഹം തന്റെ മുഴുവൻ ജീവിതവും അവസാനശ്വാസംവരെയും തന്റെ തൂലികയും വാക്കുകളും മുഖേന അടിയുറച്ചു നിന്നു. ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ സന്ദേശവും അല്ലാഹുവിന്റെ സത്യദീൻ പരത്തണമെന്നതുമായിരുന്നു അദ്ദേഹത്തിന്റെ ഏക ചിന്ത. സന്ദർഭം കിട്ടുമ്പോളെല്ലാം അവിടെയിരുന്ന് അഹ്മദിയ്യത്തിലേക്കും ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ സത്യസാക്ഷ്യത്തിലേക്കും അദ്ദേഹത്തിന്റെ സന്ദേശ പ്രചാരണത്തിലേക്കും സംസാരങ്ങൾ തിരിക്കുന്നതിനുള്ള ഒരു സന്ദർഭവും അദ്ദേഹം ഒഴിവാക്കിയിരുന്നില്ല. അല്ലാഹു അദ്ദേഹത്തോടു പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും നന്മകൾ തുടർന്നു കൊണ്ടുപോകാൻ തൗഫീഖ് നൽകുമാറാകട്ടെ. അദ്ദേഹത്തിന്റെ പദവികളുയർത്തുമാറാകട്ടെ.

മൂന്നാമത്തെ അനുസ്മരണം അബ്ദുൽ ബാരി ത്വാരിഖ് സാഹിബിനെ കുറിച്ചാണ്. അദ്ദേഹം റബ്വയിലെ വഖ്ഫു ജദീദിൽ കമ്പ്യൂട്ടർ സെക്ഷൻ ഇൻചാർജായിരുന്നു. കഴിഞ്ഞദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ കുടുംബത്തിൽ അദ്ദേഹത്തിന്റെ പ്രപിതാമഹൻ ചൗദരി മുഹമ്മദ് യാർ(ഘട്ടാലിയാൻ, ജില്ലാ സിയാൽകോട്ട്)മുഖേനയാണ് അഹ്മദിയ്യത്തെത്തിയത്. അദ്ദേഹം 1993-ൽ കത്തുമുഖേന ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്ത് സ്വീകരിച്ചു. അദ്ദേഹത്തിന്റെ പിതാമഹൻ ചൗദരീ ഗുലാം ഖാദിർ സാഹിബ് ജന്മനാ അഹ്മദിയായിരുന്നു.

അദ്ദേഹം എം.എസ്.സി കമ്പ്യൂട്ടർ സയൻസ് പഠിക്കുകയും കറാച്ചിയിൽ ജോലി നോക്കുകയും ചെയ്തിരുന്നു. പിന്നീട് അദ്ദേഹത്തിന് കാൻസർ രോഗം പിടിപ്പെട്ടു. അതിൽനിന്ന് രോഗശമനമുണ്ടായെങ്കിലും വീണ്ടും രോഗം മൂർച്ഛിച്ചു. പിന്നെ അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഇന്റെ സവിധത്തിലെഴുതിയപ്പോൾ ഹോമിയോപ്പതി മരുന്ന് അയച്ചു കൊടുത്തു. ഹോമിയോ ചികിത്സ നടത്താനും പറഞ്ഞു. ഇതോടൊപ്പം അദ്ദേഹം വഖ്ഫിനുള്ള അപേക്ഷയും നൽകി. അത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)സ്വീകരിച്ചു. അദ്ദേഹത്തെ തഹ്‌രീക്കെ ജദീദിൽ അയക്കുകയും പിന്നീട് വഖ്ഫെ ജദീദിൽ നിയമിക്കുകയും ചെയ്തു. എല്ലാ ഓഫീസുകളും കമ്പ്യൂട്ടൈറ്റ്സ്ഡ് ചെയ്തതു കൂടാതെ അവിടെയുള്ള ജമാഅത്തിന്റെ മറ്റു ഓഫീസുകളിലും സേവനം ചെയ്തിട്ടുണ്ട്. പാകിസ്താന് പുറത്തുള്ള അഹ്മദിയ്യാ ഹോസ്പിറ്റൽ കാനൂ നൈജീരിയ, അഹ്മദിയ്യാ ഹോസ്പിറ്റൽ ബെനിൻ എന്നിവ കമ്പ്യൂട്ടൈറ്റ്സ്ഡ് ചെയ്യാനുള്ള തൗഫീഖും ലഭിച്ചിട്ടുണ്ട്. കാനൂവിലെ ഡോക്ടർ സാഹിബ് പറയുന്നു: ഞങ്ങൾ കമ്പ്യൂട്ടൈറ്റ്സ്ഡ് ചെയ്യാനുദ്ദേശിച്ചപ്പോൾ ലക്ഷങ്ങളുടെ ചെലവാണ് പറഞ്ഞത്. വളരെ ചെലവ് കുറഞ്ഞവർ പോലും ആയിരക്കണക്കിന് ഡോളറുകളുടെ എസ്റ്റിമേറ്റാണ് തന്നത്. എന്നാൽ, ഇദ്ദേഹം അവിടെ വരികയും ഒരു മാസം താമസിച്ച് വളരെ ചെറിയ സംഖ്യയിൽ എല്ലാ ജോലികളും നിർവഹിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ മാതാവ്, ഭാര്യ, ഒരു മകൻ, അഞ്ചു സഹോദരങ്ങൾ, സഹോദരിമാർ, എന്നിവർ ഉൾപ്പെടുന്നു. രോഗം വന്നപ്പോൾ രോഗശമനം വന്നശേഷം വഖ്ഫു ചെയ്യാമെ ന്ന് സത്യം ചെയ്തിരുന്നു. പിന്നീട് അദ്ദേഹം 21 വർഷത്തോളം വഖ്ഫിന്റെ ആത്മാവനുസരിച്ച് രാപ്പകൽ നോക്കാതെ ജോലി ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം സ്ഥാപിച്ച മാതൃക വഖ്ഫുചെയ്ത എല്ലാവർക്കും അനുകരിക്കാൻ പറ്റുന്നതാണ്.

അൻസ്വാറുല്ലാഹ് മാർക്കസിയയിൽ ഖാഇദ് എന്ന നിലയ്ക്കും പ്രവർത്തിച്ചിരുന്നു. അവിടെ പോകുന്നതിനു തയ്യാറെടുത്തു കൊണ്ടിരിക്കുമ്പോഴാണ് ഹൃദയസ്തംഭനമുണ്ടായി വഫാത്തായത്. സ്വദ്ർ അൻസ്വാറുല്ലാഹ് ഡോക്ടർ സുൽത്വാൻ സാഹിബ് പറയുന്നു: അദ്ദേഹം ജമാഅത്ത് വ്യവസ്ഥിതിയോടും ജമാഅത്തിനോടും ഖിലാഫത്തിനോടും വളരെ കൂറുള്ള വ്യക്തിയായിരുന്നു. അദ്ദേഹം തന്റെ വഖ്ഫു വളരെ കൂറോടുകൂടി പൂർത്തിയാക്കി. അദ്ദേഹം ദീനീ സേവനത്തിൽ എപ്പോഴും മുഴുകിയിരുന്നു. അതിൽ മുഴുകുന്നതിൽ സന്തോഷം കണ്ടെത്തിയിരുന്നു. ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ സമാധാനം കണ്ടെത്തിയിരുന്നു. ആരോ അദ്ദേഹത്തോടു പറഞ്ഞു:ആളുകൾക്ക് നിങ്ങൾ സേവനം ചെയ്യുമ്പോൾ, സോഫ്റ്റ്വയറും മറ്റുമുണ്ടാക്കി കൊടുക്കുമ്പോൾ നിങ്ങൾക്ക് ഒരുപാട് അധ്വാനമുണ്ട്. അതിനുള്ള കൂലി വാങ്ങേണ്ടതാണ്. അദ്ദേഹം പറഞ്ഞു: ഞാൻ വഖ്ഫു ചെയ്തയാളാണ്. എന്റെ പ്രതിഫലം എനിക്ക് അല്ലാഹുവിന്റെ പക്കൽനിന്നു കിട്ടും. ഞാൻ പറഞ്ഞു വന്നതുപോലെ അദ്ദേഹം വഖ്ഫിന്റെ കർത്തവ്യങ്ങൾ യഥാവിധി നിറവേറ്റി. വഖഫിന്റെ അനുഗ്രഹങ്ങളിൽ അദ്ദേഹത്തിന് പൂർണ വിശ്വാസമുണ്ടായിരുന്നു. അവസാന ശ്വാസംവരെയും അദ്ദേഹം തന്റെ പ്രതിജ്ഞ പൂർത്തിയാക്കുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തോട് കരുണയോടും പൊറമയോടും വർത്തിക്കുമാറാകട്ടെ.*(വിവർത്തനം: എച്ച്. ശംസുദ്ദീൻ കാവശ്ശേരി)*

പേജ് 1 ൽ നിന്ന്

ചെയ്തു. രണ്ടാമത്തേത് മുമ്പോട്ടു ചുവടു വെച്ചവരാണ്. ഒരിക്കലും ക്ഷീണിച്ചില്ല. നടന്നുകൊണ്ടേ പോയി. അങ്ങനെ ലക്ഷ്യസ്ഥാനംവരെ എത്തി. പക്ഷേ, പൗരുഷമില്ലാത്ത കക്ഷി ദീനുൽഅജാഇസിൽനിന്ന് ചുവടു മുന്നോട്ടു വെച്ചെങ്കിലും ദൈവമാർഗത്തിലെ പ്രയാണം മറികടന്നില്ല. അവൻ തീർച്ചയായും നിരീശ്വരവാദിയായിത്തീരുന്നു. തങ്ങൾ നമസ്കരിച്ചുകൊണ്ടിരുന്നു, തപോയജ്ഞവും ചെയ്തു. പക്ഷേ, ഫലമൊന്നുമുണ്ടായില്ലെന്ന് ചിലർ പറയുന്നതുപോലെ! മൻസ്വൂർ മസീഹ് എന്ന വ്യക്തി വിവരിച്ചതുപോലെ. അയാൾ ക്രൈസ്തവനാകാനുള്ള കാരണം ഇതായിരുന്നു. അയാൾ ഗുരുക്കന്മാരുടെ അടുക്കൽ പോയി. തപോയജ്ഞം ചെയ്തുകൊണ്ടിരുന്നു. പക്ഷേ, ഒരു ഫലവുമുണ്ടായില്ല. തെറ്റുധരിച്ച് ക്രിസ്ത്യാനിയായി.

**സത്യസന്ധതയും ക്ഷമയും:**

ആരാണോ അക്ഷമരാകുന്നത് അവർ ശയ്ത്വാന്റെ

• ഹദീഥുന്നബ്‌വിﷺ •

**"അത്തഅ്സിയത്തു മർറത്തുൻ."**

**അനുശോചനം ഒറ്റത്തവണ മതി.**

ത്വാലിബെ ദുആ

**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

• ഹദീഥുന്നബ്‌വിﷺ •

**"അദ്ദുആഉ ഹുവൽ ഇബാദത്തു."**

**ദുആ തന്നെയാണ് യഥാർഥ ആരാധന**

ത്വാലിബെ ദുആ

**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

പിടിയിൽ അകപ്പെടുന്നു. അതിനാൽ മുത്തഖിയ്ക്ക് അക്ഷമയോടും യുദ്ധമാണ്. ബൂസ്താനിൽ ഒരു ആബിദിനെ കുറിച്ച് പറയപ്പെട്ടിരിക്കുന്നു. അദ്ദേഹം ആരാധനനടത്തുമ്പോഴെല്ലാം നീ തിരസ്കൃതനും കൈവെടിയപ്പെട്ടവനുമാണെന്നുള്ള അശരീരി കേൾക്കുന്നു. ഒരിക്കൽ ഒരു ശിഷ്യനും ഈ അശരീരി കേട്ടു. അയാൾ പറഞ്ഞു, ഇനിയിപ്പോൾ തീരുമാനമായല്ലോ. ഇനി തലകുത്തിമറിഞ്ഞിട്ടെന്തു കാര്യ. അയാൾ ഒരുപാട് കരഞ്ഞു. എന്നിട്ട് പറഞ്ഞു:ഞാൻ ഈ തിരുസന്നിധി വിട്ട് എവിടെ പോകാനാണ്. ശപിക്കപ്പെട്ടവനാണെങ്കിൽ അതെങ്കിലും ആയിക്കോട്ടെ. എന്നെ ശപിക്കപ്പെട്ടവനെന്ന് പറയുന്നതും എനിക്ക് ധന്യമാണ്. ഇക്കാര്യം മുരീദുനോടു പറഞ്ഞു കൊണ്ടിരിക്കുകയായിരുന്നു, 'നീ സ്വീകരിക്കപ്പെട്ടവനാണെന്ന്' അശരീരി കേട്ടു. അതിനാൽ ഇതെല്ലാം സത്യസന്ധതയുടേയും ക്ഷമയുടേയും ഫലമാണ്, അത് മുത്തഖിയിൽ ഉണ്ടായിരിക്കേണ്ടത് നിബന്ധനയാണ്. *(മൽഫൂദാത്ത് വാല്യം 1, പേജ് 14 - 16)*

പേജ് 24 ൽ നിന്ന്

അമ്പെയ്തു. രണ്ട് അമ്പുകളും അയാൾക്കേറ്റു. അയാൾ രണ്ട് കുതിരകളെ ഉപേക്ഷിച്ച് ഓടിപ്പോയി. ഞാൻ അവ രണ്ടിനെയും പിടിച്ചെടുത്തു. അവയെയും കൊണ്ട് വരികയായിരുന്നു. അപ്പോഴേക്കും നബിﷺതിരുമേനിയും എത്തി. അങ്ങനെ ഞാൻ അവയെ നബിﷺതിരുമേനിയുടെ സന്നിധിയിലെത്തിച്ചു. *(സുബുലുൽഹുദാ വർറശാദ് വാല്യം 5, പേജ് 98-99, ദാറുൽകുതുബുൽ ഇൽമിയ്യ 1993)*

നബിﷺതിരുമേനി ദൂഖർദിൽ എത്തിയതിനെ സംബന്ധിച്ച് ഇങ്ങനെ വിവരിക്കുന്നുണ്ട്. ഹദ്റത്ത് സലമؓപറയുന്നു: നബിﷺതിരുമേനി ഇശായുടെ നേരത്ത് അവിടെയെത്തി താവളമടിച്ചു. അവിടെയാണ് ഞാൻ ശത്രുക്കളെ തടയുകയും ചെയ്തിരുന്നത്. ഞാൻ ശത്രുക്കളിൽനിന്ന് പിടിച്ചെടുത്ത ഒട്ടകങ്ങളും സാധനങ്ങളുമെല്ലാം നബിﷺതിരുമേനിയുടെ അധീനത്തിൽ വന്നുകഴിഞ്ഞിരുന്നു. ഹദ്റത്ത് ബിലാൽؓഒട്ടകങ്ങളിലൊന്നിനെ അറുത്തു. അത് ശത്രുക്കളിൽനിന്ന് പിടിച്ചെടുത്തതായിരുന്നു. നബിﷺതിരുമേനിക്ക് അതിന്റെ കരളും പൂഞ്ഞയും വേവിച്ചു കൊടുത്തു. ഹദ്റത്ത് സഅ്ദ് ബിൻ ഉബാദؓ ഈന്തപ്പഴങ്ങൾ കയറ്റിയ പത്ത് ഒട്ടകങ്ങളെയാണ് കൊടുത്തയച്ചത്. അവിടെവച്ച് നബിﷺതിരുമേനിക്ക് അത് കിട്ടി. ഹദ്റത്ത് സലമؓ പറയുന്നു: 'ഞാൻ പറഞ്ഞു, ഞാൻ ശത്രുക്കളെ വെള്ളത്തിൽനിന്ന് തടഞ്ഞിരുന്നു. അവർ ദാഹിക്കുന്നവരായിരുന്നു. അങ്ങ് എന്നോടൊപ്പം 100 യോദ്ധാക്കളെ പറഞ്ഞയച്ചാലും, ഞാൻ അവരെ പിന്തുടർന്ന് അവരുടെ എല്ലാ ചാരന്മാരെയും കൊല്ലുന്നതാണ്. നബിﷺതിരുമേനി പുഞ്ചിരിച്ചു. തീയുടെ വെളിച്ചത്തിൽ നബിﷺതിരുമേനിയുടെ പരിശുദ്ധ ദന്തങ്ങൾ കാണപ്പെടുന്നുണ്ടായിരുന്നു. നബിﷺതിരുമേനി പറഞ്ഞു: 'സലമാ അങ്ങയ്ക്ക് അങ്ങനെ ചെയ്യാൻ കഴിയുമോ?' ഞാൻ പറഞ്ഞു: 'അങ്ങയ്ക്ക് അന്തസ്സ് നല്കിയ അല്ലാഹുവാണെ സത്യം! ചെയ്യാൻ കഴിയും.' നബിﷺതിരുമേനി പറഞ്ഞു:മലക്തഫ അസ്ജിഹ് താങ്കൾ അവരുടെമേൽ ആധിപത്യം സ്ഥാപിച്ചാൽ അനുകമ്പ കാണിക്കുക. ഇത് അറബിഭാഷയിലെ ഒരു പ്രയോഗമാണ്. അതിനർഥം ഏറ്റവും നല്ല രീതിയിൽ മാപ്പ് കൊടുക്കുന്നത് സൗമ്യമായി പെരുമാറി കൊണ്ടാണ്. കഠിനമായി അവരോട് വർത്തിക്കരുത്. അവർ ഇനി പോയിട്ടുണ്ടെങ്കിൽ അവരെ വിടുക, അവരെ പിന്തുടരേണ്ട കാര്യമില്ല.

ഈ യുദ്ധത്തിന്റെ സംഭവങ്ങളിൽ ഹദ്റത്ത് സലമയുടെ ഒരു സംഭവം വിവരിച്ചുകൊണ്ട് നബിﷺതിരുമേനി സ്വുബ്ഹി നേരത്ത് പറഞ്ഞു: "ഇന്നത്തെ ഏറ്റവും നല്ല കുതിരപ്പടയാളി അബൂ ഖത്താദയും ഏറ്റവും നല്ല കാലാൾഭടൻ സലമ ബിൻ അക്‌വഉം ആകുന്നു. ഹദ്റത്ത് സലമؓ പറയുന്നു:"നബിﷺതിരുമേനി എനിക്ക് ഏറ്റവും നല്ല കാലാൾഭടന്റേയും എനിക്ക് ഏറ്റവും നല്ല അശ്വഭടന്റേയും വീതം നൽകി. യാത്രയിൽ എന്നെ പിന്നിലിരുത്തി യാത്രയും ചെയ്തു." ഈ യാത്രയിൽ ഹദ്റത്ത് സലമയുടെ മറ്റൊരു നിവേദനവും ലഭിക്കുന്നുണ്ട്. ഹദ്റത്ത് സലമؓപറയുന്നു: "മദീനയിൽ തിരിച്ചു വരുന്ന നേരത്ത് ഞങ്ങൾ മദീനയുടെ അടുത്തെത്തിയപ്പോൾ ഓട്ടത്തിൽ വളരെ മികച്ച ഒരു അൻസ്വാരി, തന്നോട് ഓട്ടത്തിൽ മത്സരിക്കാൻ ആരെങ്കിലും തയ്യാറുണ്ടോ അതായത് തന്നോടൊപ്പം മദീനവരെയും ഓടാൻ ആർക്കു കഴിയും എന്നിങ്ങനെ വിളിച്ചു പറയുന്നുണ്ടായിരുന്നു. അദ്ദേഹം പലതവണ ഈ വിളംബരം ആവർത്തിച്ചു. പറയുന്നു: ഞാൻ നബിﷺതിരുമേനിയുടെ ഒട്ടകത്തിൽ പിന്നിലിരുന്നു സഞ്ചരിക്കുകയായിരുന്നു. ഞാൻ ആ അൻസ്വാരി സഹാബിയോട് ചോദിച്ചു: 'നീ ബഹുമാന്യരായ ആളുകളെ ആദരിക്കുന്നില്ലേ? ഇങ്ങനെ വിളംബരപ്പെടുത്തുമ്പോൾ നിനക്ക് ബഹുമാന്യരായ ആളുകളെ സംബന്ധിച്ച് ഭയമില്ലേ?' അദ്ദേഹം പറഞ്ഞു: 'ഇല്ല. ഞാൻ നബിﷺതിരുമേനിയെ അല്ലാതെ മറ്റാരെയും ഭയപ്പെടുന്നില്ല.' അപ്പോൾ ഞാൻ നബിﷺതിരുമേനിയോടു പറഞ്ഞു: 'യാ റസൂലല്ലാഹ്! എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമാണ്, എനിക്ക് ആ വ്യക്തിയുമായി ഓട്ടപ്പന്തയം നടത്താൻ അനുമതി നൽകിയാലും.' നബിﷺതിരുമേനി പറഞ്ഞു: 'ശരി, താങ്കളാഗ്രഹിക്കുന്നെങ്കിൽ അങ്ങനെ ആകട്ടെ!' അദ്ദേഹം ആ വ്യക്തിയോടു പറഞ്ഞു: 'വരൂ!' പിന്നീട് പറയുന്നു: 'ഞാൻ കുതിച്ചു പാഞ്ഞു. അങ്ങനെ ഒന്നോ രണ്ടോ താഴ്‌വര പിന്നിട്ടു. അതായത് അദ്ദേഹം മുന്നിലും ഞാൻ പിന്നിലുമായിരുന്നു. ഞാനെന്റെ സർവ്വശക്തിയും സംഭരിച്ചു കൊണ്ടിരുന്നു. പിന്നെ ഞാൻ വേഗം കൂട്ടി. അങ്ങനെ അദ്ദേഹത്തിന്റെ അടുത്തുവരെ എത്തി, അദ്ദേഹത്തിന്റെ ചുമലിൽ കൈ തട്ടി, പറഞ്ഞു: 'അല്ലാഹുവാണെ സത്യം! ഞാൻ നിന്നെ മുൻ കടന്നിരിക്കുന്നു.' അദ്ദേഹം പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: ഞാനും അങ്ങനെയാണ് കരുതുന്നത്. അങ്ങനെ ഞാൻ അദ്ദേഹത്തേയും പിന്നിട്ട് മദീനയിലെത്തുകയും ചെയ്തു.

ഈ യുദ്ധനടപടിക്കുവേണ്ടി നബിﷺതിരുമേനി മദീനയ്ക്ക് പുറത്ത് എത്ര കാലമാണ് തങ്ങിയത് എന്നതിനെ സംബന്ധിച്ചുള്ള വിശദീകരണത്തിൽ എഴുതുന്നു: 'നബിﷺതിരുമേനി ബുധനാഴ്ച രാവിലെ പുറപ്പെട്ടു. പിന്നീട് ശത്രുക്കളിൽ നിന്നുള്ള എന്തെങ്കിലും അറിയിപ്പു കിട്ടുന്നുണ്ടോ എന്നറിയാൻ ഒരു രാത്രിയും ഒരു പകലും ദൂഖരദിൽ താമസിച്ചു. തുടർന്ന് തിങ്കളാഴ്ച ദിവസം മദീനയിൽ തിരിച്ചെത്തി. ഇങ്ങനെ അഞ്ചു രാത്രിയാണ് നബിﷺതിരുമേനി മദീനയ്ക്ക് പുറത്ത് കഴിച്ചുകൂട്ടിയത്.

ഈ യുദ്ധത്തിൽ ശഹീദായ സ്വഹാബിമാരുടെ വിശദീകരണം ഇങ്ങനെയാണ്; മുസ്‌ലിമീങ്ങളിൽ നിന്ന് ഹദ്റത്ത് മുഹ്‌രിസ്ബ്നു നള്ല ശഹീദായി. ഇബ്നു ഹിശാം പറയുന്നതനുസരിച്ച്, ഇബ്നി വഖാസ് ബിൻ മുജസ്സിസും ശഹീദായി. ഇവരെക്കൂടാതെ ഹദ്റത്ത് അബൂദർറിന്റെ മകൻ യുദ്ധത്തിനു മുമ്പേ ഒട്ടകങ്ങളുടെ തൊഴുത്തിൽവച്ച് ശഹീദാക്കപ്പെട്ടു. സത്യനിഷേധികളെ സംബന്ധിച്ച് എഴുതുന്നു: സത്യനിഷേധികളിൽ നിന്ന് അബ്ദുർറഹ്മാൻ ബിൻ ഉയയ്നഹ്, ഹുബയ്ബ് ബിൻ ഉയയ്നഹ്, മസ്അദഹ് ബിൻ ഹകമ ഫസാരി, ഔബാർ, അയാളുടെ മകൻ അംറ് എന്നിവർ കൊല്ലപ്പെട്ടു. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 100-104, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)(ഉംദത്തുൽഖാരി വാല്യം 14, പേജ് 286, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 95, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)*

ഹദ്റത്ത് അബൂദർറിന്റെؓ ഭാര്യയെ ശത്രുക്കൾ ബന്ദിയാക്കി കൊണ്ടുപോയി. അതിനെപ്പറ്റി നേരത്തെ പരാമർശിച്ചു കഴിഞ്ഞതാണ്. അക്രമകാരികൾ ഹദ്റത്ത് അബൂദർറിന്റെؓ ഭാര്യയെ പിടിച്ചു കൊണ്ടു പോയിരുന്നു. ശത്രുക്കൾ അവരെ ബന്ധനസ്ഥയാക്കി. അവർ തങ്ങളുടെ വളർത്തുമൃഗങ്ങളെ വീടിനുമുന്നിൽ രാത്രി കെട്ടിയിടുക പതിവായിരുന്നു. ഒരു രാത്രി ആ സ്ത്രീ ബന്ധനത്തിൽ നിന്ന് രക്ഷപ്പെടുകയും അടുത്തുതന്നെ കെട്ടിയിട്ടിട്ടുണ്ടായിരുന്ന ഒട്ടകങ്ങളുടെ അടുത്തെത്തുകയും ചെയ്തു. അവർ ഏതു ഒട്ടകത്തിന്റെ അടുത്തെത്തുമ്പോഴും അത് ശബ്ദമുണ്ടാക്കിയിരുന്നു. അപ്പോൾ അതിനെ ഒഴിവാക്കി മറ്റൊന്നിന്റെ അടുത്തെത്തുമ്പോൾ അതും ശബ്ദമുണ്ടാക്കിയിരുന്നു. അങ്ങനെ അവർ ശത്രുക്കൾ കൊള്ളയടിച്ചു കൊണ്ടുപോയ നബിﷺതിരുമേനിയുടെ ഒട്ടകമായ അള്ബാഉന്റെ അടുക്കലെത്തി. അതിന്റെ അടുത്തെത്തിയപ്പോൾ അത് ശബ്ദമൊന്നുമുണ്ടാക്കിയില്ല. വളരെ സമാധാനത്തിൽ അത് നിൽക്കുകയായിരുന്നു. കാരണം ഇണങ്ങിയ ഒട്ടകമായിരുന്നു അത്. ആ സ്ത്രീ അതിന്റെ പുറത്തുകയറി യാത്ര തിരിച്ചു. ശത്രുക്കൾ അവർ രക്ഷപ്പെട്ടുവെന്ന് അറിഞ്ഞപ്പോൾ അവരെ പിടികൂടാൻ ആഗ്രഹിച്ചു. പക്ഷേ, പിടിക്കാൻ കഴിഞ്ഞില്ല.

നിവേദകൻ പറയുന്നു: ആ സ്ത്രീ അല്ലാഹുവിനോടു അല്ലാഹുവേ! ഈ ഒട്ടകം മുഖേന നീ എനിക്ക് രക്ഷപ്പെടാനുള്ള അവസരം നൽകുകയാണെങ്കിൽ തീർച്ചയായും അതിനെ ബലിയറുക്കാൻ തയ്യാറാണെന്ന് നേർച്ച നേരുകയായിരുന്നു. അങ്ങനെ അവർ മദീനയിലെത്തി. ജനങ്ങൾ പറഞ്ഞു: ഇത് നബിﷺതിരുമേനിയുടെ ഒട്ടകമായ അള്ബാഅ് ആകുന്നു. ആ സ്ത്രീ പറഞ്ഞു: അല്ലാഹു ഈ ഒട്ടകം മുഖേന തനിക്ക് രക്ഷപ്പെടാനുള്ള വഴിയൊരുക്കുകയാണെങ്കിൽ അതിനെ ബലിയർക്കാമെന്ന് ഞാൻ നേർച്ച നേർന്നതാണ്. ഈ വാദപ്രതിവാദത്തിന്നിടയിൽ ആളുകൾ നബിﷺതിരുമേനിയുടെ തിരുസന്നിധിയിലെത്തിഎല്ലാ കാര്യങ്ങളും വിശദീകരിച്ചു. നബി തിരുമേനിﷺ പറഞ്ഞു: സുബ്ഹാനല്ലാഹ്! ഈ സ്ത്രീ ഒട്ടകത്തിന് എത്ര മോശമായ പ്രതിഫലമാണ് നൽകുന്നത്! ഇത് അവരെ രക്ഷപ്പെടുത്തിക്കൊണ്ടുവന്നു, പക്ഷേ, അതിനുള്ള പ്രതിഫലം നൽകുന്നത് ഇങ്ങനെയാണോ? ഈ ഒട്ടകം മുഖേന തനിക്ക് രക്ഷപ്പെടുത്തുന്ന, രക്ഷപ്പെടാനുള്ള അവസരം കിട്ടുകയാണെങ്കിൽ അതിനെ അറുക്കാമെന്ന് നേർച്ച നേർന്നിരിക്കുന്നു! ഇത് നല്ല പ്രതിഫലമല്ല. പിന്നീട് നബിﷺതിരുമേനി പറഞ്ഞു:

എന്തെങ്കിലും നേർച്ചകൾ ദൈവഹിത

ത്തിനെതിരായി ചെയ്യുകയാണെങ്കിൽ അത് നിറവേറ്റണ്ട കാര്യമില്ല. തന്റെ ഉടമസ്ഥതയിലില്ലാത്ത കാര്യത്തെ പറ്റി നേർച്ച അനുവദനീയമല്ല. നീ അതിന്റെ ഉടമസ്ഥ പോലുമല്ല. തുടർന്ന് നബിﷺതിരുമനി പറഞ്ഞു: ഇതെന്റെ ഒട്ടകമാണ്. നീ അല്ലാഹുവിന്റെപേരിൽ നന്മയോടും ബർക്കത്തോടുംകൂടി നിന്റെ വീട്ടിൽ പോവുക.'*(സ്വഹീഹ് മുസ്‌ലിം വാല്യം 8, പേജ് 236-237, ഹദീഥ് 3085)സീറത്ത് ഇബ്നു ഹിശാം, ഗസ്‌വ ദീ ഖറദ്, പേജ് 667, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്) (സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 95 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഇനി ഞാൻ മറ്റൊരു യുദ്ധ നടപടിയെ കുറിച്ച് പറയാം: ഇത് സരിയ്യഃ ഹദ്റത്ത് അബാൻ ബിൻ സയീദ് എന്ന പേരിൽ അറിയപ്പെടുന്നു. നജ്ദിലേക്ക് പോയതെന്ന് പറയപ്പെടുന്നു. ഈ സരിയ്യഃ ഹിജ്റ ഏഴാം വർഷം മുഹർറ മാസത്തിലായിരുന്നു നടന്നത്.*(ഗസ്‌വാത്ത് വ സരായ്യഃ, മുഹമ്മദ് അള്ഹർ ഫരീദിയ്യ പബ്ലിഷേർസ് സാഹിവാൽ)*

ഈ സരിയ്യഃ നടന്നത് ഹിജ്റ 7 ജമാദുൽ ആഖിർ എന്ന് വിവരിക്കപ്പെട്ടിരിക്കുന്നു. ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബുംؓഈ സരിയ്യഃ ഹിജ്റ ഏഴാം വർഷം മുഹർറ മാസത്തിലാണെന്ന് എഴുതിയിട്ടുണ്ട്.*(സുബുലുൽ ഹുദാ വർറശാദ് വാല്യം 6, പേജ് 128 ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 837)*

ഇത് നടന്ന കാലത്തെ പറ്റി കൂടുതൽ വിശ്വാസയോഗ്യമായത് ഹിജ്റ ഏഴാം വർഷം മുഹർറ മാസത്തിലാണ് എന്നതാണ്. കാരണം നിവേദനങ്ങളിൽ പറയുന്നു: ഖയ്ബറിലേക്ക് പുറപ്പെടുന്നതിനു മുമ്പേ മദീനയിൽനിന്ന് നജ്ദിലേക്കു ഹദ്റത്ത് അബാൻ ബിൻ സയീദിനെ അയച്ചിരുന്നു. ഖയ്ബറിലേക്കുള്ള യാത്ര മുഹർറം 7 ഹിജ്റയിലായിരുന്നു. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 6, പേജ് 115 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഹദ്റത്ത് അബാനെ സംബന്ധിച്ചു പറയുന്നു: അബാന്റെ പിതാവ് ഖുറയ്ശികളിൽ ഉന്നതരിൽ പെട്ട ആളായിരുന്നു. അദ്ദേഹത്തിന്റെ സഹോദരന്മാരായ അംറും ഖാലിദും നേരത്തെ മുസ്‌ലിമീങ്ങളായിരുന്നു. ഹബ്ശയിലേക്കുള്ള പലായനത്തിൽപ്പെട്ടവരായിരുന്നു. ഹദ്റത്ത് അബാൻ, ബദ്ർ യുദ്ധത്തിൽ മുശ്‌രിക്കീങ്ങളുടെ ഭാഗത്തുനിന്ന് പങ്കെടുത്തിരുന്നു. അദ്ദേഹം ഹുദയ്ബിയ്യ സന്ധിക്കിടയിൽ ഹദ്റത്ത് ഉഥ്മാന് അഭയം നൽകിയിരുന്നു. അംറും ഖാലിദും തിരിച്ചു വന്നപ്പോൾ അവർ അബാന് സന്ദേശം അയച്ചു. അങ്ങനെ അവർ മൂന്നുപേരും ഒന്നിച്ച് ഖയ്ബറിന്റെ ദിവസങ്ങളിൽ നബിﷺതിരുമേനിയുടെ സവിധത്തിലെത്തി, അബാൻ ഇസ്‌ലാം സ്വീകരിച്ചു. ഒരു നിവേദനത്തിൽ പറയുന്നു; ഹദ്റത്ത് അബാൻ ബിൻ സയീദ് ഹുദയ്ബിയ സന്ധിക്കും ഖയ്ബർ യുദ്ധത്തിനുമിടയിലാണ് ഇസ്‌ലാം സ്വീകരിച്ചത്. നബിﷺതിരുമേനിയുടെ വഫാത്ത് വേളയിൽ അബാൻ, ബഹ്റയ്നിലെ കൈകാര്യകർത്താവായിരുന്നു. അതിനുശേഷം അദ്ദേഹം ഹദ്റത്ത് അബൂബക്റിന്റെ അടുത്തു വരികയും ശാമിലേക്ക് പോവുകയും ചെയ്തു. ഹിജ്റ പതിമൂന്നാം വർഷമാണ് ശഹീദായത്. ഒരു നിവേദനം അനുസരിച്ച് ഹിജ്റ 27- ൽ ഉഥ്മാന്റെ ഖിലാഫത്തു കാലത്താണ് മരണപ്പെട്ടത്.*(അൽഇസ്വാബ ഫീ തമീസിസ്സഹാബ വാല്യം 1 പേജ് 168-170 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്) (ഉസുദുൽ ഗാബ വാല്യം 1, പേജ് 148, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഖയ്ബർ യുദ്ധത്തിന് പോകുന്നതിനു മുമ്പേ നബിﷺതിരുമേനി അബാൻ ബിൻ സയീദിന്റെ നേതൃത്വത്തിൽ നജ്ദിലേക്ക് ഒരു സൈന്യത്തെ അയച്ചിരുന്നു. നജ്ദ് പകുതി മണലാരണ്യമാണ്. പക്ഷേ, അവിടെ പച്ചപ്പുമുണ്ടായിരുന്നു. അതിൽ ഒരുപാട് താഴ്‌വരകളും മലകളുമുണ്ട്. ഇത് തെക്കുഭാഗത്ത് യമൻ, വടക്കുഭാഗത്ത് ശാമിലെ മണലാരണ്യം ഇറാഖുവരെ എത്തിയിരുന്നു. ഇതിന്റെ പടിഞ്ഞാറ് ഹിജാസിന്റെ മണലാരണ്യമാണ്. ഈ സ്ഥലം ഭൂനിരപ്പിൽ നിന്ന് 1200 മീറ്റർ ഉയരത്തിലാണ്. ഇതിന്റെ ഉയർച്ചയുടെ കാരണത്താൽ ഇതിനെ നജ്ദ് എന്ന് പറയുന്നു. ഈ സൈനിക നടപടിയുടെ ഉദ്ദേശ്യം നബിﷺതിരുമേനിയുടെ അഭാവത്തിലും മദീനയെ ശത്രു ഗോത്രങ്ങളിൽനിന്ന് സംരക്ഷിച്ചു നിറുത്തുകയായിരുന്നു. ഈ ഗോത്രങ്ങൾ എപ്പോഴും മദീനയെ ആക്രമിക്കുന്നതിനുള്ള ഉചിതമായ സമയം പാർത്ത് കഴിയുന്നവരായിരുന്നു. നബിﷺതിരുമേനി സ്വഹാബാക്കളുമായി മദീനയിൽനിന്ന് പുറത്തുപോകുമ്പോൾ അത് മദീനയെ ആക്രമിക്കുന്നതിനു ഉചിതമായ സമയമാണെന്ന് അവർ മനസ്സിലാക്കുകയും ചെയ്തിരുന്നു. ശത്രുക്കൾ കരുതിയത് നബിﷺതിരുമേനി ഇപ്പോൾ പുറത്താണ്, ജനങ്ങളും നബിﷺതിരുമേനിയുടെകൂടെ സൈന്യത്തിൽ മദീനയിൽനിന്ന് പുറത്താണ്. മദീനയിൽ വളരെ കുറച്ചാളുകൾ മാത്രമേ ഉള്ളൂ. അതുകൊണ്ട് മദീനയെ ആക്രമിച്ചു കീഴ്പ്പെടുത്താമെന്ന് അവർ ധരിച്ചിട്ടുണ്ടായിരുന്നു. ഈ ആശങ്ക കാരണം നബിﷺതിരുമേനി എപ്പോഴും ഏതെങ്കിലും യുദ്ധനടപടിക്കു പോകുമ്പോൾ ഇങ്ങനെയുള്ള ഗോത്രങ്ങൾക്കിടയിലേക്കും ചില സ്വഹാബാക്കളെ അയക്കാറുണ്ടായിരുന്നു.*(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാല്യം 8, പേജ് 412, ബസം ഇഖ്ബാൽ ലാഹോർ 2022)*

ഈ സരിയ്യഃയെ കുറിച്ചുള്ള വിവരണം സ്വഹീഹ് ബുഖാരിയിൽ ഇങ്ങനെ വന്നിരിക്കുന്നു: നബിﷺതിരുമേനി അബാനെ ഒരു സരിയ്യഃയിൽ നിയോഗിച്ചുകൊണ്ട് മദീനക്ക് പുറത്തുള്ള നജ്ദിൽ പറഞ്ഞയച്ചു. ഹദ്റത്ത് അബൂഹുറയ്റؓപറയുന്നു: അബാനും അദ്ദേഹത്തിന്റെ സുഹൃത്തുക്കളുമെത്തുന്നതിനു മുമ്പേ നബിﷺതിരുമേനി ഖയ്ബർ കീഴടക്കിയിരുന്നു. ഹദ്റത്ത് അബൂഹുറയ്റؓപറയുന്നു: ഞാൻ പറഞ്ഞു: ഇവർ വിജയത്തിനു ശേഷമാണല്ലോ വന്നത്. അതുകൊണ്ട് അവർക്ക് അതിന്റെ വിഹിതം കൊടുക്കേണ്ട കാര്യമില്ല. അവർക്ക് ഖയ്ബറിലെ സമരാർജിത സ്വത്തിൽനിന്ന് ഒരു വഹിതവും നൽകേണ്ടതില്ല. അങ്ങനെ അവരിരുകൂട്ടരും പരസ്പരം അസ്വാരസ്യത്തിലായി. നബിﷺതിരുമേനി പറഞ്ഞു: 'അബാൻ, ഇരിക്കുക!' നബിﷺതിരുമേനി അദ്ദേഹത്തിന് അതിൽനിന്ന് ഒരു വിഹിതവും നൽകിയില്ല. അദ്ദേഹം നേരിട്ട് യുദ്ധത്തിൽ പങ്കെടുക്കാത്തതായിരിക്കാം അതിനുള്ള കാരണം.*(സ്വഹീഹുൽ ബുഖാരി കിതാബുൽമഗാസി, ബാബ് ഗസ്‌വ ഖയ്ബർ ഹദീഥ് 4238, 4239)(സുബുലുൽ ഹുദാ വർറശാദ് വാല്യം 6, പേജ് 128 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഇനി മറ്റൊരു യുദ്ധത്തിന്റെ സ്മരണ ചരിത്രത്തിൽ ലഭിക്കുന്നുണ്ട്. അത് വളരെ പ്രസിദ്ധമാണ്. ഇത് ഖയ്ബർ യുദ്ധം എന്ന് പറയപ്പെടുന്നു. ഖയ്ബർ പ്രവിശാലമായ പച്ചളിപ്പുള്ള പ്രദേശമാണ്. അത് തടാകങ്ങളാലും വെള്ളത്തിന്റെ സമൃദ്ധിയാലും എപ്പോഴും പച്ചപിടിച്ചു കിടക്കുന്നു. അറേബ്യൻ ഉപദ്വീപിൽ ഈന്തപ്പനകളുടെ ഏറ്റവും വലിയ തോട്ടമായും ഇത് അറിയപ്പെടുന്നു. ഖയ്ബറിലെ കതീബഹ് താഴ്‌വരയിൽ മാത്രം 40,000 ഈന്തപ്പഴത്തിന്റെ മരങ്ങളുണ്ട്. ഇതിൽ നിന്ന് അതിന്റെ ഫലഭൂയിഷ്ഠമായ മണ്ണിനെ സംബന്ധിച്ചു നമുക്ക് അനുമാനിക്കാൻ കഴിയുന്നതാണ്. ഖയ്ബർ താഴ്‌വര മദീനയിൽനിന്ന് വടക്ക് ഏകദേശം 96 മെയിൽ ദൂരെയാണ്. ഇവിടെ വളരെക്കാലം മുമ്പേതന്നെ യഹൂദികൾ താമസിച്ചു വന്നിരുന്നു. ചരിത്രപരമായ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഹദ്റത്ത് മൂസാ നബിؑയുടെ കാലം തൊട്ടേ ഇവിടെ ബനീഇസ്രായേൽ വസിക്കുന്നുണ്ട്. ചില ചരിത്രകാരന്മാർ പറയുന്നു: ബുഖ്ത്ത നസ്സറിന്റെ കാലം മുതൽ യഹൂദികൾ ഇവിടെ താമസമാക്കിയതാണ്. മറ്റു ചില നിവേദനങ്ങളിലും വളരെ പുരാതനകാലം മുതൽത്തന്നെ ഇവിടെ യഹൂദികൾ വസിച്ചുവരുന്നുവെന്ന് പറയുന്നുണ്ട്. അവർ വലിയ വലിയ കോട്ടകൾ നിർമിച്ച് ഇവിടെ താമസിക്കുകയായിരുന്നു. അവരുടെ പക്കൽ ഈ പ്രദേശത്തിന് വലിയ പ്രാധാന്യമുണ്ട്. അതിപ്പോഴും പറയുകയും ചെയ്യുന്നു. ഖയ്ബർ എന്നതിന്റെ അർഥം ഹീബ്രു ഭാഷയിൽ കോട്ടകൾ എന്നാണ്. യഹൂദികളുടെ കുറച്ചുഗോത്രങ്ങൾ മദീനയിലും താമസിക്കുന്നുണ്ടായിരുന്നു. പക്ഷേ, ഖയ്ബറിലെ യഹൂദികളെ വ്യതിരക്തമാക്കിയിരുന്ന ഒരു കാര്യം ഇവിടെയുണ്ടായിരുന്ന യഹൂദികൾ മറ്റു യഹൂദികളെ അപേക്ഷിച്ച് ധൈര്യത്തിലും യുദ്ധത്തിലും സ്ഥൈര്യം കാണിക്കുന്നവരായിരുന്നു. അവർ തമ്മിലുള്ള പരസ്പര ഐക്യം മറ്റുള്ളവരെക്കാളും അധികമായിരുന്നു. ഇക്കാരണത്താൽ അറേബ്യയിൽ ശക്തിയിലും കഴിവിലും ഇവർ സുസംഘടിത സമൂഹമായി അറിയപ്പെടുന്നവരായിരുന്നു. *(സീറത്ത് എൻസൈക്ലോപീഡിയ വാല്യം 8, പേജ് 328-331, ദാറുസ്സലാം രിയാള് 1435 ഹിജ്റ)(ത്വബഖാത്തുൽ കുബ്റാ വാല്യം 2, പേജ് 81, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ഫർഹങ്കെ സീറത്ത് പേജ് 66, പ്രസാധനം സവാർ അക്കാഡമി കറാച്ചി)*

മദീനയിലെയും ഖയ്ബറിലെയും യഹൂദികളുടെ ഇസ്‌ലാമിനോടും നബിﷺതിരുമേനിയോടുമുള്ള നിലപാടുകൾ അവരുടെ ഗൂഢാലോചനയും പദ്ധതികളും കലാപങ്ങൾക്കുവരെ ഇടവരുത്തിയിട്ടുണ്ടായിരുന്നു. വെറുപ്പിലും ശത്രുതയിലും അതിരുകടന്നിരുന്ന ഈ സമൂഹം ഇസ്‌ലാമിനെയും നബിﷺതിരുമേനിയുടെ പരിശുദ്ധ വ്യക്തിത്വത്തെയും ഇല്ലാതാക്കാൻ തങ്ങളുടെ മുഴുവൻ ശക്തികളെയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതിൽ ഒരു കുറവും വരുത്തിയിരുന്നില്ല. എന്നാൽ, അതിനു നേർവിപരീതമായി നബിﷺതിരുമേനി യഹൂദികളോടു എപ്പോഴും സൗമ്യമായി വർത്തിക്കുകയാണ് ചെയ്തത്. അവരുമായി സന്ധി ഉടമ്പടികളുണ്ടാക്കി. അവരെപ്പോഴെങ്കിലും ഉടമ്പടി ലംഘിക്കുകയാണെങ്കിൽ നബിﷺതിരുമേനി എപ്പോഴും ആദ്യം അവർക്ക് പൊറുത്തു കൊടുക്കാനും മാപ്പാക്കാനുമാണ് ശ്രമിച്ചിരുന്നത്. എത്രത്തോളമെന്നാൽ, അവർ നബിﷺതിരുമേനിയെ വധിക്കുന്നതിനും പലപ്രാവശ്യം ശ്രമിച്ചിരുന്നു. ഉടമ്പടി ലംഘിച്ച്

ബാഹ്യ ശക്തികളെ മദീനയെ ആക്രമിക്കുന്നതിന് സഹായിക്കുകയും ചെയ്തിരുന്നു. അതിന് പകരമായി ആ യഹൂദികൾക്ക് ശക്തമായ ശിക്ഷ നൽകുമ്പോൾ പോലും അത് നീതിയുക്തമായിരുന്നു. മാത്രമല്ല നബിﷺ തിരുമേനിയുടെ അപരിമിതമായ പൊറുക്കലിന്റെയും മാപ്പു കൊടുക്കലിന്റെയും അവസ്ഥ എത്രത്തോളമായിരുന്നുവെന്നാൽ, ഇത്രയൊക്കെ ആയിരുന്നിട്ടുപോലും അവരുടെ ജീവനും സമ്പത്തിനും സംരക്ഷണം നൽകുകയും മദീനയിൽനിന്ന് പുറത്താക്കുമ്പോൾ കഴിയുന്നത്രയും സാധനങ്ങൾ മുഴുവൻ കൊണ്ടുപോകാൻ അനുവദിക്കുകയും ചെയ്തു. നബിﷺതിരുമേനിയുടെ ലക്ഷ്യം നഊദുബില്ലാഹ് ബലാൽക്കാരമായിരുന്നുവെങ്കിൽ മദീനയിലെ യഹൂദികൾ കൂടെക്കൂടെ ഉടമ്പടികൾ ലംഘിക്കുമ്പോൾ അവർക്ക് മാപ്പു കൊടുക്കില്ലായിരുന്നു. നബിﷺതിരുമേനിയുടെ ലക്ഷ്യം രക്തച്ചൊരിച്ചിൽ ആയിരുന്നുവെങ്കിൽ ബനുഖയ്നുഖായിനും ബനൂ നളീറിനും ജീവന് സംരക്ഷണം നൽകിയും അഭയം നൽകിയും ഒരിക്കലും സുരക്ഷിതമായി മദീനയിൽനിന്ന് പോകാൻ അനുവാദം നൽകില്ലായിരുന്നു. നബിﷺതിരുമേനിയുടെ ലക്ഷ്യം സമ്പത്തും സ്വത്തും കൈക്കലാക്കുകയെന്നതായിരുന്നെങ്കിൽ അറേബ്യൻ ഉപദ്വീപിലെ ഏറ്റവും വലിയ മൂലധനമുള്ളവരായി കരുതപ്പെട്ടിരുന്ന ബനു നളീർ ഗോത്രത്തിനു ഒരിക്കലും സ്വർണവും വെള്ളിയും പാത്രങ്ങളിലും വലിയ വലിയ സഞ്ചികളിലും നിറച്ച് മദീനയിലെ ആളുകൾക്ക് മുന്നിലൂടെ പ്രദർശിപ്പിച്ചു കൊണ്ടുപോകാൻ കഴിയുമായിരുന്നില്ല. നബിﷺതിരുമേനി മദീനയിലെ യഹൂദികളോടു പെരുമാറിയതുവെച്ച് നോക്കിയാൽ അവർ ഖയ്ബറിൽ താമസമാക്കിയതിനുശേഷം ഇസ്‌ലാമിനും ഇസ്‌ലാം മത സ്ഥാപകർക്കും അനുകൂലമായി രഞ്ജിപ്പിനും സമാധാനത്തിനുമുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുകയായിരുന്നു വേണ്ടിയിരുന്നത്. മദീനയിൽനിന്ന് പുറത്താക്കപ്പെട്ടതിനുശേഷം മദീനയിലെ കുറെ യഹൂദികൾ ഖയ്ബറിൽ പോയി താമസമാക്കിയിരുന്നു. ഖയ്ബർ നേരത്തെതന്നെ ഒരു വലിയ യുദ്ധ ശക്തിയായിരുന്നു. ഇപ്പോഴത് മുസ്‌ലിമീങ്ങൾക്കെതിരെ ഭയാനകമായ ഗൂഢാസൂത്രണങ്ങളുടെ കേന്ദ്രവുമായി മാറി. ഈ ഖയ്ബറിലെ യഹൂദികൾ തന്നെയായിരുന്നു വലിയ വലിയ യഹൂദി മൂപ്പന്മാരടങ്ങുന്ന സംഘവുമായി വന്ന് മക്കയിലെ മുശ്‌രിക്കീങ്ങളെ കാണാൻ മക്കയിലെത്തി നബിﷺതിരുമേനിയുടെ പരിശുദ്ധ അസ്തിത്വത്തെയും ഇസ്‌ലാമിനെയും ഇല്ലാതാക്കാൻ പദ്ധതി തയ്യാറാക്കിയത്. അവരെ അനുനയിപ്പിച്ചതിനുശേഷം സംഘങ്ങൾ വിവിധ ഗോത്രങ്ങളിൽ പോവുകയും ചെയ്തു. അങ്ങനെ 15,000 ആളുകളുടെ ഒരു വലിയ സൈന്യത്തെ തയ്യാറാക്കി, അതായത് അന്നത്തെ ചരിത്രത്തിലെ ഏറ്റവും വലിയ സൈന്യത്തെ സംഘടിപ്പിച്ച് മദീനയ്ക്കെതിരെ ആക്രമണം നടത്താനെത്തി. ഇത് ഇസ്‌ലാമിക ചരിത്രത്തിൽ അഹ്സാബ് യുദ്ധം അഥവാ ഖൻദക്ക് യുദ്ധം എന്ന് അറിയപ്പെടുന്നു. ഇത് സംബന്ധിച്ച് നേരത്തെ പറഞ്ഞു കഴിഞ്ഞതാണ്. പക്ഷേ, ഇസ്‌ലാമിനോടൊപ്പം അല്ലാഹുവിന്റെ പ്രത്യേക പിന്തുണയും സഹായവുമില്ലായിരുന്നെങ്കിൽ മുസ്‌ലിമീങ്ങൾ സഹിതം അന്ന് മദീനയും നാമാവശേഷമാകുമായിരുന്നു. ഈ എല്ലാ ഗൂഢപദ്ധതികളുടെയും നേതൃത്വം ഖയ്ബറിലെ യഹൂദികൾക്കായിരുന്നു എന്നതിൽ ഒരുവിധ സംശയവുമില്ല. ഇപ്പോൾ അവർ എല്ലാ സമയത്തും മുസ്‌ലിമീങ്ങളെ വിപാടനം ചെയ്യാൻ തീവ്രശ്രമത്തിലാണ്. മദീനയിലുണ്ടായിരുന്ന ബനൂ ഖുറയ്ളയുടെ ഉടമ്പടി ലംഘനത്തിന് അവർക്ക് ലഭിച്ച ആദ്യത്തെ ശക്തമായ ശിക്ഷയും ഖയ്ബറിലെ യഹൂദികൾക്ക് തങ്ങളുടെ നിലപാടുകളിൽ മാറ്റം വരുത്തുന്നതിന് കാരണമായില്ല. അതുകൊണ്ട് ഇനി ഉടമ്പടി ലംഘിക്കുന്നവരും ഗൂഢാസൂത്രണക്കാരുമായ ഈ സമൂഹത്തിനെതിരെ നേരിട്ട് എന്തെങ്കിലും ചുവടുകൾ എടുക്കേണ്ടത് അനിവാര്യമായിരുന്നു. അങ്ങനെയാണെങ്കിൽ മാത്രമേ ഈ പ്രദേശം സമാധാനത്തിലായിത്തുടരുകയുള്ളൂ. ഓരോരുത്തർക്കും താന്താങ്ങളുടെ സ്ഥലത്ത് സമാധാനത്തോടെയും ഭയമില്ലാതെയും തങ്ങളുടെ മതത്തെയും കർമ്മങ്ങളെയും അനുഷ്ഠിക്കുന്നതിനും കഴിയുകയുള്ളൂ. **യക്കൂനദ്ദീനു ലില്ലാഹി** അതായത് ദീൻ അല്ലാഹുവിനുമാത്രമാക്കണം. അതിൽ ഒരു തരത്തിലുള്ള ബലാൽക്കാരവും പാടില്ല. കാരണം അത് അല്ലാഹുവും അവന്റെ ദാസനും തമ്മിലുള്ള ബന്ധമാണ്.

വളരെ പ്രസിദ്ധ ഓറിയന്റലിസ്റ്റ് മണ്ടഗംരി വാട്ട് ഇസ്‌ലാമിനും ഇസ്‌ലാംമത സ്ഥാപകർക്കുമെതിരിൽ വിഷം ചീറ്റുന്നതിൽ ഒരിക്കലും അമാന്തിക്കാറില്ല. അയാളും തന്റെ ഗ്രന്ഥത്തിൽ എഴുതുന്നു: അതിന്റെ വിവർത്തനം ഇപ്രകാരമാണ്: ഖയ്ബറിനെ ആക്രമിക്കാനുള്ള നേർക്കുനേരെയും ലളിതവുമായ ഒരു കാരണമെന്തെന്നാൽ അവർ അതായത് ഖയ്ബർകാർ തങ്ങളുടെ സമ്പത്ത് യഥേഷ്ടം ചെലവഴിച്ചുകൊണ്ട് തങ്ങളുടെ അയൽപക്കത്തുള്ള അറബികളെ മുസ്‌ലിമീങ്ങൾക്കെതിരെ ആയുധങ്ങൾ കൊടുത്തു ഇളക്കി വിടുകയായിരുന്നു. ഇതാണ് നബിﷺതിരുമേനിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി ഖയ്ബറിനെ ആക്രമിക്കുന്നതിന് തീരുമാനമെടുത്തതിന്റെ പ്രധാന പശ്ചാത്തലം.(Muhammad Prophet and Stateman by W.Montgomery Watt p-g:189)

ഇതായിരുന്നു ആ പ്രധാന പശ്ചാത്തലം. നബിﷺതിരുമേനി ദൈവിക സൂചനകൾക്ക് വിധേയനായി ഖയ്ബറിലേക്ക് നീങ്ങാനുള്ള തീരുമാനമെടുത്തു. അല്ലാമാ ഇബ്നു സഅ്ദ് എഴുതിയിരിക്കുന്നു: ഖയ്ബർ യുദ്ധം ഹിജ്റ ഏഴാം വർഷം ജമാദുൽ അവ്വൽ മാസത്തിലാണ് നടന്നത്.*(ത്വബഖാത്തുൽ കുബ്റാ വാള്യം 2, പേജ് 81, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)* അതേസമയം ഇബ്നു ഉഖ്ബയുടെയും അല്ലാമാ ഇബ്നു ഇസ്ഹാഖിന്റെയും വീക്ഷണത്തിൽ നബിﷺതിരുമേനി ദുൽഹജ്ജ് മാസം ഹുദയ്ബിയയിൽ നിന്ന് മദീനയിൽ തിരിച്ചു വന്നപ്പോൾ അവിടന്ന് മദീനയിൽ ഏകദേശം 20 രാത്രി തങ്ങി. പിന്നീട് ഖയ്ബറിലേക്ക് തിരിച്ചു. ഇത് മുഹർറം മാസമായിരുന്നു. (സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 115 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്رضي الله عنه സീറത്ത് ഖാത്തമുന്നബിയ്യീനിൽ ബാക്കിയുള്ള ശീർഷകങ്ങൾക്ക് നൽകിയ കുറിപ്പുകളിൽ ഈ ഖയ്ബർ യുദ്ധം ഹിജ്റ ഏഴാം വർഷം മുഹർറം സഫർ മാസങ്ങളിലാണെന്ന് പറയുന്നു.*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്رضي الله عنهഎം.എ. പേജ് 837)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضي الله عنه വിവരിക്കുന്നു: നബിﷺതിരുമേനി ഹുദയ്ബിയയിൽനിന്ന് തിരിച്ചു വന്ന് ഏകദേശം അഞ്ചു മാസത്തിനുശേഷം ഒരു തീരുമാനമെടുത്തു; അതായത് മദീനയുടെ ഏതാനും കാതം അകലെ ഉണ്ടായിരുന്ന ഖയ്ബറിലെ യഹൂദികൾ അവിടെയിരുന്ന് മദീനയ്ക്കെതിരെ വളരെ എളുപ്പത്തിൽ ഗൂഢ തന്ത്രങ്ങളുണ്ടാക്കാൻ സാധ്യതയുള്ളതിനാൽ അവരെ പുറത്താക്കേണ്ടതാണ്. അങ്ങനെ 1600 സ്വഹാബാക്കളോടൊപ്പം ക്രിസ്തബ്ദം 628 ആഗസ്റ്റ് മാസത്തിൽ ഖയ്ബറിലേക്ക് പുറപ്പെട്ടു."*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാള്യം 20, പേജ് 325)*

ചില ചരിത്രകാരന്മാർ ഹുദയ്ബിയ സന്ധിക്ക് അഞ്ചു മാസത്തിനുശേഷം ഇത് നടന്നതായി വിവരിക്കുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضي الله عنه വിശുദ്ധ ഖുർആൻ പഠനത്തിന് ആമുഖം എന്ന ഗ്രന്ഥത്തിൽ വിവരിച്ചതും ഇതുതന്നെയാണ്. അതേസമയം ഭൂരിഭാഗം ചരിത്രകാരന്മാരും ഹദീഥുപടുക്കളും ഹുദയ്ബിയ സന്ധിക്ക് ഏതാനും ദിവസങ്ങൾക്കുശേഷം മുഹർറ മാസത്തിലാണ് ഇത് വിവരിച്ചിട്ടുള്ളത്. ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബുംرضي الله عنهഇത് സംബന്ധിച്ച് ഇങ്ങനെ തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വല്ലാഹു അഅ്ലമു).

അടിസ്ഥാനപരമായി ഹുദയ്ബിയ്യ സന്ധി ഒരു വലിയ വിജയമായിരുന്നു. വിശുദ്ധ ഖുർആനും അതിനെ ഒരു മഹത്തായ വിജയമായാണ് ഉദ്ധരിക്കുന്നത്. ഖുർആനിൽ പറയുന്നു:

**ഇന്നാ ഫതഹ്നാ ലക്ക ഫത്തഹമ്മുബീനാ**(48:2)

തീർച്ചയായും നാം നിനക്ക് സ്പഷ്ടമായൊരു വിജയം നൽകിയിരിക്കുന്നു. ഇത് ഒരു വൻ വിജയത്തിന്റെ കവാടമായിരുന്നു. അതിലൂടെ കടന്നുകൊണ്ടാണ് ഖയ്ബറും മക്കയും പോലെയുള്ള മഹത്തായ വിജയങ്ങൾ ലഭിച്ചത്. വാസ്തവത്തിൽ അല്ലാഹു വാഗ്ദാനം ചെയ്തിരുന്നത് അതാണ്. ഹുദയ്ബിയായിൽ നിന്ന് തിരിച്ചു വരുമ്പോൾ മക്കയ്ക്കും മദീനയ്ക്കുമിടയിലാണ് സൂറ ഫത്ഹ് അവതരിച്ചത്. ഈ സൂറത്തിൽ ഖയ്ബർ വിജയത്തെപ്പറ്റി സുവാർത്തയും നൽകപ്പെട്ടിരുന്നു;

**ലഖദ് റളിയല്ലാഹു അനിൽ മുഅ്മിനീന ഇദ് യുബായിഊനക്ക തഹ്തശ്ശജറത്തി ഫഅലിമ മാഫീ ഖുലൂബിഹിം ഫ അൻസലസ്സക്കീനത്ത അലയ്ഹിം വ അഥാബഹും ഫത്ഹൻഖരീബാ വ മഗാനിമ കഥീറത്തൻ യഅ്ഖുദൂനഹാ വ കാനല്ലാഹു അസീസൻ ഹക്കീമാ വഅദക്കുമുല്ലാഹു വ മഗാനിമ കഥീറത്തൻ തഅ്ഖുദൂനഹാ ഫഅജ്ജല ലക്കും ഹാദിഹീ**(48:19-21)

വൃക്ഷച്ചുവട്ടിൽവച്ച് സത്യവിശ്വാസികൾ നിന്നോട് അനുസരണ പ്രതിജ്ഞചെയ്യുകയായിരുന്നപ്പോൾ അല്ലാഹു അവരെക്കുറിച്ച് പൂർണമായും തൃപ്തിപ്പെട്ടിരിക്കുന്നു. അപ്പോൾ അവരുടെ ഹൃദയങ്ങളിലുള്ളത് അല്ലാഹു അറിഞ്ഞു. അങ്ങനെ അല്ലാഹു അവർക്ക് മനഃസ്സമാധാനം ഇറക്കിക്കൊടുത്തു. അവർക്ക് ആസന്നമായൊരു വിജയം പ്രതിഫലമായി നല്കുകയും ചെയ്തു. അവർ പിടിച്ചെടുക്കുന്ന ധാരാളം യുദ്ധ ദ്രവ്യങ്ങളും അവൻ അവർക്കു ന്ലകി. അല്ലാഹു പ്രതാപവാനും യുക്തിജ്ഞനുമാകുന്നു. നിങ്ങൾ പിടിച്ചെടുക്കുന്ന ധാരാളം യുദ്ധദ്രവ്യങ്ങൾ അല്ലാഹു നിങ്ങൾക്ക് വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇങ്ങനെ ഇത് അവൻ നിങ്ങൾക്ക് മുൻകൂട്ടി തന്നിരിക്കുകയാണ്.(48:19-21)

സൈന്യത്തിന്റെ തയ്യാറെടുപ്പും മദീനയിൽ നാഇബ് അമീർ നിശ്ചയിച്ചതും സംബന്ധിച്ചുള്ള വിശദീകരണത്തിൽ പറയുന്നു: നബിﷺതിരുമേനി ഖയ്ബറിലേക്ക് പോകുന്നതിനു വേണ്ടി വിളംബരപ്പെടുത്തിയപ്പോൾ പറഞ്ഞു: ഹുദയ്ബിയ സന്ധിയുടെ അവസരത്തിൽ ഉണ്ടായിരുന്നവർ മാത്രം പുറപ്പെട്ടാൽ മതി. ഒരു നിവേദനത്തിൽ നബിﷺതിരുമേനി പറഞ്ഞു: യുദ്ധമുതലുകൾ ആഗ്രഹിക്കുന്നവരാരും എന്റെ കൂടെ പുറപ്പെടേണ്ടതില്ല. ജിഹാദിനോടു താൽപര്യമുള്ളവർ മാത്രം എന്റെ കൂടെ വന്നാൽ മതി.*(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 115, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ത്വബഖാത്തുൽ കുബ്റാ വാള്യം 2, പേജ് 81, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഇബ്നു ഹിശാമിന്റെ വിവരണപ്രകാരം നുമയ്‌ലഹ് ബിൻ അബ്ദുല്ലാഹ് ലയ്ഥിയെ മദീനയിൽ തന്റെ നാഇബ് അമീറായി നിശ്ചയിച്ചു. ഇമാം ബുഖാരിയുടെ വിശദീകരണത്തിൽ ഹദ്റത്ത് സിബാഅ് ബിൻ ഉർഫുത്വഹിനെ നാഇബ് അമീറായി നിയമിച്ചു.*(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 115, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(അത്താരീഖുസ്സ്വഗീർ ലി ഇമാം ബുഖാരി പേജ് 43, മക് തബത്തുൽ മആരിഫ് 1986)*

അല്ലാമ ഇബ്നു ഇസഹാഖും ഇബ്നു സഅ്ദും വിവരിച്ചിരിക്കുന്നു:ഏറ്റവുമാദ്യം ഖയ്ബർ യുദ്ധത്തിലെ പതാകയെ സംബന്ധിച്ചുള്ള കാര്യമാണ് കിട്ടുന്നത്. ഇതിനുമുമ്പേ ചെറിയ പതാകകളാണുണ്ടായിരുന്നത്. ഹദ്റത്ത് അബൂബക്റിനുംؓ ഹദ്റത്ത് ഉമറിനുംؓ ഹദ്റത്ത് ഹുബാബ് ബിൻ മുൻദിറിനുംؓഹദ്റത്ത് സഅ്ദ് ബിൻ ഉബാദയ്ക്കും പതാകകൾ നൽകി. നബിﷺതിരുമേനിയുടെ പതാകയുടെ നിറം കറുപ്പായിരുന്നു. അത് ഹദ്റത്ത് ആഇശയുടെؓ പുതപ്പുകൊണ്ടാണ് ഉണ്ടാക്കിയിരുന്നത്. ഇതിന്റെ പേർ ഉഖാബ് എന്നായിരുന്നു. ഈ കൊടിയാണ് ഹദ്റത്ത് ഹുബാബ് ബിൻ മുൻദിറിന്റെ പക്കലുണ്ടായിരുന്നത്.*(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 3, പേജ് 52, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ശറഹ് സർഖാനീ വാള്യം 3, പേജ് 255, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

നിവേദനത്തിൽ ഹദ്റത്ത് അലിക്കുംؓ ഒരു കൊടി കൊടുത്തതായി പറയുന്നുണ്ട്. എന്നാൽ, അത് ഖയ്ബറിലാണ് നൽകപ്പെട്ടത്. കാരണം ഹദ്റത്ത് അലിؓ, നബിﷺതിരുമേനിയുടെ കൂടെ പുറപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന് കണ്ണുദീനമായിരുന്നു. ഒന്നും കാണാൻ കഴിയുന്നുമായിരുന്നില്ല. ഏതായിരുന്നാലും പിന്നീട് അസ്വസ്ഥനായി അദ്ദേഹം പുറപ്പെടുകയും ഖയ്ബറിലെത്തുകയും ചെയ്തു. അദ്ദേഹത്തിന് അവിടെ ക്ഷമിച്ചിരിക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. ഈ യാത്രയിൽ ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഉമ്മു സലമؓനബിﷺ തിരുമേനിയോടൊപ്പമുണ്ടായിരുന്നു. *(ദാഇറയെ മആരിഫ് സീറത്തുന്നബിﷺ വാള്യം 8, പേജ് 391, ബസം ഇഖ്ബാൽ ലാഹോർ 2022)(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 115, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 8, പേജ് 365, ദാറുസ്സലാം)*

ഒരു നിവേദനമനുസരിച്ച് ആറേഴ് സ്വഹാബിയാത്തും ഈ ഉദ്യമത്തിൽ നബിﷺതിരുമേനിയോടൊപ്പം പോയിരുന്നു. മറ്റൊരു നിവേദനം അനുസരിച്ച് 20 സ്വഹാബിയാത്ത് ഈ യുദ്ധത്തിൽ പങ്കെടുത്തു എന്ന് കാണുന്നു.

ഹദ്റത്ത് ഉമ്മു സിനാൻ അസ്‌ലമിയ്യؓ വിവരിക്കുന്നു: 'നബിﷺതിരുമേനി ഖയ്ബർ യുദ്ധത്തിന് പുറപ്പെട്ടപ്പോൾ ഞാൻ നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരായി പറഞ്ഞു: അനുമതി നൽകുകയാണെങ്കിൽ ഞാനും കൂടെ വരുന്നതാണ്. ഞാൻ വെള്ളം കുടിക്കാനുള്ള പാത്രങ്ങൾ വൃത്തിയാക്കുന്നതും സൈന്യത്തിന്റെ സാധനങ്ങൾ സംരക്ഷിക്കുന്നതും ആരെങ്കിലും രോഗിയാവുകയോ പരിക്കേൽക്കുകയോ ചെയ്താൽ അവരെ ശുശ്രൂഷിക്കുന്നതുമാണ്. അവർ പറയുന്നു: നബിﷺതിരുമേനി എനിക്ക് അനുമതി നൽകി. അതുപോലെ ബനൂ ഗഫ്ഫാറിലെ ചില സ്ത്രീകളും നബിﷺ തിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരായി പറഞ്ഞു: യാ റസൂലല്ലാഹ്! ഞങ്ങളും യുദ്ധത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ പരിക്കേറ്റവരെ ശുശ്രൂഷിക്കുന്നതും മുജാഹിദീങ്ങളെ ഞങ്ങളെക്കൊണ്ട്കഴിയും വിധം സഹായിക്കുന്നതുമാണ്. നബിﷺതിരുമേനി അവർക്കും അനുമതി നൽകുകയും അവർക്കു അനുഗ്രഹമുണ്ടാകാൻ ദുആ ഇരക്കുകയും ചെയ്തു. *(ദാഇറയെ മആരിഫ് സീറത്തുന്നബിﷺ വാള്യം 8, പേജ് 371, ബസം ഇഖ്ബാൽ ലാഹോർ 2022)(സുനൻഅബൂദാവൂദ്, കതിബുൽജിഹാദ് ഹദീഥ് 29)(ഇംതാഉൽ അസ്മാഅ് വാള്യം 1, പേജ് 321, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

നബിﷺതിരുമേനിയും സ്വഹാബാക്കളും തയ്യാറാകുന്നുവെന്ന് മദീനയിലെ യഹൂദികൾക്ക് അറിയിപ്പു കിട്ടിയപ്പോൾ അതവർക്ക് വളരെ അസ്വസ്ഥത ഉണ്ടാക്കി. നബിﷺതിരുമേനി ഖയ്ബറിൽ പ്രവേശിക്കുകയാണെങ്കിൽ ബനൂ ഖയ്നുഖായും ബനൂനളീറും ബനൂഖുറയ്ളയും നശിപ്പിക്കപ്പെട്ടതുപോലെ ഖയ്ബറും നശിക്കുമെന്ന് അവർ കരുതി. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 115, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

മദീനയിലെ യഹൂദികൾ സാമ്പത്തിക ശേഷിയുള്ളവരായിരുന്നു. മദീനയിലെ മുസ്‌ലിമീങ്ങൾ സാമ്പത്തിക ഞെരുക്കം കാരണം അവരിൽനിന്ന് കടം വാങ്ങിയിരുന്നു. ഇപ്പോൾ ഖയ്ബറിലെ യഹൂദികളുടെ നേട്ടത്തിനു വേണ്ടി മദീനയിലെ യഹൂദികൾ മുസ്‌ലിമീങ്ങളെ അസ്വസ്ഥരാക്കാനും യുദ്ധത്തിൽ നിന്ന് തടയുന്നതിനുവേണ്ടി എത്രയുംവേഗം തങ്ങളുടെ കടങ്ങൾ തിരിച്ചു ചോദിക്കാനും തുടങ്ങി. *(ഫത്ഹ് ഖയ്ബർ, അസ് ബാശമീൽ പേജ് 6, നഫീസ് അക്കാഡമി കറാച്ചി)*

ഒരു സ്വഹാബിയുടെ സംഭവം ലഭിക്കുന്നുണ്ട്. ഹദ്റത്ത് ഇബ്നി അബീ ഹദ്റദ് നിവേദനം. അദ്ദേഹം ഒരു അബുശഹം യഹൂദിക്ക് 5 ദിർഹം ഒരു നിവേദനമനുസരിച്ച് നാല് ദിർഹം കൊടുക്കാനുണ്ടായിരുന്നു. യഹൂദി അത് ഇബ്നി അബീ ഹദ്റദിനോടു ചോദിച്ചപ്പോൾ അദ്ദേഹം അയാളോടു പറഞ്ഞു: എനിക്ക് സാവകാശം തരൂ, ഞാൻ ഖയ്ബറിൽനിന്ന് തിരിച്ചുവന്ന ശേഷം ഇൻശാ അല്ലാഹ് നിന്റെ കടം വീട്ടുന്നതാണ്. കാരണം അല്ലാഹു അവന്റെ നബിയോടു ഖയ്ബറിൽ അദ്ദേഹത്തിന് സമരാജിത സ്വത്തുക്കൾ നൽകുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. അബൂ ശഹം യഹൂദി അസൂയയും വെറുപ്പും കാരണം അദ്ദേഹത്തോടു പറഞ്ഞു: ഖയ്ബർകാരോടു യുദ്ധം ചെയ്യുന്നത് സാധാരണ നാട്ടുമ്പുറത്തുകാരോടു യുദ്ധം ചെയ്യുന്നതുപോലെയാണെന്ന് നിങ്ങൾ കരുതിയോ? തൗറാത്താണം സത്യം! അവിടെ 10000 യുദ്ധ നിപുണന്മാരുണ്ട്. അവരിരുവരും നബിﷺതിരുമേനിയുടെ സവിധത്തിലെത്തി തങ്ങളുടെ കാര്യം അവതരിപ്പിച്ചു. ആ സമയത്ത് യുദ്ധത്തിന്റെ അടിയന്തരഘട്ടമായിരുന്നു. യഹൂദി പക്ഷപാദത്തിന്റെ പരമസീമയിലെത്തി ഖയ്ബറിനെ പിന്തുണയ്ക്കുകയും അവരോടുള്ള സഹാനുഭൂതി പ്രകടിപ്പിക്കുകയും മുസ്‌ലിം സൈന്യത്തെ പരിഹസിക്കുകയും ചെയ്തുകൊണ്ടിരുന്നു. നബിﷺതിരുമേനി ഭരണാധിപനായിരുന്നു. യഹൂദിക്ക് എന്തെങ്കിലും ശിക്ഷ ലഭിക്കാമായിരുന്നു. എന്നാൽ, അങ്ങേയറ്റത്തെ ക്ഷമയുടെയും സ്ഥൈര്യത്തിന്റെയും നീതിയുടെയും സഹവർത്തിത്വത്തിന്റെയും മാതൃകയാണ് കാണാൻ കഴിയുന്നത്. നബിﷺതിരുമേനി ആ യഹൂദിയുടെ അവകാശം അയാൾക്ക് കൊടുക്കുക എന്നു കൽപ്പിച്ചു. ഇബ്നു അബീ ഹദ്റദ് പറഞ്ഞു: അങ്ങയെ സത്യവുമായി അയച്ച നാഥനാണെ സത്യം! ഈ സമയത്ത് അയാളുടെ അവകാശം കൊടുത്തു തീർക്കാൻ എനിക്ക് കഴിവില്ല. നബിﷺതിരുമേനി പറഞ്ഞു: എങ്ങനെയായാലും അത് കൊടുത്തു വീട്ടുക. ഇബനി അബീ ഹദ്റദ് വിവരിക്കുന്നു: ഞാൻ എന്റെ തലപ്പാവ് അഴിച്ച് അരയിൽ കെട്ടി. അങ്ങനെ എന്റെ ഉടുമുണ്ട് അഴിച്ചു അത് അങ്ങാടിയിൽ വിൽക്കുകയും അതുകൊണ്ട് അയാളുടെ കടം വീട്ടുകയും ചെയ്തു. ഞാൻ മറ്റൊരു വസ്ത്രം അണിഞ്ഞു. രണ്ടാമത്തെ വസ്ത്രം എന്നു പറയുന്നത് ഒരു ഷാൾ ആയിരുന്നു. അത് സലമ ബിൻ അസ്‌ലം അല്ലെങ്കിൽ മറ്റൊരു നിവേദനമനുസരിച്ച് ഒരു വൃദ്ധയായ സ്വഹാബിയ എല്ലാ സംഭവങ്ങളുമറിഞ്ഞപ്പോൾ അദ്ദേഹത്തിന് സമ്മാനമായി കൊടുത്തതാണ്.

അല്ലാഹുവിന്റെ വിധി, ഖയ്ബറിൽ ഈ സ്വഹാബിക്ക് സമരാജിത സ്വത്തുക്കൾ കിട്ടി. അതിൽ ഒരു സ്ത്രീയുമുണ്ടായിരുന്നു. അത് അബൂശഹ്മ് യഹൂദിയുടെ കുടുംബക്കാരിയായിരുന്നു. പിന്നെ അദ്ദേഹം ആ സ്ത്രീയെ ഈ യഹൂദിക്കുതന്നെ വിൽപ്പന നടത്തി.*(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാള്യം 8, പേജ് 373-374, ബസം ഇഖ്ബാൽ ലാഹോർ 2022)(ഫത്ഹ് ഖയ്ബർ, ബാശമീൽ പേജ് 68, നഫീസ് അക്കാഡമി കറാച്ചി)*

ഖയ്ബറിലേക്ക് പുറപ്പെട്ട വാർത്തകൾ മദീനയിലെ യഹൂദികൾ മുസ്‌ലിമീങ്ങളിൽനിന്ന് കേട്ടപ്പോൾ മുസ്‌ലിമീങ്ങളോട് വെറുപ്പും വിദ്വേഷവും പക്ഷപാതിത്വവും പ്രകടിപ്പിക്കുക മാത്രമല്ല ചെയ്തത് മറിച്ച് അശ്ജഅ് ഗോത്രത്തിലെ ഒരു ഗ്രാമീണനെ വാടകക്കെടുത്ത് ഉടൻതന്നെ ഈ വാർത്ത അതായത് മുസ്‌ലിമീങ്ങൾ ഖയ്ബറിലേക്ക് യുദ്ധത്തിനു തയ്യാറാകുന്നുവെന്നും മറ്റുള്ള വിവരങ്ങളും നൽകി അയച്ചു. അതോടൊപ്പം മുസ്‌ലിമീങ്ങൾക്കെതിരിൽ ഉറച്ചുനിന്നു പോരാടണമെന്ന സന്ദേശവും കൊടുത്തിരുന്നു. മുസ്‌ലിമീങ്ങളുടെ എതിരാളികൾക്ക് ഏതെങ്കിലും ചാരപ്പണിയുടെ ആവശ്യമൊന്നുമുണ്ടായിരുന്നില്ല. കാരണം മദീനയിലുണ്ടായിരുന്ന കപടവിശ്വാസികൾ ഈ കാര്യങ്ങൾ വളരെ ദ്രുതഗതിയിൽ നടത്തിയിരുന്നു. ഈ സന്ദർഭത്തിൽ കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ല ബിൻ ഉബയ്യ് ബിൻ സുലൂൽ നിശബ്ദനായിരുന്നില്ല. മറിച്ച് തന്റെ ഒരു സഹായി മുഖേന ഒരു കത്ത് ഖയ്ബറിലെ യഹൂദികൾക്ക് അയച്ചു കൊടുത്തു. അതിലെ ഉള്ളടക്കം ഇപ്രകാരമായിരുന്നു: മുഹമ്മദ്ﷺ നിങ്ങളുടെ അടുത്ത് വരികയാണ്.

രക്ഷപ്പെടുന്നതിനുള്ള ഉപായങ്ങൾ മെനഞ്ഞു കൊള്ളുക. നിങ്ങളുടെ സ്വത്തുക്കൾ കോട്ടകൾക്കുള്ളിൽ അടക്കി വെക്കുക. നബിﷺതിരുമേനിയുമായി യുദ്ധത്തിന് മൈതാനത്തു വരിക. അദ്ദേഹത്തെ ഒരിക്കലും പേടിക്കരുത്. നിങ്ങൾ എണ്ണത്തിൽ ഒരുപാടുണ്ട്. മുഹമ്മദ്ﷺന്റെ സമൂഹം വളരെ ചെറുതാണ്. അവരുടെ പക്കൽ വളരെ കുറച്ച് ആയുധങ്ങൾ മാത്രമാണുള്ളത്.*(സീറത്തുൽ ഹൽബിയ്യ, ഫത്ഹ് ഖയ്ബർ, ബാശമീൽ പേജ് 69,72, നഫീസ് അക്കാഡമി കറാച്ചി)*

ഇത് സംബന്ധമായി യഹൂദികൾക്ക് അറിയിപ്പു കിട്ടിയപ്പോൾ അവരുടെ നേതാക്കന്മാർ കൂടിയാലോചന നടത്തി. ഈ കൂടിയാലോചനയിൽ അഭിപ്രായ വ്യത്യാസത്തെ കുറിച്ചും കാണപ്പെടുന്നുണ്ട്. പറയുന്നു: മുസ്ലിം സൈന്യത്തിന്റെ വരവിനെ സംബന്ധിച്ച് അറിയിപ്പ് ലഭിച്ചപ്പോൾ അവർ ഒരു യോഗം വിളിച്ചു. അതിൽ ഇസ്ലാമിക സൈന്യത്തെ നേരിടുന്നതു സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞു. ഈ ചർച്ചയിൽ യഹൂദികളുടെ നേതാക്കന്മാരുടെ ഭാഗത്തുനിന്ന് വ്യത്യസ്ത അഭിപ്രായങ്ങൾ വന്നു. ഒരു സംഘം യഹൂദികൾ കോട്ടയുടെ നാലു അതിരിനുള്ളിലിരുന്ന് യുദ്ധം ചെയ്യണമെന്നു പറഞ്ഞു. അങ്ങനെ മുസ്ലിമീങ്ങൾ അവസാനം പ്രയാസപ്പെട്ട് ഉപരോധം ഒഴിവാക്കുന്നതായിരിക്കും. പക്ഷേ, ഖയ്ബറിലെ വളരെ പ്രസിദ്ധനായ യോദ്ധാവ് മർഹബിന്റെ സഹോദരൻ അബൂസയ്നബ് പറഞ്ഞു: 'കോട്ടകൾക്കുള്ളിൽ ഇരുന്ന് യുദ്ധം ചെയ്യുന്നതിനു പകരം പുറത്ത് മൈതാനത്തിറങ്ങി യുദ്ധം ചെയ്യേണ്ടതാണ്.'കാരണം ഇതിനു മുമ്പേ മദീനയിലെ യഹൂദികൾ അകത്തിരുന്ന് യുദ്ധം ചെയ്തതിന്റെ പരിണിതി കണ്ടവരാണ്. അതിൽ മുസ്ലിമീങ്ങൾക്കാണ് വിജയമുണ്ടായത്. എന്നാൽ, ആദ്യത്തെ സംഘം ഈ അഭിപ്രായത്തെ നിരാകരിച്ചുകൊണ്ടു പറഞ്ഞു: "നമ്മുടെ കോട്ടകൾ അവരുടെ കോട്ടകളെക്കാൾ വളരെ സുഭദ്രമാകുന്നു." മൂന്നാമതൊരു അഭിപ്രായം വന്നത് ഇതിനെക്കാൾ കൂടുതൽ അഹങ്കാരം നിറഞ്ഞതായിരുന്നു. അത് യഹൂദികളുടെ ഭാഗത്തുനിന്ന് ആർജ്ജവമുള്ളതായിരുന്നു. അത് ഖയ്ബറിലെ സൈന്യങ്ങളുടെ സേനാധിപനായ സല്ലാം ബിൻ മിശ്കമിന്റേതായിരുന്നു. അയാൾ പറഞ്ഞു: "നമ്മൾ മദീനയെ ആക്രമിക്കണം. നമ്മളെല്ലാ കൂട്ടുകാരും ഒരുമിച്ചുകൂടി മുസ്ലിമീങ്ങളെ ഇല്ലാതാക്കണം." ഭൂരിഭാഗമാളുകളും അയാളുടെ അഭിപ്രായത്തോടു യോജിച്ചു. എന്നാൽ, ഖയ്ബറിലെ വലിയ നേതാവായ കിനാന ബിൻ അബിൽഹുഖയ്ഖ് അതിനെ എതിർത്തു കൊണ്ട് പറഞ്ഞു: "നമ്മുടെ കോട്ടകൾ യഥ്രിബിലെ കോട്ടകളെപ്പോലെയല്ല." അഹങ്കാരത്തിന്റെയും മിഥ്യാഭിമാനത്തിന്റെയും അവസ്ഥ ഇതായിരുന്നു. പറഞ്ഞു: 'മുഹമ്മദ്ﷺ ഒരിക്കലും നമ്മുടെ അടുത്ത് വരാൻ ധൈര്യം കാണിക്കുകയില്ല. എല്ലാം നേതാക്കന്മാരും യോജിച്ചത് ഒരു സൈന്യത്തെ തയ്യാറാക്കി തൊട്ടടുത്തുള്ള യോദ്ധാക്കളുടെ ഗോത്രങ്ങളിലേക്ക് പറഞ്ഞു വിടുകയും അവരോടു സൈനിക സഹായം തേടാമെന്നുമാണ്. അങ്ങനെ 14 പേരടങ്ങുന്ന സംഘത്തെ തയ്യാറാക്കി അതിന്റെ നേതൃത്വം ചില നിവേദനങ്ങളനുസരിച്ച് നേതാവായ കിനാന സ്വയം ഏറ്റെടുത്തു. ഈ സംഘം ബനൂഅസദ്, ഗത്ഫാൻ, മറ്റു ഗോത്രങ്ങൾ എന്നിവയിലേക്ക് പോയി. ഖയ്ബറിലെ ഉത്പാദനത്തിന്റെ പകുതി നൽകാമെന്ന നിബന്ധനയിൽ സൈനിക സഹായം തേടി. ബനൂ മുർറ ഗോത്രം വളരെ ദീർഘ ദൃഷ്ടിയോടുകൂടി അവരെ സഹായിക്കുന്നത് നിരാകരിച്ചു. അതേസമയം ബനൂ അസദ്, ഗത്ഫാൻ തുടങ്ങിയ യോദ്ധാക്കളുടെ ഗോത്രങ്ങൾ 1000 ആയുധധാരികളായ സൈനികരടങ്ങുന്ന സംഘത്തെ എത്രയും പെട്ടെന്ന് അയച്ചു. 4000 പേരുടെ മറ്റൊരു സംഘത്തെ അയക്കാമെന്ന് വാഗ്ദാനവും ചെയ്തു. അതിനുള്ള തയ്യാറെടുപ്പ് തുടങ്ങുകയും ചെയ്തു. *(ഫത്ഹ് ഖയ്ബർ ബാശമീൽ പേജ് 75-77 നഫീസ് അക്കാഡമി കറാച്ചി)* ഏതായാലും കുറേക്കൂടി വിശദീകരണങ്ങളുണ്ട്. അത് ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഇനി ഞാൻ ചില പരേതാത്മക്കളെ അനുസ്മരിക്കുന്നതാണ്. ഇതിൽ ആദ്യത്തെ അനുസ്മരണം മണ്ടി ബഹാവുദ്ദീൻകാരനായ മുഹമ്മദ് അശ്റഫ് സാഹിബ് ഇബ്നു മുഹമ്മദ് ഭഖ്ശ് സാഹിബിന്റെതാണ്. അദ്ദേഹം കഴിഞ്ഞദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന് മൂന്ന് പെൺമക്കളും 6 ആൺമക്കളുമാണുള്ളത്. അദ്ദേഹത്തിന്റെ ഒരു മകൻ കാശിഫ് ജാവേദ് ഇപ്പോൾ സെനഗലിൽ ആക്ടിംഗ് മിഷണറി ഇൻ ചാർജും അമീറുമാണ്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് പിതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ ഈ മകൻ തന്നെയാണ് മുറബ്ബിയായിട്ടുള്ളത്.

അദ്ദേഹം എഴുതുന്നു: എന്റെ പിതാവ് വളരെ ലളിത ജീവിതത്തിനുടമയും സൽസ്വഭാവിയും ദൈവഭക്തനുമായിരുന്നു. അഹ്മദിയത്തിനോടും ഖിലാഫത്തിനോടും അകൈതവമായ സ്നേഹം ഉണ്ടായിരുന്നു. കുടുംബത്തിൽ ഏക അഹ്മദിയുമായിരുന്നു. എപ്പോഴും അദ്ദേഹം ഇങ്ങനെ പറയുമായിരുന്നു: 'നമുക്ക് കിട്ടിയതെല്ലാം അഹ്മദിയത്ത് മുഖേനയാണ്. മക്കളെയും ഇങ്ങനെ തന്നെ ഉപദേശിച്ചു കൊണ്ട് പറഞ്ഞിരുന്നു: എപ്പോഴും അഹ്മദിയത്തുമായും ഖിലാഫത്തുമായും ചേർന്ന് നിൽക്കേണ്ടതാണ്. പറയുന്നു: അദ്ദേഹത്തിന്റെ പിതാമഹൻ മുഹമ്മദ് അഅ്ളം സാഹിബ് 1968-നടുത്താണ് സർഗോദയുടെ അടുത്തുള്ള ഗ്രാമമായ ബാപ്പടയിൽനിന്ന് ബയ്അത്ത് ചെയ്തത്. പറയുന്നു: ആ സമയത്ത് എന്റെ പിതാവും അഹ്മദിയ്യത്ത് സ്വീകരിച്ചു. മാതാവ് മുഖേനയുള്ള ഏക സഹോദരനും അഹ്മദിയായി. മെട്രിക്കിനുശേഷം ഗ്രാമം ഒഴിവാക്കി മണ്ടി ബഹാഉദ്ദീനിലെ ശാഹ് താജ് ഷുഗർ മില്ലിൽ ജോലി ചെയ്തു. അവസാനംവരെയും മണ്ടി ബഹാഉദ്ദീനിൽതന്നെയായിരുന്നു താമസിച്ചിരുന്നത്. പ്രായാധിക്യമുണ്ടായിട്ടും വലിയ താൽപര്യത്തോടെ വിശുദ്ധ ഖുർആൻ പഠിക്കുകയും പിന്നീട് എത്രത്തോളം അതിനോടു താൽപര്യം സ്നേഹവുമുണ്ടായിരുന്നുവെന്നാൽ എല്ലാ മാസവും ഒന്നോ രണ്ടോ തവണ ഖത്തം ചെയ്തിരുന്നു. റമളാനിൽ രണ്ടു മൂന്നു പ്രാവശ്യം ഖത്തം തീർത്തിരുന്നു. സാധു ജനങ്ങളെ പ്രത്യേകം സഹായിക്കുമായിരുന്നു. അദ്ദേഹത്തിന്റെ അടുക്കൽ വരുന്നവരെ ആരെയും വെറുംകൈയോടെ മടക്കുമായിരുന്നില്ല. മകൻ മുറബ്ബി പറയുന്നു: അല്ലാഹു തരുന്നതെല്ലാം നിന്നെ വഖ്ഫു ചെയ്തതിന്റെ അനുഗ്രഹം കൊണ്ടാണ്. മറ്റൊരു മകൻ മുബശ്ശിർ ജാവേദ് പറയുന്നു: കഴിഞ്ഞ കുറെ വർഷങ്ങളായി ഞാൻ മാൽ സെക്രട്ടറിയാണ്. എപ്പോഴും പിതാവ് ചന്ദയുടെ കാര്യത്തിൽ കൃത്യനിഷ്ഠയുള്ളയാളായിരുന്നു. പെൻഷൻ കിട്ടുമ്പോൾ വർഷം മുഴുവനുമുള്ള ചൻദ കൊടുക്കുമായിരുന്നു. മരണവേളയിലും തന്റെ ചൻദ മുഴുവൻ കൊടുത്തുതീർത്തോ ഇല്ലയോ എന്ന ആശങ്കയായിരുന്നു. അല്ലാഹു വഫാത്തിനുമുമ്പേ എല്ലാ ചന്ദയും കൊടുത്തു തീർക്കാൻ അവസരം നൽകി എന്നതിൽ വലിയ കൃതജ്ഞതയുള്ള ആളായിരുന്നു. അല്ലാഹു അദ്ദേഹത്തോട് പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. എല്ലാവർക്കും ക്ഷമയും സഹനവും നൽകുമാറാകട്ടെ.

രണ്ടാമത്തെ അനുസ്മരണം കെനിയയിലെ നാഇബ് അമീറായിരുന്ന ഹബീബ് മുഹമ്മദ് ശാത്രി സാഹിബിന്റേതാണ്. മുഹമ്മദ് ഹബീബ് ശാത്രി സാഹിബിന്റെ മകനാണ്. ഇദ്ദേഹം അറബ് സ്വദേശിയായിരുന്നു. കഴിഞ്ഞ ദിവസം 56-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പരേതൻ മൂസിയായിരുന്നു. സന്തപ്ത കുടുംബത്തിൽ മാതാപിതാക്കളെ കൂടാതെ ഭാര്യയും മൂന്ന് മക്കളുമുണ്ട്. കെനിയ ജമാഅത്ത് അമീർ മഹമൂദ് ത്വാഹിർ സാഹിബ് പറയുന്നു: അദ്ദേഹത്തിന്റെ പൂർവ പിതാക്കൾ യമനുമായി ബന്ധമുള്ളവരാണ്. അദ്ദേഹത്തിന്റെ പിതാവ് ഹബീബ് ശാത്രി സാഹിബ് 1982 ആഗസ്റ്റ് മാസത്തിൽ ബയ്അത്ത് ചെയ്തു. വളരെ ആത്മാർഥനായ അഹ്മദിയായിരുന്നു. പരേതൻ അദ്ദേഹത്തിന്റെ മൂത്ത മകനായിരുന്നു. പിതാവിന്റെ ബയ്അത്തിന് കുറച്ചു കാലത്തിനുശേഷം ഇദ്ദേഹവും ബയ്അത്ത് ചെയ്തു. അദ്ദേഹം ബയ്അത്ത് നബന്ധന മരണം വരെയും നല്ല പോലെ നിറവേറ്റി. അടിസ്ഥാന വിദ്യാഭ്യാസം മുംബാസയിൽ നിന്ന് കരസ്ഥമാക്കി. വളരെ സമർഥനും പ്രാപ്തനുമായ വിദ്യാർഥിയായിരുന്നു. സ്കൂളിൽനിന്ന് കുറച്ചുകാലം അദ്ദേഹത്തെ ഫ്രാൻസിലും പഠനത്തിന് അയച്ചു. എപ്പോഴും ഖലീഫമാരുമായുള്ള കൂടിക്കാഴ്ചയുടെ സംഭവങ്ങൾ തന്റെ ജീവിതത്തിലെ ഏറ്റവും അമൂല്യ അനുഭവങ്ങളായി വിവരിക്കുമായിരുന്നു. എന്നെയും കണ്ടിട്ടുണ്ട്. വിവിധ രീതിയിൽ ജമാഅത്തിന് സേവനങ്ങളും ചെയ്തുകൊണ്ടിരുന്നു. മരണവേളയിൽ നാഷണൽ തഅ്ലീം സെക്രട്ടറിയും കെനിയയുടെ നാഇബ് അമീറുമായി സേവനം ചെയ്യുകയായിരുന്നു.

അദ്ദേഹം തുടരുന്നു: എനിക്ക് അദ്ദേഹത്തെ 20 വർഷമായി അറിയാം. ജമാഅത്തിന് സേവനം ചെയ്യുന്നവരെ, വാഖ്ഫീങ്ങളെ വളരെ ആദരിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന് നൽകപ്പെട്ട ഉത്തരവാദിത്വങ്ങൾ വളരെ കൃത്യമായി ചെയ്തു തീർത്തിരുന്നു. ഒരിക്കലും ഓർമപ്പെടുത്തേണ്ടി വന്നിട്ടില്ല. നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ളയാളും ദൈവികാടയാളങ്ങളേയും അതിരുകളേയും വളരെ ശ്രദ്ധിക്കുന്നയാളും ചൻദകളിൽ കൃത്യതയുള്ളയാളും സൽസ്വഭവത്തിന്റെ ഉടമയും ദരിദ്രരായ ആളുകളെ പരിരക്ഷിക്കുന്നയാളും മാതാപിതാക്കളെ അനുസരിക്കുന്നയാളും അവരോടുള്ള കടമകൾ നിറവേറ്റുന്നയാളും ചെറിയ സഹോദരി സഹോദരന്മാരുടെ അവകാശങ്ങൾ നൽകുന്നയാളും നല്ല അഭി

പ്രായങ്ങൾ നൽകുന്നയാളും വളരെ ആത്മാർഥതയുള്ള വ്യക്തിയുമായിരുന്നു. വലിയ വലിയ കമ്പനികളുടെ ഉന്നത സ്ഥാനങ്ങളിൽ ഇരുന്നിട്ടുണ്ട്. അല്ലാഹു അദ്ദേഹത്തിന് സാമ്പത്തികമായ വിശാലതയും നൽകിയിരുന്നു. ഭൗതിക തലത്തിൽ വലിയ കച്ചവടക്കാർ രാഷ്ട്രീയക്കാർ സർക്കാർ ഉദ്യോഗസ്ഥർ മതപരമായ ആളുകൾ തുടങ്ങിയവരുമായി ബന്ധവുമുണ്ടായിരുന്നു. പക്ഷേ, ഒരിക്കലും അഹ്മദിയ്യത്ത് അദ്ദേഹം മറച്ചുവെച്ചില്ല, മറിച്ച് അത് വെളിപ്പെടുത്തി തബ്ലീഗ് ചെയ്തുകൊണ്ടിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ജനാസയിൽ മുംബാസയിലെ വളരെയേറെ ഉന്നത സർക്കാർ ഉദ്യോഗസ്ഥന്മാരും കച്ചവടക്കാരും രാഷ്ട്രീയക്കാരും സാമൂഹിക പ്രവർത്തകരും പങ്കെടുത്തിരുന്നു. അല്ലാഹു അദ്ദേഹത്തോടു കരുണയോടും പൊറുമയോടും വർത്തിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ എല്ലാ സന്തപ്ത കുടുംബത്തിനും സഹനവും സ്ഥൈര്യവും നൽകുമാറാകട്ടെ.

അടുത്ത അനുസ്മരണം അനൂബി മതങ്കോ സാഹിബിന്റേതാണ്. ഇദ്ദേഹം സിംബാബ്വെയിലെ ഒരു ജമാഅത്ത് സ്വദ്ർ ആയിരുന്നു. കഴിഞ്ഞദിവസം വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിൻറെ മകൻ യൂസുഫ് അനൂബി സ്വദ്ർ ജമാഅത്ത് സിംബാബ്വെ എഴുതുന്നു: ഇദ്ദേഹം ആദ്യം സുന്നി മുസ്‌ലിമായിരുന്നു. ജമാഅത്തിനെ എതിർത്തുകൊണ്ടിരുന്നു. എന്നാൽ, ഇസ്‌ലാമിനോടുള്ള സ്നേഹം അദ്ദേഹത്തിന്റെ ഹൃദയത്തിലുണ്ടായിരുന്നു. ആദ്യം മലാവിയിലായിരുന്നു. അവിടെ താമസിക്കുമ്പോൾ ഒരുപാട് എതിർപ്പുമുണ്ടായി. പിന്നെ സിംബാബ്വെയിലേക്ക് മാറി. ഇവിടെ വന്നു ഇസ്‌ലാമിനോടുള്ള സ്നേഹം കാരണം അദ്ദേഹം തൊട്ടടുത്തുള്ള ആളുകളെ ഒരുമിച്ചു കൂട്ടുകയും ജമാഅത്തായി നമസ്കാരങ്ങളനുഷ്ഠിക്കുകയും ചെയ്തിരുന്നു. മനസിനുള്ളിൽ യഥാർഥ മുസ്‌ലിമാകണമെന്ന ആഗ്രഹമായിരുന്നു. ഏതായാലും പിന്നീട് ജമാഅത്തുമായി ബന്ധപ്പെട്ടു. നമ്മുടെ മുറബ്ബി സമീ ഉല്ലാഹ് സാഹിബുമായി അദ്ദേഹം വിശദമായ ചർച്ചകൾ നടത്തി. അവസാനം അഹ്മദിയ്യത്ത് സ്വീകരിച്ചു. തന്റെ പ്രദേശത്തുള്ള ആദ്യത്തെ അഹ്മദിയുമായിരുന്നു. അഹ്മദിയത്ത് സ്വീകരിച്ചതിനുശേഷം അദ്ദേഹത്തിന് എതിർപ്പുകളുണ്ടായി. അദ്ദേഹം സംഘടിപ്പിച്ച ആളുകൾ അദ്ദേഹത്തെ ഉപേക്ഷിച്ചു. അവർ ഒരുപാട് കഠിനമായി അദ്ദേഹത്തോടു പെരുമാറി. അദ്ദേഹമുണ്ടാക്കിയ സെന്ററിൽ ജനങ്ങളെ ഒരുമിച്ചുകൂട്ടി. അവിടെത്തെ നമസ്കാരം ഉപേക്ഷിക്കേണ്ടി വന്നു. വീട്ടുകാരുമായി വീട്ടിൽത്തന്നെ നമസ്കരിച്ചു. ജുമുഅയും ആരംഭിച്ചു. ഏതായാലും അദ്ദേഹം പരാജയം സമ്മതിച്ചില്ല. തബ്ലീഗ് ചെയ്തുകൊണ്ടിരുന്നു. ഒരുപാട് ആളുകൾ അദ്ദേഹത്തിന്റെ സന്ദേശം കേട്ട് അഹ്മദിയത്തിൽ പ്രവേശിച്ചു. വളരെ നല്ല സ്വഭാവമുള്ള മനുഷ്യനായിരുന്നു. ഒരുപാടാളുകൾ അദ്ദേഹത്തെ കണ്ട് ജമാഅത്തിൽ പ്രവേശിച്ചു. അദ്ദേഹം സാമ്പത്തിക ത്യാഗം ചെയ്ത് സ്ഥലം വാങ്ങി. അതിൽ ആദ്യത്തെ മസ്ജിദ് ഉണ്ടാക്കി തുടങ്ങിയിരുന്നു. അദ്ദേഹത്തിന് തന്റെ ജീവിതകാലത്തുതന്നെ അത് പൂർത്തിയാക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ, ഏതായാലും അത് സമയത്ത് മുഴുവനായില്ല. നിർമാണം നടന്നുകൊണ്ടിരിക്കുന്നു. വളരെ കൂറുള്ള, നേരായ സംസാരമുള്ള, വിശ്വസ്തനായ വ്യക്തിയായിരുന്നു. ജനങ്ങൾക്കിടയിലുള്ള പ്രശ്നങ്ങളെ വളരെ യുക്തിപൂർവ്വം അകറ്റുമായിരുന്നു. ജമാഅത്ത് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെടുന്നതിനുമുമ്പേതന്നെ ആളുകൾ അദ്ദേഹത്തെ വിശ്വസിക്കുകയും അദ്ദേഹത്തിൽ പ്രതീക്ഷയർപ്പിക്കുകയും ചെയ്തിരുന്നു. ഇദ്ദേഹം വ്യക്തിപരമായ നിലയ്ക്കും ആവശ്യക്കാരെ സഹായിച്ചിരുന്നു. വീട് എപ്പോഴും അതിഥികളെ കൊണ്ട് നിറഞ്ഞിരുന്നു. ജമാഅത്തുമായി വളരെ ഊഷ്മളമായ ബന്ധമായിരുന്നു. എല്ലാവരെയും ജമാഅത്തുമായി ബന്ധപ്പെട്ട് നിൽക്കാൻ ഉപദേശിച്ചിരുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ എട്ടു മക്കളുണ്ട്. ഒരു മകൻ ഞാൻ പറഞ്ഞതുപോലെ സിംബാബ്വെ ജമാഅത്ത് സ്വദ്റാണ്. അദ്ദേഹത്തിന്റെ ഒരു പൗത്രൻ ഖാസിം അനൂബി സിംബാബ്വെയിലെ ജാമിഅയിൽനിന്ന് പഠിച്ചിറങ്ങിയ ആദ്യത്തെ കേന്ദ്ര മുബല്ലിഗ് ആകുന്നു. അല്ലാഹു അദ്ദേഹത്തോടു പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ തലമുറയിലും ജമാഅത്തിന്റെ അധ്യാപനം എപ്പോഴും നിലനിറുത്തുകയും അവർക്ക് നന്മകൾ ചെയ്തു കൊണ്ടിരിക്കാൻ അവസരം നൽകുകയും ചെയ്യുമാറാകട്ടെ. *(വിവർത്തകൻ:എച്ച്.ശംസുദ്ദീൻ കാവശ്ശേരി)*

പേജ് 3 ൽ നിന്ന്

ദൈവങ്ങളാണോ വിജയിക്കുന്നതെന്ന്! ഇതിനു മറുപടി നല്കാത്തിടത്തോളം ചന്തകളിൽ അറിവില്ലാത്ത ആളുകളുടെ മുമ്പിൽ ഇസ്‌ലാമിനെ കളവാക്കുകയെന്നതും അല്ലെങ്കിൽ അമ്പലങ്ങളിലിരുന്ന് വേദം ഈശ്വരകൃതമാണെന്നും സത്യവിദ്യയാണെന്നും മറ്റെല്ലാ പ്രവാചകന്മാരും കറ്റുകെട്ടുകാരാണെന്നും വിവരിക്കുന്നത് ലജ്ജയില്ലായ്മ എന്ന് മനസ്സിലാക്കുക.' *(ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 56, അടിക്കുറിപ്പ്)*

### മഹത്തായ 'ബറാഹീനെ അഹ്മദിയ്യാ' യുടെ 6 മഹത്തായ നേട്ടങ്ങൾ

(1) മതപരമായ പ്രധാന സംഗതികളെഴുതിയിട്ടുള്ള ഈ ഗ്രന്ഥം, അപൂർണവിവരണമല്ല. മതജ്ഞാനങ്ങളുടെ തത്ത്വസംഹിതകളും ഉന്നതമായ എല്ലാ യാഥാർഥ്യങ്ങളും സകല സത്യസാക്ഷ്യങ്ങളും അടങ്ങിയതിന്റെ മൊത്തത്തിലുള്ള പേരാണ് ഇസ്‌ലാം. അതെല്ലാം ഇതിൽ എഴുതപ്പെടുകയും രേഖപ്പെടുകയും ചെയ്തിട്ടുണ്ട്.

(2) യഥാർഥ ഇസ്‌ലാമിന്റേയും അതിന്റെ തത്ത്വസംഹിതകളുടേയും 300 ഖണ്ഡിതവും പ്രബലവുമായ തെളിവുകളടങ്ങിയതാണ് ഈ ഗ്രന്ഥം. ഇതു വായിക്കുന്നതുകൊണ്ട് ഈ കെട്ടുറപ്പുള്ള ദീനിന്റെ സത്യസാക്ഷ്യം ഓരോ സത്യാന്വേഷിയിലും വെളിപ്പെടുന്നതായിരിക്കും.

(3) യഹൂദി, ക്രിസ്ത്യാനി, അഗ്നി ആരാധകൻ, ആര്യസമാജക്കാരൻ, ബ്രഹ്മസമാജക്കാരൻ, ബിംബാരാധകൻ, നിരീശ്വരവാദി, പ്രകൃതിവാദി, ഇബാഹത്തി(നിഷിദ്ധമായതിനെ അനുവദനീയമാണെന്ന് മനസ്സിലാക്കുന്നവൻ) നിർമതവാദി തുടങ്ങിയ എത്രയെത്രയാളുകൾ നമുക്കെതിരിൽ ശത്രുതവച്ചു പുലർത്തുന്നവരായിട്ടുണ്ടോ അവർക്കെല്ലാമുള്ള മറുപടി ഇതിലുണ്ട്.

(4) നാലാമത്തെ നേട്ടം എന്നു പറയുന്നത് ഇതിൽ ഇസ്‌ലാമിനെ താരതമ്യം ചെയ്ത് ഇസ്‌ലാമിന്റെ ശത്രുക്കളുടെ അടിസ്ഥാനപരമായതത്ത്വസംഹിതകളിലും തികഞ്ഞ ഗവേഷണത്തോടും സൂക്ഷനിരീക്ഷണത്തോടുംകൂടി ബുദ്ധിപരമായ നിലയിൽ ചർച്ചചെയ്യപ്പെട്ടിരിക്കുന്നു എന്നതാണ്.

(5) ഈ ഗ്രന്ഥംകൊണ്ടുള്ള അഞ്ചാമത്തെ നേട്ടം ഇതു വായിക്കുന്നതുകൊണ്ട് യാഥാർഥ്യങ്ങളും ദൈവജ്ഞാനങ്ങളും മനസ്സിലാകുമെന്നതാണ്. ഈ പരിശുദ്ധ ഗ്രന്ഥത്തിന്റെ തത്ത്വജ്ഞാനവും ദൈവജ്ഞാനവും-അതിൽനിന്നാണ് ഇസ്‌ലാമിന്റെ പ്രകാശം നിർഗളിക്കുന്നത്-എല്ലാവരിലും വെളിപ്പെടുന്നതായിരിക്കും.

(6) ആറാമത്തെ നേട്ടം എന്നു പറയുന്നത് ഈ ഗ്രന്ഥത്തിന്റെ ചർച്ചകളെ അങ്ങേയറ്റം മാധുര്യത്തോടും മനോഹരമായും തെളിവുകളുടെ സ്വാദോടെ എന്നാൽ, വളരെ എളുപ്പമായ നിലയിൽ തികഞ്ഞ സവിശേഷതയോടും ഉചിതമായും ആസ്വാദ്യകരമായും വിവരിക്കപ്പെട്ടിരിക്കുന്നുവെന്നതാണ്. ഇത് എങ്ങനെയുള്ള മാർഗമാണെന്നാൽ, ഇത് അറിവുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും ചിന്തകൾക്കും വീക്ഷണത്തിനും ശക്തിപകരുന്നതിനുള്ള ഒരു ഉന്നത മാർഗമായിരിക്കും.*(ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 129-131, അടിക്കുറിപ്പ്)*

### ലിയുള്ഹിറഹൂ അലദ്ദീനി കുല്ലിഹീ എന്ന പ്രവചനം 'ബറാഹീനെ അഹ്മദിയ്യാ' യിലൂടെ പുലർന്നു

"ഉദാരനായ അല്ലാഹു പ്രത്യേകമായ കാരണഹേതുക്കൾകൊണ്ട് ഈയുള്ളവനെ പ്രത്യേകപ്പെടുത്തിയിരിക്കുന്നു. പ്രബോധന സേവനത്തിന്റെ പൂർത്തീകരണത്തിന് അങ്ങേയറ്റം നിർണയിക്കപ്പെട്ടതും സഹായകരവുമായ കാലത്താണ് ഈയുള്ളവനെ സൃഷ്ടിച്ചിട്ടുള്ളത്. അതുകൊണ്ട് അവൻ തന്റെ ശ്രേഷ്ഠതകളും കാരുണ്യവുംകൊണ്ട് ലിയുള്ഹിറഹൂ അലദ്ദീനി കുല്ലിഹീ എന്ന് ലോകാരംഭമുതൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സുവിശേഷവും നല്കി. ഇപ്രകാരംതന്നെ വല്ലാഹു മുത്തിമ്മുനൂരിഹീ എന്നതിന്റെ സാക്ഷാത്കാരവും ഈയുള്ളവനാണ്. അല്ലാഹു ഈ തെളിവുകളേയും പ്രമാണങ്ങളേയും എതിരാളികൾക്കുവേണ്ടി ഈയുള്ളവൻ എഴുതിയിട്ടുള്ള എല്ലാ കാര്യങ്ങളേയും എതിരാളികൾവരെ എത്തിക്കുന്നതായിരിക്കും. അവരുടെ ദൗർബല്യവും മറുപടി ഇല്ലായ്മയും പരാജയപ്പെടലും ലോകത്ത് വെളിപ്പെടുത്തി ഉപര്യുക്ത ആയത്തിന്റെ അർഥം പൂർത്തിയാക്കുന്നതായിരിക്കും. ഫഅൽഹംദുലില്ലാഹി അലാ ദാലിക് *(ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 597, അടിക്കുറിപ്പ്)*

'ബറാഹീന അഹ്മദിയ്യാ' എന്ന ഗ്രന്ഥത്തിന് ഖിയാമത്തുന്നാൾവരെ മറുപടി എഴുതാൻ കഴിയുകയില്ലെന്ന് ഹദ്റത്ത് മസീഹ് മൗഊദ്ﷺപറഞ്ഞിട്ട് 140-ലേറെ വർഷം കഴിഞ്ഞിരിക്കുന്നു. ആരും അതിന് ഇന്നേവരം മറുപടി നല്കിയിട്ടില്ല. ഇനി ഖിയാമത്തുന്നാൾവരെ അതിനൊട്ട് ആർക്കും സാധിക്കുകയുമില്ല.

# ഖുത്വ്ബ ജുമുഅ

**അക്രമപ്രവൃത്തിക്ക് തുടക്കമിട്ടത് സത്യനിഷേധികളായിരുന്നു. അവർ അനുവദനീയമായ ഒരു കാരണവും കൂടാതെ തികച്ചും ഇസ്‌ലാമിനോടുള്ള അന്ധമായ ശത്രുതയാൽ  നിർദോഷികളായ മുസ്‌ലിമീങ്ങളോടു ഇത്തരത്തിൽ അക്രമപരമായ സമീപനമാണ് സ്വീകരിച്ചത്. അവർക്കുള്ള ശിക്ഷയിൽ ചെയ്തതെല്ലാം തികച്ചും പ്രതികാരവും മറുപടിയും എന്ന നിലയ്ക്കു മാത്രമായിരുന്നു. അതായത് ശത്രുക്കൾക്ക് നൽകപ്പെട്ട ശിക്ഷ പ്രതികാരമെന്ന നിലയ്ക്കായിരുന്നു.(സീറത്ത് ഖാത്തമുന്നബിയ്യീൻ)**

**ഉർനിയ്യീന്റെ സംഭവം ശിക്ഷയുടെ കൽപ്പന ഇറങ്ങുന്നതിനുമുമ്പേയാണ് ഉണ്ടായത്. അതിനുശേഷം നബിﷺതിരുമേനി ഏതൊരു സൈന്യത്തെ അയയ്ക്കുമ്പോഴും മൃതദേഹങ്ങൾ വികലമാക്കുന്നതിനെ നിരോധിച്ചു. അതിനുശേഷം നബിﷺതിരുമേനി ദാനധർമങ്ങൾ പ്രേരിപ്പിക്കുകയും മൃതദേഹം വികലമാക്കുന്നത് വിലക്കുകയും ചെയ്തിരുന്നു.**

**മുഴുവൻ അവസ്ഥകളും മുമ്പിൽവെച്ചുകൊണ്ട് ചിന്തിക്കുകയാണെങ്കിൽ ഇക്കാര്യത്തിൽ ഇസ് ലാമിന്റെ കോന്തല തികച്ചും പരിശുദ്ധമാണെന്ന് കാണാം. കാരണം വാസ്തവത്തിൽ ഈ വിധി ഇസ് ലാമിന്റേതല്ലായിരുന്നു. പ്രത്യുത അത് ഹദ്റത്ത് മൂസാؑയുടേതായിരുന്നു. അദ്ദേഹത്തിന്റെ ശരീഅത്തിനെ ഹദ്റത്ത് ഈസാؑ കാലഹരണപ്പെടുത്തിയില്ല. പ്രത്യുത നിലനിറുത്തുകയാണ് ചെയ്തത്.(സീറത്ത് ഖാത്തമുന്നബിയ്യീൻ)**

**സരിയഃ ഗുർസ്ബിൻ ജാബിറിന്റേയും ഗസ്‌വ ദീഖർദിന്റേയും പശ്ചാത്തലത്തിൽ നബിചരിത്ര വിവരണം.**

**ഖുത്ബ ജുമുഅ 2025 ജനുവരി 24, 1404 സ്വുൽഹ് 24, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ ○ الرَّحْمٰنِ الرَّحِيمِ ○ مٰلِكِ يَوْمِ الدِّينِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ○ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ○

നബിﷺതിരുമേനിയുടെ കാലഘട്ടത്തിലുള്ള സരിയഃകൾ  അഥവാ യുദ്ധനടപടികളെക്കുറിച്ചാണ് പറഞ്ഞുവരുന്നത്. ഇന്ന് ഇതിൽ ആദ്യം പറയുന്ന സരിയഃ, കുർസ് ബിൻ  ജാബിറിനെ സംബന്ധിച്ചാണ് വിവരിക്കുന്നത്. ഈ സരിയഃ ഹിജ്റ വർഷം ശവ്വാൽ മാസത്തിൽ ഉറനിയ്യീനിലേക്കാണ്   നിയോഗിക്കപ്പെട്ടത്. *(ത്വബഖാത്തുൽ കുബ്റാ വാല്യം 2, പേജ് 71, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റത്ത്)*

ചിലരുടെ വീക്ഷണത്തിൽ ഈ സരിയഃ സഈദ് ബിൻ സയ്ദിന്റെ നേതൃത്വത്തിലായിരുന്നു. പക്ഷേ, ഭൂരിഭാഗമാളുകളും പറയുന്നത് ഈ സരിയഃ  കുർസ് ബിൻ  ജാബിറിന്റേതായിരുന്നു വെന്നാണ്. ഒരു നിവേദനത്തിൽ ജരീർ ബിൻ അബ്ദുല്ലായുടെ നേതൃത്വത്തിലാണെന്നും പറയുന്നുണ്ട്. പക്ഷേ, ചിലർ ഇത് നിഷേധിക്കുകയും ചെയ്തിട്ടുണ്ട്. ജരീർ ബിൻ അബ്ദുല്ലാഹ് ഈ സരിയഃക്ക് 4 വർഷത്തിനുശേഷമാണ് മുസ്‌ലിമായത്. *(സീറത്തുൽഹൽബിയ്യ വാല്യം 3, പേജ് 260 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഈ സരിയഃക്കുള്ള കാരണമായി പറയുന്നു: നബിﷺതിരുമേനിയുടെ സവിധത്തിൽ ഏതാനുമാ ളുകൾ വന്നു. ബുഖാരി കിതാബുൽ ജിഹാദിലും കിത്താബുദ്ദിയാത്തിലും ഹദ്റത്ത് അനസ്ؓനിവേദനം: അവർ 8 പേർ ഉക്ൽ, ഉറയ്ന എന്നീ ഗോത്രങ്ങളിൽപ്പെട്ടവരായിരുന്നു. ഇബ്നു ജരീറിന്റേയും അബു അവാനയുടേയും പക്കൽ നാലുപേർ ഉറയ്നക്കാരിൽനിന്നും മൂന്നുപേർ ഉക്‌ലിൽ നിന്നുള്ളവരുമായിരുന്നു. എട്ടാമത്തെ വ്യക്തി ഈ രണ്ട് ഗോത്രങ്ങളുമായും ബന്ധമുള്ള ആളായിരുന്നില്ല. അയാളുടെ കുടുംബ പശ്ചാത്തലവും അറിയാൻ കഴിഞ്ഞിട്ടില്ല. ഏതായിരുന്നാലും അവർ വന്ന് നബിﷺ തിരുമേനിയോടു ഇസ്‌ലാമിനെ സംബന്ധിച്ച് സംസാരിച്ചു. ഒരു നിവേദനത്തിൽ പറയുന്നു: 'അവർ ബയ്അത്ത് ചെയ്ത് മുസ്‌ലിമായി. അവർ രോഗികളായിരുന്നു.' അബു അവാനാ പറയുന്നു: "അവർ വളരെ ക്ഷീണിതരായിരുന്നു, അവരുടെ നിറം മഞ്ഞളിച്ചിട്ടുണ്ടായിരുന്നു. അവരുടെ വയർപൊന്തി നിന്നിരുന്നു. അവർ പറഞ്ഞു: 'യാ റസൂലല്ലാഹ്ﷺ! ഞങ്ങൾക്ക് അഭയവും  ഭക്ഷണവും തന്നാലും.' അവർ മസ്ജിദ് നബ്‌വിയുടെ തിണ്ണയിലാണ് താമസിച്ചിരുന്നത്. അവർ ആരോഗ്യം വീണ്ടെടുത്തെങ്കിലും അവരുടെ ശരീരത്തിന് മദീനയുടെ കാലാവസ്ഥ യോജിക്കുന്നുണ്ടായിരുന്നില്ല. അതായത് പട്ടിണി കാരണം രോഗികളായിരുന്നു, ക്ഷീണവുമുണ്ടായിരുന്നു. അതെല്ലാം മാറിയെങ്കിലും പൊതുവിൽ അവർക്ക് മദീനയുടെ കാലാവസ്ഥ, നഗരത്തിലെ കാലാവസ്ഥ യോജിക്കുന്നുണ്ടായിരുന്നില്ല. ഇബ്നു ഇസ്ഹാഖ് പറയുന്നു: "അവർ കാലാവസ്ഥ അനുയോജ്യമായി കണ്ടില്ല. അവർ ക്ഷീണിതരായി. അതായത് ഒരു ഭാഗത്ത് വിശപ്പുകൊണ്ടുള്ള ക്ഷീണം മാറി ആരോഗ്യം വീണ്ടെടുത്തെങ്കിലും മറുഭാഗത്ത് മറ്റു രീതിയിലുള്ള രോഗങ്ങൾ പിടികൂടി. ഏതായാലും ഒരു നിവേദനത്തിൽ പറയുന്നു: മദീനയിൽ അക്കാലത്ത് ഒരു പകർച്ചവ്യാധി പടർന്നിരുന്നു. അതിനെ ബർസാം എന്നാണ് പറയുന്നത്. ബർസാം ഒരു രോഗമാണ്. ബുദ്ധിയെ ബാധിക്കുന്ന രോഗമാണത്. തലയിലും നെഞ്ചിലും ചൊറിയുണ്ടാകാൻ കാരണമാകുകയും ചെയ്യുന്നു. അവർ പറഞ്ഞു: 'ഈ രോഗം ഇവിടെയുമെത്തിയിരിക്കുന്നു. മദീനയുടെ കാലാവസ്ഥ ഞങ്ങൾക്ക് അനുയോജ്യമല്ല. ഞങ്ങൾ വളർത്തു മൃഗങ്ങളുള്ളവരാണ്, ഞങ്ങൾ കൃഷിപ്പണി ചെയ്യുന്നവരല്ല. വളർത്തു മൃഗങ്ങളെ പരിപാലിക്കുന്നവരാണ്. അതുകൊണ്ട് ഞങ്ങൾക്ക് പാലിനുള്ള സംവിധാനം ചെയ്തു തന്നാലും.' അപ്പോൾ നബിﷺ തിരുമേനി, 'എന്റെ കൈയിൽ   മറ്റൊന്നുമില്ല. നിങ്ങൾ കറവയുള്ള ഒട്ടകങ്ങളുടെ അടുക്കൽ പോകുക'എന്നു പറഞ്ഞ് അവരെ വളർത്തു മൃഗങ്ങളെ മേയാൻ വിട്ട സ്ഥലത്ത് പറഞ്ഞയച്ചു.

ഒരു നിവേദനത്തിൽ പറയുന്നു: 'നബിﷺ തിരുമേനി അവരെ ഫയ്ഫാഉൽഖബാറിന്റെ മൃഗങ്ങളെ മേയാൻ വിടുന്ന സ്ഥലത്ത് പോകാൻ കൽപ്പിച്ചു. ഫയ്ഫാഉൽഖബാർ മദീനയുടെ അടുത്തുള്ള ഒരു വിജന പ്രദേശമാണ്.

ഏതായാലും ഈ നിവേദനത്തിൽനിന്ന് മനസ്സിലാകുന്ന ഒരു കാര്യമെന്തെന്നാൽ, അവർ കൂടുതൽ കാലം മദീനയിൽ താമസിച്ചില്ല മറിച്ച് വേഗംതന്നെ മദീനയുടെ പുറത്തുപോയെന്നാണ്. ഒട്ടകങ്ങളുടെ പാലുകുടിച്ച് ആരോഗ്യം വീണ്ടെടുത്തു. ഒരു നിവേദനത്തിൽ ഇതും കൂടി വരുന്നുണ്ട്: നബിﷺതിരുമേനി അവരെ സ്വദഖയിൽ കിട്ടിയ ഒട്ടകങ്ങളുടെ അടുത്ത് അവയുടെ പാല് കുടിക്കുന്നതിനുവേണ്ടി പറഞ്ഞു വിട്ടു. അവർ ഒട്ടകങ്ങളുടെ അടുത്തു പോയി അതിന്റെ പാല് കുടിക്കാൻ തുടങ്ങി. അങ്ങനെ ആരോഗ്യം വീണ്ടെടുത്തു. അവരുടെ ശരീരം പഴയതുപോലെയായി. ഇസ്‌ലാം സ്വീകരിച്ചതിനുശേഷം അവരുടെ വയറ്(സാധാരണപോലെ) ചെറുതായപ്പോൾ നിഷേധികളായി ഒട്ടകങ്ങളെയും തെളിച്ചുകൊണ്ടുപൊയ്ക്കളഞ്ഞു. ഒരുഭാഗത്ത് നബിﷺതിരുമേനിയുടെ ഔദാര്യം, മറുഭാഗത്ത് അവർ ആരോഗ്യം വീണ്ടെടുത്തപ്പോൾ വഞ്ചിക്കുകയാണ് ചെയ്തത്. വിവരണത്തിൽ പറയുന്നു: നബിﷺതിരുമേനിയുടെ സ്വതന്ത്രനാക്കപ്പെട്ട അടിമ യസാറും അദ്ദേഹത്തിന്റെ ചില കൂട്ടുകാരും അവരെ കണ്ടു. സത്യനിഷേധികളായിത്തീർന്ന ആളുകൾ ഒട്ടകങ്ങളെ തെളിച്ചു കൊണ്ടുപോകുമ്പോൾ മുസ്‌ലിമീങ്ങൾ അവരെ പോരിന് വിളിക്കുകയും പിടികൂടുകയും  ചെയ്തു.

അവർ യുദ്ധം ചെയ്തപ്പോൾ ഇവരും തിരിച്ചടിച്ചു. അങ്ങനെ അവർ യസാറിന്റെ കൈകാലുകൾ ഛേദിക്കുകയും അദ്ദേഹത്തിന്റെ നാവിലും കണ്ണുകളിലും മുള്ളുകൾ തറയ്ക്കുകയും ചെയ്തു. അവസാനം അദ്ദേഹം മരണപ്പെട്ടു. അവർ കൊള്ളയടിച്ചും മോഷണം നടത്തിയും ഒട്ടകങ്ങളെ കൊണ്ടുപോവുകയും അതിന്റെ സംരക്ഷണത്തിനുണ്ടായിരുന്ന മുസ്‌ലിമീങ്ങളെ കൊല്ലുകയും ചെയ്തു. പിന്നെ അവർ വളർത്തു മൃഗങ്ങളെ ശ്രദ്ധിക്കാൻ തുടങ്ങി. ആദ്യം യസാറിനെയും പിന്നെ മറ്റു ഇടയന്മാരെയും വധിക്കുകയും ചെയ്തു. അതിലൊരാൾ നബിﷺതിരുമേനിയുടെ അടുത്തെത്തി. അദ്ദേഹം പറഞ്ഞു: അവർ എന്റെ കൂട്ടുകാരെ കൊലപ്പെടുത്തിയിരിക്കുന്നു. അതായത് അവരിൽനിന്നുള്ള ഒരാൾ രക്ഷപ്പെട്ടു വന്ന് നബിﷺ തിരുമേനിയോടു പറഞ്ഞു:അവർ ഒട്ടകങ്ങളെ തട്ടിക്കൊണ്ടു പോയിരിക്കുന്നു.

മുഹമ്മദ് ബിൻ ഉമർ നിവേദനം: ബനു അംറു ബിൻ ഔഫിലെ ഒരു സ്ത്രീ തന്റെ കഴുതപ്പുറത്ത് സഞ്ചരിച്ച് അവിടെ വന്നു. യസാറിന്റെ അടുത്തൂടെ പോകുമ്പോൾ ആ സമയത്ത് അദ്ദേഹം ഒരു മരത്തിന്റെ ചുവട്ടിൽ മരിച്ചു കിടക്കുന്നുണ്ടായിരുന്നു. ഈ സ്ത്രീ തന്റെ ഗോത്രത്തിൽ തിരിച്ചെത്തി ഈ സംഭവത്തെക്കുറിച്ച് അറിയിപ്പു കൊടുത്തു. ഏതായാലും അവിടെയുള്ള ആളുകളും പുറപ്പെടുകയും അങ്ങനെ യസാറിന്റെ മൃതദേഹമെടുത്ത് ഖുബയിൽ തിരിച്ചു കൊണ്ടുവരികയും ചെയ്തു.

സ്വഹീഹ് മുസ്‌ലിമിലുള്ള നിവേദനത്തിൽ പറയുന്നു:നബിﷺതിരുമേനിയുടെ അടുത്ത് അൻസ്വാറിലെ 20 യുവാക്കളുണ്ടായിരുന്നു. നബിﷺതിരുമേനി അവരെ അയച്ചു. ഒരു നിവേദനത്തിൽ പറയുന്നു: അവരുടെ കൽപ്പാടുകളുടെ അടയാളമനുസരിച്ച് നബിﷺതിരുമേനി 20 കുതിര സവാരിക്കാരെ അയച്ചു. അതായത് അവരതു കൊണ്ടുപോയെന്നറിഞ്ഞപ്പോൾ അവരെ പിടികൂടുന്നതിന് 20 പേരെ അയച്ചു. അവരിൽ ചിലയാളുകളുടെ പേരുകളും രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ സലമ ബിൻ അക്വഅ്, അബൂറുഹം, അബൂദർ ഗഫ്ഫാരി, ബുറയ്ദ ബിൻ ഹുസ്വയ്ബ്, റാഫി ബിൻ മക്കീഥ്, അവരുടെ സഹോദരൻ ജുൻദബ്, ബിലാൽ ബിൻ ഹാരിഥ്, അബ്ദുല്ല ബിൻ അംറ് ബിൻ ഔഫ് മുസനീ, ജുഅ്ആൽ ബിൻ സുറാഖ ഥഅ്ലബി, സുവയദിബ്നി സഖ്ർ ജുഹനീ എന്നിവരുണ്ടായിരുന്നു. ഇവരെല്ലാവരും മുഹാജിരീങ്ങളിൽ പ്പെട്ടവരായിരുന്നു. അവരുടെ അമീറായി കുർസ് ബിൻ ജാബിർ ഫിഹ്‌രിയെ നിയമിച്ചു. നബിﷺതിരുമേനി അവരെ ശത്രുക്കളെ പിന്തുടരുന്നതിനാണ് പറഞ്ഞയച്ചത്. അവരുടെകൂടെ വഴി മനസ്സിലാക്കുന്നതിന് ഒരാളെയും പറഞ്ഞു വിട്ടിരുന്നു. അദ്ദേഹം ശത്രുക്കൾ പോയ വഴി അടയാളപ്പെടുത്തി കൊടുത്തിരുന്നു. നബിﷺതിരുമേനി ശത്രുക്കൾക്കെതിരെ ശാപപ്രാർഥന നടത്തി: "അല്ലാഹുവേ! പോകുന്ന വഴിയിൽ അവരെ അന്ധന്മാരാക്കേണമേ! അതവർക്ക് ഒട്ടകത്തിന്റെ ചർമത്തേക്കാളും പ്രയാസകരമാക്കേണമേ!" അതായത് അവർക്ക് യാത്ര ചെയ്യാൻ കഴിയരുതേ. ഏതായാലും അല്ലാഹു അവരെ പോകുന്ന വഴിയിൽത്തന്നെ കുരുടന്മാരാക്കി. അങ്ങനെ അവർ അതേ ദിവസംതന്നെ പിടിക്കപ്പെട്ടു. നേരം വെളുത്തപ്പോൾ അവരെയും കൊണ്ട് നബിﷺതിരുമേനിയുടെ അടുത്തെത്തി. ഈ പോയ 20 ആളുകളാണ് അവരെ പിടിച്ചു കൊണ്ടുവന്നത്. ഒരു നിവേദനത്തിൽ പറയുന്നു:'കുർസ് ബിൻ ജാബിറും അദ്ദേഹത്തിന്റെ സുഹൃത്തുക്കളും അവരെ തിരഞ്ഞ് പുറപ്പെട്ടു. അങ്ങനെ രാത്രിയായി. അവർ രാത്രി ഹർറയിൽ കഴിച്ചുകൂട്ടി. അവിടെയാണ് അവർ നേരം വെളുപ്പിച്ചത്. മറ്റുള്ളവർ എവിടെയാണ് പോയതെന്ന് അവർക്കറിയില്ലായിരുന്നു. പെട്ടെന്ന് ഒരു സ്ത്രീ ഒട്ടകത്തിന്റെ തോളെല്ലും ഏറ്റി വരുന്നതു കണ്ടു. അവർ ആ സ്ത്രീയെ പിടികൂടി. അവരോട് ഇതെന്താണെന്ന് ചോദിച്ചു, ആ സ്ത്രീ പറഞ്ഞു: 'ഞാനൊരു ഗോത്രക്കാരുടെ അടുത്തൂടെ വരുകയായിരുന്നു. അവർ ഒട്ടകത്തെ അറുക്കുന്നുണ്ടായിരുന്നു, അവരാണ് എനിക്ക് ഈ തോൾ നൽകിയത്. ആ ആളുകൾ ഈ വനത്തിനുള്ളിലുണ്ട്. അതിൽനിന്ന് ഒരു കഷണം ആ സ്ത്രീക്ക് കൊടുത്തതാണ്, അതായത് ഒരു കാലിലെ തുടയിൽ നിന്ന് കുറച്ച് അവർക്കും കൊടുത്തു. അവർ പറഞ്ഞു: 'നിങ്ങൾ പോകുകയാണെങ്കിൽ നിങ്ങൾക്ക് അവിടെ അവരുടെ പുക ഉയരുന്നതു കാണാൻ കഴിയും. അവർ ഇരിക്കുന്ന സ്ഥലത്തുനിന്ന് പുക ഉയരുന്നുമുണ്ട്.

അങ്ങനെ സ്വഹാബത്ത് മുന്നോട്ടു നീങ്ങി, അവസാനം ഈ ആളുകളുടെ അടുത്തെത്തി. ആ സമയത്ത് അവരെല്ലാവരും ഭക്ഷണം കഴിച്ചു കഴിഞ്ഞിരുന്നു. സ്വഹാബാക്കൾ അവരോടു കീഴടങ്ങാൻ പറഞ്ഞു. അങ്ങനെ അവരെല്ലാവരും ബന്ദികളായി. അവരുടെ ഒരാളും ബാക്കിയായില്ല. സ്വഹാബാക്കൾ അവരെ കെട്ടുകയും തങ്ങളുടെ പിന്നിൽ കുതിരപ്പുറത്തിരുത്തി മദീനയിലെത്തുകയും ചെയ്തു. നബിﷺതിരുമേനി അപ്പോൾ രിഗാബ എന്ന സ്ഥലത്ത് പോയിരിക്കുകയായിരുന്നു.

ജുറുഫിനടുത്തുള്ള ഒരു സ്ഥലമാണ് രിഗാബ. ജുറുഫ് മദീനയിൽനിന്ന് മൂന്ന് മൈൽ അകലെയാണ് സ്ഥിതി ചെയ്യുന്നത്. ഏതായിരുന്നാലും അവരെയും കൊണ്ട് നബിﷺതിരുമേനിയുടെ അടുത്തേക്ക് പുറപ്പെട്ടു. ഹദ്റത്ത് അനസ്ؓനിവേദനം:'ഞാനവരുടെ പിന്നിൽ രണ്ടു കുട്ടികളുമായി പുറപ്പെട്ടു. അങ്ങനെ നബിﷺ തിരുമേനിയെ വെള്ളത്തിന്റെ ഒഴുക്ക് സംഘമിക്കുന്ന ഒരു സ്ഥലത്ത് കണ്ടുമുട്ടി. നബിﷺ തിരുമേനി ഇരുമ്പുകമ്പികൾ കൊണ്ടുവരാൻ കൽപ്പിച്ചു. അതിനുശേഷം നബിﷺതിരുമേനി അത് ആ ശത്രുക്കളുടെ കണ്ണുകളിൽ വെച്ചു. കാരണം അവർ മുസ്‌ലിം ആട്ടിടയന്മാരുടെ കണ്ണുകളിലും അങ്ങനെ ചെയ്തിരുന്നു.' ഒരു നിവേദനത്തിൽ പറയുന്നു: 'നബിﷺ തിരുമേനിയുടെ അടുത്ത് അവരെ കൊണ്ടുവന്നപ്പോൾ നബിﷺതിരുമേനി അവരുടെ ഒരു ഭാഗത്തുള്ള കൈകൾ മുറിക്കുകയും എതിർഭാഗത്തുള്ള കാലുകൾ വെട്ടുകയും അവരുടെ കണ്ണുകളിൽ ചുട്ടുപഴുത്ത കമ്പികൾ വെക്കുകയും ചെയ്തു. അവസാനം അവർ മരണപ്പെട്ടു. മറ്റൊരു നിവേദനത്തിൽ പറയുന്നു: അവരുടെ കണ്ണുകളിൽ ചുട്ടു പഴുത്ത കമ്പികൾവച്ചു. എന്നുമാത്രമല്ല അവരെ വെയിലത്ത് മാറ്റുകയും ചെയ്തു. അവർ വെള്ളം ചോദിക്കുന്നുണ്ടായിരുന്നു. പക്ഷേ, വെള്ളം കൊടുത്തില്ല. ഹദ്റത്ത് അനസ്ؓനിവേദനം. അവരിലൊരാൾ ദാഹം കൊണ്ട് തന്റെ നാവു പുറത്തിട്ട് ചുണ്ടുകളിൽ നാവുകൊണ്ട് നനയ്ക്കുന്നതാണ് ഞാൻ കണ്ടത്. ശക്തമായ ചൂടായിരുന്നു. ആ കടുത്ത വെയിലിൽ അങ്ങനെ അവർ മരണപ്പെട്ടു. അവരുടെ രക്തം തടയുന്നതിന് മുറിവുകൾ വെച്ചുകെട്ടിയില്ല. അവർക്ക് ഒരു ചികിത്സയും കൊടുത്തതുമില്ല. അബൂഖിലാബ വിവരിക്കുന്നു: ഈയാളുകൾ കൊല ചെയ്യുകയും മോഷണം നടത്തുകയും ഇസ്‌ലാം സ്വീകരിച്ചശേഷം നിഷേധികളായി പോവുകയും അല്ലാഹുവിനോടു യുദ്ധം ചെയ്യുകയുമായിരുന്നു.

ഇബ്നു സീരീൻ വിവരിക്കുന്നു: ഉറനിയ്യീനിലെ ഈ സംഭവം പ്രതിക്രിയയ്ക്കുള്ള കൽപ്പന ഇറങ്ങുന്നതിന് മുമ്പേയുള്ളതാണ്. ഏതായാലും അതൊക്കെ സംഭവിച്ചു. പ്രത്യക്ഷത്തിൽ മുസ്‌ലിമീങ്ങൾ വലിയ അക്രമം ചെയ്തുവെന്ന് തോന്നിപ്പോകും. എന്നാൽ, ഇസ്‌ലാമികാധ്യാപനങ്ങൾ ഇതിനു ശേഷമാണ് അവതരിച്ചത്. അല്ലാഹു അത് സംബന്ധിച്ചുള്ള ആയത്ത് ഇങ്ങനെ അവതരിപ്പിച്ചു:

**ഇന്നമാ ജസാഉല്ലദീന യുഹാരിബൂനല്ലാഹ വ റസൂലഹു വ യസ്ഔന ഫിൽഅർളി ഫസാദൻ അൻയ്യുഖത്തലൂ ഔ യുസല്ലബൂ ഔ തുഖത്ത്അഅ അയ്ദീഹിം വ അർജുലുഹും മിൻ ഖിലാഫിൻ ഔ യുൻഫൗ മിനൽ അർളി ദാലിക്ക ലഹും ഖിസ്‌യുൻ ഫിദ്ദുൻയാ വലഹും ഫിൽആഖിറത്തി അദാബുൻ അളീമുൻ** (അൽമാഇദ. 34)

അതായത് അല്ലാഹുവിനോടും അവന്റെ ദൂതനോടും യുദ്ധം ചെയ്യുകയും നാട്ടിൽ കുഴപ്പമുണ്ടാക്കുന്നതിന് ശ്രമിക്കുകയും ചെയ്യുന്നവർക്കുള്ള ശിക്ഷ, അവരെ വധിക്കുകയോ ക്രൂശിക്കുകയോ അല്ലെങ്കിൽ അവരുടെ കൈകാലുകൾ വിപരീത ഭാഗത്തുനിന്ന് മുറിച്ചുകളയുകയോ നാട്ടിൽനിന്ന് പുറത്താക്കുകയോ ചെയ്യുക മാത്രമാണ്. (ഈ ശിക്ഷ അവർക്ക് ലഭിച്ചാൽ) അത് അവർക്ക് ഇഹലോകത്ത് അപമാനകരമായിരിക്കും;പരലോകത്തും കഠി


• ഹദീഥുന്നബ്‌വിﷺ •

"അൽഅയ്മനു ഫൽ അയ്മനു."
വലതു ഭാഗത്തുള്ളവൻ വലതുഭാഗത്തുള്ളവൻതന്നെ.

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്‌വിﷺ •

"അദ്ദുൻയാ മസ്റഅത്തുൽ ആഖിറ."
ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാണ്.




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

നനശിക്ഷയുണ്ടാകും.

നബിﷺതിരുമേനി ഇതിനുശേഷം ആരുടെയും കണ്ണിൽ ചുട്ടുപഴുത്ത കമ്പികൾ വയ്ക്കുകയോ ആരുടെയും നാവോ കൈയോ കാലോ അറുത്തു മാറ്റുകയോ ചെയ്തുകൊണ്ടുള്ള ഒരു ശിക്ഷയും നടപ്പാക്കിയിട്ടില്ല. പിന്നീട് നബിﷺതിരുമേനി സൈന്യങ്ങളെ അയക്കുമ്പോൾ മൃതദേഹങ്ങളെ വികലപ്പെടുത്തരുതെന്ന് കൽപ്പിക്കുമായിരുന്നു. അതിനുശേഷം സ്വദഖ കൊടുക്കാനും പ്രേരിപ്പിച്ചു കൊണ്ടിരുന്നു. മൃതദേഹങ്ങളെ വികൃതമാക്കുന്നത് തടയുകയും ചെയ്തു.

മുഹമ്മദ് ബിൻ അംറ് വാഖ്ദിയും ഇബ്നു സഅ്ദും വിവരിക്കുന്നു: "15 ഒട്ടകങ്ങളെയാണ് അവർ മേച്ചിൽ സ്ഥലത്തുന്നിന്ന് പിടിച്ചുകൊണ്ടുപോയത്."*(സുബുലുൽ ഹുദാ വർറശാദ് വാല്യം 6, പേജ് 115-117, 122, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(സ്വഹീഹ് മുസ്‌ലിം, ഹദീഥ് 3150, വാല്യം 9, പേജ് 13, നൂർഫൗണ്ടേഷൻ)(മുഅ്ജമുൽ ബുൽദാൻ, ഡോക്ടർ ഗുലാം ജീലാനി ബർഖ് പേജ് 263) (ഫർഹങ്കെ സീറത്ത് പേജ് 87, പ്രസാധനം സവാർ അക്കാഡമി കറാച്ചി)*

ഏതായാലും ഈ ശത്രുക്കൾ മുസ്‌ലിമീങ്ങളോടു ചെയ്ത ദ്രോഹത്തിന് പകരം വീട്ടുകയാണ് ചെയ്തത്. അവരോടും അതുപോലെത്തന്നെ പെരുമാറി. അതേ നിലയ്ക്കുള്ള ശിക്ഷ അവർക്കും നൽകി. എന്നാൽ, പിന്നീട് ഇസ്‌ലാമികാധ്യാപനമനുസരിച്ച് ഒരിക്കലും ശത്രുക്കളോടു ഇങ്ങനെ പെരുമാറിയിട്ടില്ല. ഇത് ഒരു നിലയ്ക്കുള്ള മറുപടിയായിരുന്നു. പക്ഷേ, ചിലയാളുകളെന്തുകൊണ്ടാണ് ഇത്രയും അക്രമപരമായ രീതിയിലുള്ള പെരുമാറ്റമുണ്ടായതെന്ന് ഇസ്‌ലാമിനുമേൽ ആരോപണം ഉന്നയിക്കുന്നുണ്ട്. അതിനുള്ള മറുപടി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്رضസീറത്ത് ഖാത്തമുന്നബിയ്യീനിൽ സമുചിതം നൽകിയിട്ടുണ്ട്. അദ്ദേഹം എഴുതുന്നു:

"മുസ്‌ലിമീങ്ങളെ സംബന്ധിച്ചിടത്തോളം ഈ ദിനങ്ങൾ വളരെ ഭയാനകമായിരുന്നു. കാരണം ഖുറയ്ശികളുടേയും യഹൂദികളുടേയും പ്രേരണയുടെ ഫലമായി മുഴുവൻ രാജ്യത്തും ശത്രുതയുടെ അഗ്നിനാളങ്ങൾ ഉയരുകയായിരുന്നു. അവർ തങ്ങളുടെ പുതിയ പദ്ധതികൾക്കുകീഴിൽ ഒരു തീരുമാനമെടുത്തിരുന്നു, അതായത് മദീനയ്ക്കുമേൽ കൃത്യമായ ആക്രമണം നടത്തുന്നതിനുപകരം ഒളിഞ്ഞിരുന്ന് വിവിധ മാർഗങ്ങളിലൂടെ നഷ്ടങ്ങളുണ്ടാക്കുക! വഞ്ചനയും ചതിയും അറേബ്യയിലുള്ള വന്യഗോത്രങ്ങളുടെ സ്വഭാവത്തിന്റെ ഭാഗമായിരുന്നു. അതുകൊണ്ടവർ അനുവദനീയവും അല്ലാത്തതുമായ മാർഗങ്ങളിലൂടെ മുസ്‌ലിമീങ്ങൾക്ക് നഷ്ടമുണ്ടാക്കാൻ തയ്യാറായിരുന്നു.

ഇനി വിവരിക്കാൻ പോകുന്ന സംഭവത്തിലും അതു കാണാൻ കഴിയും. ഇതും അവരുടെ മലീമസമായ സ്വഭാവശൃംഖലയുടെ ഒരു കണ്ണിയാണ്. അത് ഭയാനകമായ രീതിയിൽ അതിന്റെ പര്യവസാനത്തിലെത്തി.

ഇതിന്റെ വിശദീകരണത്തിൽ അദ്ദേഹം തുടർന്നെഴുതുന്നു: "ഹിജ്റ ആറാം വർഷം ശവ്വാൽ മാസത്തിൽ ഉക്ൽ, ഉറയ്ന ഗോത്രങ്ങളിലെ ഏതാനുമാളുകൾ, അതായത് എട്ടാളുകൾ മദീനയിൽ വന്ന് ഇസ്‌ലാമിനോടുള്ള സ്നേഹവും താൽപര്യവും പ്രകടിപ്പിച്ച് മുസ്‌ലിമീങ്ങളായി. കുറച്ചു കാലം താമസിച്ചതിനുശേഷം മദീനയുടെ കാലാവസ്ഥ അവർക്ക് ഉദരസംബന്ധമായും മറ്റും പ്രയാസങ്ങളുണ്ടാക്കുന്നു വെന്ന് പരാതി പറഞ്ഞ് നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരാവുകയും തങ്ങളുടെ പ്രയാസങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. അവർ പറഞ്ഞു: "യാ റസൂലല്ലാഹ്! ഞങ്ങൾ കാട്ടു നിവാസികളാണ്. മൃഗങ്ങളുടെ കൂടെയാണ് ഞങ്ങൾ ജീവിതം കഴിച്ചുകൂട്ടിയിരുന്നത്. നഗരജീവിതം ഞങ്ങൾക്ക് അന്യമാണ്. അതുകൊണ്ട് ഞങ്ങളിൽ പലരും രോഗബാധിതരാവുകയാണ്. നബിﷺതിരുമേനി പറഞ്ഞു: നിങ്ങൾക്കിവിടെ മദീനയിൽ പ്രയാസമുണ്ടെങ്കിൽ മദീനയ്ക്കു പുറത്ത് ഞങ്ങളുടെ നാൽക്കാലികൾ വസിക്കുന്ന സ്ഥലത്ത് മാറിപ്പോകാവുന്നതാണ്. അവരോടുള്ള ആതിഥ്യമര്യാദകളെല്ലാം പാലിച്ചതിനുശേഷം വാത്സല്യത്തോടെ പറഞ്ഞു:

"ഒട്ടകങ്ങളുടെ പാലും മറ്റും കുടിച്ച് ആരോഗ്യം നന്നാക്കിയെടുക്കുക." മറ്റൊരു നിവേദനത്തിൽ പറയുന്നു: "നബിﷺതിരുമേനിയോടു അവർ നേരിട്ട് പറഞ്ഞു: "യാ റസൂലല്ലാഹ്ﷺ! അങ്ങ് അനുമതി നൽകുകയാണെങ്കിൽ ഞങ്ങൾ മദീനയ്ക്കു പുറത്ത് അങ്ങയുടെ നാൽക്കാലികളും മറ്റും വസിക്കുന്ന സ്ഥലത്ത് മാറി താമസിക്കുന്നതാണ്. അതിന് നബിﷺതിരുമേനി അനുമതി കൊടുക്കുകയും ചെയ്തു. ഏതായാലും അവർ നബിﷺതിരുമേനിയോടു അനുവാദം വാങ്ങി മദീനയ്ക്കുപുറത്ത് മൃഗങ്ങളെ മേയ്ക്കുന്ന അതായത് മുസ്‌ലിമീങ്ങളുടെ ഒട്ടകങ്ങൾ വസിക്കുന്ന സ്ഥലത്ത് മാറി താമസിച്ചു. പക്ഷേ, ഈ ദുർഭഗന്മാർ അവിടം തങ്ങളുടെ സ്ഥിരതാവളമാക്കുകയാണ് ചെയ്തത്. അവർ ചുറ്റുപാടും നിരീക്ഷിച്ച് അവസ്ഥകളെല്ലാം നല്ലപോലെ മനസ്സിലാക്കി. തുറസ്സായ അന്തരീക്ഷത്തിൽ വസിക്കുകയും ഒട്ടകങ്ങളുടെ പാലു കുടിക്കുകയും ചെയ്തപ്പോൾ അവർ നല്ലവണ്ണം തടിച്ചു കൊഴുക്കുകയും ചെയ്തു. ഒരു ദിവസം പെട്ടെന്ന് അവർ ഒട്ടകങ്ങളുടെ ഇടയന്മാരെ ആക്രമിക്കുകയും അവരെ വധിക്കുകയും ചെയ്തു. അവരെ വധിച്ചതും വളരെ ഹൃദയഭേദകമായ രീതിയിലായിരുന്നു. ആദ്യം അവരെ മൃഗങ്ങളെ അറുക്കുന്നതുപോലെ അറുത്തു. പിന്നെ അവസാനം കുറച്ച് ജീവൻ ബാക്കിയായപ്പോൾ അവരുടെ നാവുകളിൽ വളരെ മൂർച്ചയേറിയ കത്തികൾ കുത്തി ഇറക്കുകയും ചെയ്തു. അവർ ഒറ്റയ്ക്കാകാതിരിക്കുന്നതിനാണ് ഇങ്ങനെ ചെയ്തത്. അതല്ലെങ്കിൽ ദാഹംകൊണ്ട് പിടയുന്നതിനു വേണ്ടിയായിരുന്നു ഇങ്ങനെ അറുത്തു മാറ്റിയത്. അത് അവരുടെ യാതന കുറേക്കൂടി വർധിപ്പിച്ചു. പിന്നെ ഈ ദ്രോഹികൾ അതിലും അവസാനിപ്പിച്ചില്ല. പ്രത്യുത ചുട്ടുപഴുത്ത കമ്പികൾ അവരുടെ അതായത് പകുതി മരിച്ച മുസ്‌ലിമീങ്ങളുടെ കണ്ണുകളിൽ കുത്തിയിറക്കി. അങ്ങനെ ഈ നിർദോഷികളായ മുസ്‌ലിമീങ്ങൾ തുറസ്സായ ആകാശത്തിനു കീഴിൽ പിടഞ്ഞു പിടഞ്ഞു തങ്ങളുടെ ജീവൻ വെടിഞ്ഞു. അതിൽ നബിﷺതിരുമേനിയുടെ സ്വന്തം സേവകനുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് യസാർ എന്നായിരുന്നു. അദ്ദേഹം നബിﷺതിരുമേനിയുടെ ഒട്ടകങ്ങളെ മേയ്ക്കുന്നതിന് നിയോഗിക്കപ്പെട്ട ആളായിരുന്നു.

ഈ കാട്ടാളന്മാർ വളരെ മൃഗീയമായ രീതിയിൽ മുസ്‌ലിമീങ്ങളെ കൊന്നൊടുക്കി. പിന്നീട് മുഴുവൻ ഒട്ടകങ്ങളെയും തെളിച്ചുകൊണ്ട് പോവുകയും ചെയ്തു. ഈ വിഷയം ഒരു ആട്ടിടയൻ, നബിﷺതിരുമേനിയെ അറിയിച്ചു. അദ്ദേഹം യാദൃച്ഛികമായി രക്ഷപ്പെട്ടതായിരുന്നു. ഏതായാലും നബിﷺതിരുമേനി ഉടൻതന്നെ 20 സ്വഹാബാക്കളടങ്ങുന്ന ഒരു സംഘത്തെ തയ്യാറാക്കി അവരെ പിന്തുടരാൻ അയച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവർ കുറച്ചുദൂരം പിന്നിട്ടതേ ഉണ്ടായിരുന്നുള്ളൂ. വളരെ ധൈര്യ സമേതം അവരെ പിന്തുടരുകയും പിടികൂടുകയും കയറുകളിൽ ബന്ധിയാക്കി തിരിച്ചുകൊണ്ടുവരികയും ചെയ്തു. ആ സമയത്ത് നബിﷺതിരുമേനിക്ക് ഇങ്ങനെയുള്ള രീതിയിൽ ആരെങ്കിലും വർത്തിച്ചാൽ അവരോടെങ്ങനെയാണ് പെരുമാറേണ്ടതെന്നതിനെ സംബന്ധിച്ചുള്ള ഒരു കല്പനയും ഇറങ്ങിയിരുന്നില്ല. ഏതായാലും നബിﷺതിരുമേനി തന്റെ പതിവ് തത്ത്വമനുസരിച്ച് അതായത് ഇസ്‌ലാമിൽ പുതിയൊരു നിയമം അവതരിക്കുന്നതിനുമുമ്പേ ഗ്രന്ഥാനുസാരികളുടെ മാർഗത്തെയാണ് പിന്തുടർന്നിരുന്നത്, അതുപോലെതന്നെ ചെയ്തു. മൂസാനബിയുടെعليه السلامന്യായപ്രമാണമനുസരിച്ച് കൽപ്പന നൽകി. എങ്ങനെയാണോ ഈ ദ്രോഹികൾ മുസ്‌ലിം ഇടയന്മാരോടു പെരുമാറിയത് അതേ രീതിയിൽ അവരോടു പ്രതികാരം ചെയ്യുന്നതിനും, പകരം ചോദിക്കുന്നതിനും കൽപ്പിച്ചു. ഇത് മൂസാനബിയുടെعليه السلامഅധ്യാപനമായിരുന്നു. അതനുസരിച്ച് പെരുമാറി. പുതിയ ശരീഅത്തിന്റെ കൽപ്പന

ഹദീസുന്നബവിﷺ
"അൽഖാലത്തു വാലിദത്തുൻ."
മാതൃസഹോദരിയും മാതാവ് തന്നെയാണ്.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL : 9744366004, 8086399638

ഹദീസുന്നബവിﷺ
"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.
tectona
feel more confidence
tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

കൾ പൂർണമായും വരുന്നതിനുമുമ്പേ മൂസാ നബിയുടെﷺഅധ്യാപനമനുസരിച്ചാണല്ലോ കാര്യങ്ങൾ തീരുമാനിച്ചിരുന്നത്. ഏതായാലും അങ്ങനെത്തന്നെ ചെയ്തത് ഈ ശിക്ഷ മറ്റുള്ളവർക്ക് ഒരു ഗുണപാഠമാകുന്നതിനും കൂടിയായായിരുന്നു. ഇപ്രകാരം ചെറിയൊരു മാറ്റത്തോടുകൂടി അതേ നിലയിൽത്തന്നെ മദീനയ്ക്കുപുറത്ത് തുറന്ന മൈതാനത്ത് അവരെ മരണത്തിന്റെ താഴ്‌വരകളിലേക്ക് ഇറക്കിവിട്ടു. പക്ഷേ, ഇസ്‌ലാമിനുവേണ്ടി അല്ലാഹു മറ്റൊരു അധ്യാപനം നിശ്ചയിച്ചിട്ടുണ്ടായിരുന്നു.

മേലിൽ മറുപടിയായും പ്രതികാരമായും മൃതദേഹങ്ങളെ വികൃതമാക്കുന്ന ശിക്ഷ നിരോധിക്കപ്പെട്ടു. അതായത് വധിക്കപ്പെട്ടവരുടെ ശരീരം വികലമാക്കുകയോ പകരം ചോദിക്കുന്ന രീതിയിൽ അവയവങ്ങളെ വെട്ടിമാറ്റുകയോ മറ്റോ ചെയ്യുന്നത് പൂർണ്ണമായും നിരോധിക്കപ്പെട്ടു.

ഈ സംഭവത്തെ സംബന്ധിച്ച് അദ്ദേഹം എഴുതുന്നു: "നമുക്ക് കൂടുതലായെന്നും എഴുതേണ്ട കാര്യമില്ല. കാരണം, തീർച്ചയായും ഇതിൽ അക്രമപ്രവൃത്തിക്ക് തുടക്കമിട്ടത് സത്യനിഷേധികളായിരുന്നു. അവർ അനുവദനീയമായ ഒരു കാരണവും കൂടാതെ തികച്ചും ഇസ്‌ലാമിനോടുള്ള അന്ധമായ ശത്രുതയാൽ നിർദോഷികളായ മുസ്‌ലിമീങ്ങളോടു ഇത്തരത്തിൽ അക്രമപരമായ സമീപനമാണ് സ്വീകരിച്ചത്. അവർക്കുള്ള ശിക്ഷയിൽ ചെയ്തതെല്ലാം തികച്ചും പ്രതികാരവും മറുപടിയും എന്ന നിലയ്ക്കു മാത്രമായിരുന്നു. അതായത് ശത്രുക്കൾക്ക് നൽകപ്പെട്ട ശിക്ഷ പ്രതികാരമെന്ന നിലയ്ക്കായിരുന്നു. അത് നൽകിയത് അവർ ഇസ്‌ലാമിന്നെതിരെ രാജ്യത്ത് മുഴുവനും ശത്രുതയുടെയും വെറുപ്പിന്റെയും അഗ്നി ആളിക്കത്തിച്ചതുകൊണ്ട് കൂടിയാണ്. പിന്നീട് ഈ പ്രതികാരം മൂസവീ ശരീഅത്ത് അനുസരിച്ചുള്ളതുമായിരുന്നു. പക്ഷേ, എന്നിട്ടും ഇസ്‌ലാം അതിനെ നിലനിറുത്തിയില്ല. മേലിൽ ഇത്തരത്തിലുള്ള രീതികൾ ഒഴിവാക്കുകയാണ് ചെയ്തത്. ഈയൊരു സാഹചര്യത്തിൽ ബുദ്ധിയുള്ള ആരെങ്കിലും ഇത് സംബന്ധിച്ച് ആക്ഷേപം ഉന്നയിക്കുമോ? ഈ സന്ദർഭത്തിൽ ഒരു കാര്യംകൂടി ഓർക്കുക; ഇവരാണ് തുടക്കം മുതൽ ത്തന്നെ ദുരുദ്ദേശ്യത്തോടുകൂടി മദീനയിൽ വന്നത്. അവർ ഏറെക്കുറെ തങ്ങളുടെ ഗോത്രത്തിൽ ആയുധാഭ്യാസങ്ങൾ നേടിയവരുമായിരുന്നു. മുസ്‌ലിമീങ്ങൾക്കിടയിൽ താമസിച്ചുകൊണ്ട് അവർക്ക് നഷ്ടമുണ്ടാക്കാനും ശ്രമിച്ചു. ഒരുപക്ഷേ, നബിﷺതിരുമേനിക്കെതിരിലും അവർക്ക് ദുരുദ്ദേശ്യമുണ്ടായിരുന്നിരിക്കും. പക്ഷേ, മദീനയിൽ താമസിച്ചതുകൊണ്ട് അതിനവർക്ക് അവസരം കിട്ടിയില്ല. അപ്പോൾ അവർ മദീനയ്ക്ക് പുറത്തുനിന്ന് തങ്ങളുടെ പരിപാടികൾ നടപ്പാക്കാമെന്ന് കരുതി.

അവരുടെ ദുരുദ്ദേശ്യം മുസ്‌ലിം ഇടയന്മാരോടുള്ള അവരുടെ പെരുമാറ്റത്തിൽനിന്ന് വ്യക്തമാണ്. അവർ വെറും കള്ളന്മാരും കൊള്ളക്കാരും മാത്രമായിരുന്നില്ല. മറിച്ച് തികച്ചും പ്രതികാരവാഞ്ഛ ഉള്ളവരായിരുന്നു. ഇനി അവർ ആരംഭത്തിൽ സത്യഹൃദയത്തോടെ മുസ്‌ലിമീങ്ങളാകുകയും പിന്നീട് ഒട്ടകങ്ങളെ കണ്ടപ്പോൾ അവരുടെ ഉദ്ദേശ്യങ്ങൾ മാറുകയും ആ ഒരു അവസ്ഥയിൽ ഒട്ടകങ്ങളെ കൊണ്ടുപോവുകയും ചെയ്യുമ്പോൾ ആട്ടിടയന്മാർ അവർക്ക് തടസ്സമായിരുന്നെങ്കിൽ അവരെ മർദ്ദിച്ചു കൊന്നു പോകാമായിരുന്നു. പക്ഷേ, അവർ മുസ്‌ലിം ഇടയന്മാരെ കൊല്ലുകയും തങ്ങളെ സ്വയം അപകടത്തിൽ പെടുത്തി തങ്ങളുടെ കാട്ടാളരീതിയിലുള്ള പ്രവർത്തനങ്ങളെ ദീർഘിപ്പിക്കുകയും ചെയ്യാൻ അവിടെ കുറച്ചു തങ്ങുകയും വളരെ യാതനകൾ നൽകി അവരെ വധിക്കുകയും ചെയ്തതിൽനിന്ന് വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നത് ഈ ചെയ്തികളൊന്നും യാദൃച്ഛികമായ അത്യാർത്തികൊണ്ട് ചെയ്തതല്ലായിരുന്നു എന്നാണ്. പ്രത്യുത തികച്ചും ശത്രുതാപരമായ നീക്കമായിരുന്നു. മനസ്സിന്റെ ഉള്ളിലെ വെറുപ്പിന്റെയും നീണ്ട കാലമായുണ്ടായിരുന്ന വിദ്വേഷത്തിന്റെയും പരിണിതിയായിരുന്നു. അവരുടെ ഈ അക്രമപരമായ നിലപാടിന് മറുപടിയായി നബിﷺതിരുമേനിയും തികച്ചും പ്രതികാരവും മറുപടിയുമെന്ന നിലയ്ക്ക് ഇസ്‌ലാമികാധ്യാപനങ്ങൾ ഇറങ്ങുന്നതിനു മുമ്പേ മൂസവീ ശരീഅത്തനുസരിച്ചാണ് പ്രവർത്തിച്ചത്. പക്ഷേ, അതിനുശേഷം വേഗംതന്നെ ഇസ്‌ലാമികാധ്യാപനങ്ങൾ അവതരിച്ചു. ഇത്തരത്തിൽ ശിക്ഷാപരമായ മറുപടി നൽകുന്നത് അനുവദനീയമല്ലെന്ന് പ്രഖ്യാപിക്കപ്പെട്ടു.

ബുഖാരിയിൽ ഉള്ള വാക്കുകൾ ഇപ്രകാരമാണ്;

**അന്നനബിയ്യﷺ ബഅ്ദ ദാലിക്ക കാന യഹുഥ്ഥു അലസ്സ്വദഖത്തി വ യൻഹാ അനിൽ മുഥ്ലത്തി**

അതായത് ഈ സംഭവത്തിനുശേഷം നബിﷺ തിരുമേനി ഔദാര്യത്തിനും സൽപെരുമാറ്റത്തിനുമുള്ള ഉപദേശങ്ങൾ നൽകിക്കൊണ്ടിരുന്നു. ഏതായാലും ശത്രുക്കളുടെ മൃതദേഹങ്ങളെ വികലമാക്കുന്നത് വിരോധിക്കുകയും ചെയ്തു.

വില്യം മ്യൂർ അടക്കമുള്ള പാശ്ചാത്യ ഗവേഷകർ ഈ സംഭവത്തിന്റെ പശ്ചാത്തലം വിവരിച്ചുകൊണ്ട് തങ്ങളുടെ ശൈലി അനുസരിച്ച് ആക്ഷേപങ്ങൾ ഉന്നയിക്കുകയും ഈ കൊള്ളക്കാരെ കൊന്നത് വളരെ അക്രമപരവും മൃഗീയവുമായ നിലയിലാണെന്നും പറയുന്നു. എന്നാൽ, സാഹചര്യങ്ങളെല്ലാം മുന്നിൽ വെച്ച് ചിന്തിക്കുകയാണെങ്കിൽ ഇക്കാര്യത്തിൽ ഇസ്‌ലാമിന്റെ കോന്തല തികച്ചും പരിപാവനമാണെന്ന് കാണപ്പെടുന്നതായിരിക്കും. കാരണം ഈ തീരുമാനം ഇസ്‌ലാമിന്റേതല്ലെന്നതാണ് വസ്തുത. പ്രത്യുത മൂസാ നബിയുടേതായിരുന്നു. അദ്ദേഹത്തിന്റെ ശരീഅത്തിനെ മിശിഹ കാലഹരണപ്പെടുത്തുകയല്ല മറിച്ച് നിലനിറുത്തുകയാണ് ചെയ്തത്. ഇനി നമ്മുടെ ആക്ഷേപകരുടെ മുന്നിൽ ഈസാനബിയുടെ വാക്കുകൾ അതായത് 'നിന്റെ വലത്തെ ചെകിട്ടത്ത് അടിക്കുന്നവന്നു മറ്റേതും തിരിച്ചുകാണിക്ക. നിന്നോടു വ്യവഹരിച്ചു നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവനു നിന്റെ പുതപ്പും വിട്ടുകൊടുക്ക. ഒരുത്തൻ നിന്നെ ഒരു നാഴിക വഴി പോകുവാൻ നിർബ്ബന്ധിച്ചാൽ രണ്ടു അവനോടുകൂടെ പോക.' തുടങ്ങിയ അധ്യാപനങ്ങൾ നമ്മുടെ എതിരാളികൾക്ക് ആക്ഷേപിക്കുന്നതിന് വക നൽകുന്നു. എന്നാൽ, ഒരു പ്രശ്നമുള്ളത് ഈ അധ്യാപനങ്ങളേതെങ്കിലും ഒരു ബുദ്ധിമാന്റെ പക്കൽ പ്രായോഗിക യോഗ്യമാണോ? ഇന്ന് ഈ 1950 വർഷങ്ങൾക്കുശേഷം ഇപ്പോൾ 2000 വർഷങ്ങളും കഴിഞ്ഞിരിക്കുന്നു, ഏതെങ്കിലും ക്രിസ്തീയ പുരുഷനോ സ്ത്രീക്കോ അല്ലെങ്കിൽ ക്രിസ്തീയ സംഘങ്ങളോ രാഷ്ട്രങ്ങളോ ഈ അധ്യാപനം അനുസരിച്ച് പെരുമാറാൻ തയ്യാറാണോ? പ്രസംഗ പീഠങ്ങളിൽ കയറി പ്രഭാഷണം നടത്തുന്നതിന് ഒരുപക്ഷേ, ഇത് വളരെ നല്ല അധ്യാപനമായിരിക്കും. പക്ഷേ, പ്രായോഗികലോകത്ത് ഈ അധ്യാപനങ്ങൾക്ക് ഒരുവിധ മൂല്യവുമില്ല. ഒരു ബുദ്ധിമാനും അതനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറാകുന്നതുമല്ല. ഈ ഒരു അവസ്ഥയിൽ ഇത്തരം വൈകാരികമായ കളിപ്പാവകളെ മുന്നിൽവച്ച് മുസ്‌ലിമീങ്ങളെ ആക്ഷേപത്തിന് കുറിമാനമാക്കുന്നത് സ്വന്തം വിവരക്കേടിനുള്ള സ്വയം തെളിവ് നൽകുന്നതിനു തുല്യമാണ്.

അതെ! മൂസാനബിയുടെ അധ്യാപനങ്ങൾ മുന്നിൽവച്ച് നോക്കുക, അദ്ദേഹം യേശുവിനെ അപേക്ഷിച്ച് ഒരു സത്യസന്ധനായ നിയമജ്ഞനും നിയമങ്ങളെ നല്ലപോലെ അറിയുന്ന ആളുമായിരുന്നു. മാത്രമല്ല ക്രിസ്ത്യാനികളുടെ വാക്കുകളെയല്ല മറിച്ച് അവരുടെ കർമ്മപരമായ പ്രവൃത്തികളുടെ വെളിച്ചത്തിൽ പരീക്ഷിച്ചുനോക്കുക. അപ്പോൾ കർമ്മപരമായ രംഗത്ത് ഒരു മതത്തിനും ഇസ്‌ലാമിനെ നേരിടാൻ സാധ്യമല്ലെന്ന് വ്യക്തമാകുന്നതാണ്. കാരണം അതെന്തെന്നാണോ പറയുന്നത് അത് പ്രാവർത്തികമാക്കുകയും ചെയ്യുന്നു. അത് പുറത്തു കാണിക്കുകയും ഭക്ഷിക്കുകയും ചെയ്യുന്ന ദന്തങ്ങൾ ഒരുപോലെയുള്ളതാണ്. അതിന്റെ വാക്കും പ്രവൃത്തിയും ഉന്നതമായ തരത്തിലാണ് വിരാജിക്കുന്നത്. ബുദ്ധിമാനും പക്ഷപാതമില്ലാത്ത മനുഷ്യനും അതിനുമേൽ ആക്ഷേപമുന്നയിക്കാൻ സാധ്യമല്ല. മറിച്ച് ഹൃദയപൂർവ്വം അതിനെ ശ്ലാഘി

• ഹദീഥുന്നബ്‌വിﷺ •

"അൽഅഅ്മാലു ബിൽ ഖവാതീമി"

കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.

ത്വാലിബെ ദുആ

RAHMAN SHAKEER & FAMILY

AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വിﷺ •

"ഊസ്വീക്കും ബിൽജാരി."

അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.

ത്വാലിബെ ദുആ

P. ABDUL AMEER

AHMADIYYA JAMA-ATH MANJERY, KERALA

ക്കേണ്ടി വരുന്നതുമായിരിക്കും. അതല്ലാതെ മൂസവീ ശരീഅത്തുപോലെ എല്ലാ അവസ്ഥയിലും പ്രതികാരം ചെയ്യാനോ ഒരുവിധ വകതിരിവുമില്ലാതെ പ്രതികാരത്തിന്റെ മഴു ചലിപ്പിക്കാനോ അതല്ലെങ്കിൽ യേശുവിന്റെ അധ്യാപനം പ്രകാരം എല്ലാ അവസ്ഥയിലും ശിക്ഷ കൊടുക്കരുതെന്നോ പറയുന്നില്ല. എന്നല്ല കുറ്റവാളി ഏതെങ്കിലും കുറ്റം ചെയ്യുമ്പോൾ അവന്റെ കുറ്റത്തിന് സ്വയം സഹായം നൽകിക്കൊണ്ട് കൂടുതൽ ശക്തിപ്പെടുത്തുക എന്നതല്ല. എന്നാൽ, ഇസ്‌ലാം അമിതത്വവും അതിമിത്വവുമായ വഴികൾ ഒഴിവാക്കി മധ്യമനിലയിലുള്ള അധ്യാപനം നൽകുന്നു. അത് ലോകത്ത് യഥാർഥ സമാധാനത്തിന് അടിത്തറയിടുന്നതായിരിക്കും. അത് ഇതാണ്, വ ജസാഉ സയ്യിഅത്തിൻ സയ്യി അത്തുൻമ്മിഥ്‌ലുഹാ ഫമൻ അഫാ വ അസ്‌ലഹ ഫഅജ്‌റുഹൂ അലല്ലാഹ് തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. എന്നാൽ, വല്ലവനും മാപ്പു ചെയ്യുകയും(അതുമുഖേന) നന്മ വരുത്തുകയും ചെയ്യുന്നതായാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെ അടുക്കലാണ്. (42:41)

അതായത് ഓരോ തിന്മയ്ക്കും അതിന്റെ തീക്ഷ്ണതയനുസരിച്ച് ഉചിതമായ ശിക്ഷ നൽകുക. എന്നാൽ, അവസ്ഥകൾ അങ്ങനെ അല്ലാതാവുകയാണെങ്കിൽ അതായത് മാപ്പ് കൊടുക്കുകയും സഹിഷ്ണുതയോടെ വർത്തിക്കുകയും ചെയ്യുമ്പോൾ മാറ്റമുണ്ടാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നെങ്കിൽ മാപ്പ് കൊടുക്കുകയും സഹിഷ്ണുതയോടെ വർത്തിക്കുകയും ചെയ്യുന്നതാണ് അഭികാമ്യം. അത്തരം വ്യക്തി അല്ലാഹുവിന്റെ പക്കൽ നല്ല പ്രതിഫലത്തിന് അർഹനായിരിക്കുന്നതുമാണ്. ഇതു സംബന്ധിച്ച് ഇസ്‌ലാം നൽകുന്ന അധ്യാപനം ഇതാണ്. ഒരു ബുദ്ധിമാനും ഇതിനെ നിരാകരിക്കാൻ സാധ്യമല്ല. ഇതു വളരെ നല്ലൊരു അധ്യാപനമാകുന്നു. ഇതിൽ മനുഷ്യന്റെ ആവശ്യങ്ങളുടെ എല്ലാ തലങ്ങളെയും പരിഗണിച്ചിരിക്കുന്നു. ശിക്ഷ കൊടുക്കുന്ന അവസരത്തിലും ഇസ്‌ലാം ഒരു നിബന്ധന വെച്ചിരിക്കുന്നു, അതായത് ഉചിതമായ പരിധിയുടെ അപ്പുറത്ത് പോകാൻ പാടില്ല. മൃതദേഹങ്ങൾ വികൃതമാക്കുന്നപോലുള്ള മൃഗീയമായ ചെയ്തികളെ ഒറ്റയടിക്ക് അത് നിറുത്തലാക്കി. അതേസമയം മിശിഹായുടെ പ്രദർനപരതമായ അധ്യാപനങ്ങളുണ്ടായിരുന്നിട്ടുകൂടി ക്രൈസ്തവ സമൂഹത്തിന്റെ ശത്രുക്കളോടുള്ള പെരുമാറ്റവും യുദ്ധത്തിൽ കാണിച്ചുകൂട്ടുന്ന ചെയ്തികളുമെല്ലാം ലോകചരിത്രത്തിലെ ഒരു തുറന്ന ഏടാകുന്നു. അവർ എന്തൊക്കെയാണ് ചെയ്തു കൂട്ടുന്നതെന്ന് ഇവിടെ ആവർത്തിക്കേണ്ട കാര്യമില്ല."*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എﷺ, പേജ് 744-747)*

എന്ത് ഇവരൊന്നും ചെയ്യുന്നില്ലെന്നോ

ഇനി മറ്റൊരു യുദ്ധ നടപടിയെക്കുറിച്ച് പരാമർശിക്കുന്നതായിരിക്കും. ഈ ഗസ്‌വത്ത് ദീ ഖർദ് എന്ന് പറയപ്പെടുന്നു. ഇതു സംബന്ധിച്ച് നബിചരിത്രകാരന്മാർക്കും ഹദീഥ് പടുക്കൾക്കുമിടയിൽ ഈ ഗസ്‌വത്ത് എപ്പോഴാണുണ്ടായതെന്ന കാര്യത്തിൽ തർക്കമുണ്ട്.

ഹദീഥു പണ്ഡിതന്മാർ ഈ യുദ്ധം ഹുദയ്ബിയ സന്ധിക്കുശേഷവും ഖയ്ബർ യുദ്ധത്തിനു മുമ്പേയും ദുൽഖഅദ് ഹിജ്റ 6-നും മുഹർറം 7-നുമിടയിലാണ് നടന്നതെന്ന് പറയുന്നു. എന്നാൽ, നബി ചരിത്രകാരന്മാർ ഇത് ലയ്ഹാൻ യുദ്ധത്തിനുശേഷം ഹിജ്റ ആറാം വർഷം ജമാദുൽ ഊലാ മാസത്തിലാണുണ്ടായതെന്നാണ് പറയുന്നത്. ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും പറയുന്നതനുസരിച്ച് ഇത് ഖയ്ബർ യുദ്ധത്തിന് മൂന്നുദിവസം മുമ്പേയാണ് നടന്നത്. അവർ ഇതേ സംബന്ധിച്ച് ഹുദയ്ബിയ സന്ധിക്കുശേഷം ഖയ്ബറിന് മുമ്പേയാണെന്ന് പറയുന്നു. അല്ലാമ ഇബ്നു ഹജർ എഴുതിയിരിക്കുന്നു: 'ഇമാം അഹ്മദും ഇമാം മുസ്‌ലിമും ഇയാസ് ബിൻ സലമയിൽനിന്ന് ചെയ്ത നിവേദനത്തിൽ ഈ യുദ്ധം ഖയ്ബറിന് മൂന്ന് ദിവസം മുമ്പേയാണെന്ന കാര്യത്തെ പിന്തുണയ്ക്കുന്നു. ഹദ്‌റത്ത് സലമാ ബിൻ അക്‌വഉം ആദ്യം ഹുദയ്ബിയ സന്ധിയും ശേഷം ദീ ഖർദ് യുദ്ധവും വിവരിക്കുന്നു. ഏറ്റവും അവസാനം പറയുന്നു, ഇതിനുശേഷം ഞങ്ങൾ മദീനയിൽ തിരിച്ചെത്തി. മൂന്നു ദിവസം കഴിഞ്ഞതേയുള്ളൂ ഖയ്ബറിലേക്ക് പുറപ്പെട്ടു, ഇതിന് വിപരീതമായി നബിചരിത്രകാരന്മാരിൽ അല്ലാമാ ഇബ്നു ഇസ്ഹാഖും ഇബ്നു സഅ്ദും ഗസ്‌വ ദീ ഖർദ്, ഹിജ്റ ആറാം വർഷത്തിൽ ഹുദയ്ബിയ സന്ധിക്ക് മുമ്പേയായിരുന്നു എന്നാണ് പറയുന്നത്.*(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 106 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്), (അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി കഥീർ പേജ് 365, 375, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്), ശറഹ് അസ്സർഖാനീ അലൽ മവാഹിബില്ലദുന്നിയ വാള്യം 3 പേജ് 109, ദാറുൽകുതുബുൽഇൽമിയ്യ 1996)*

ഇതിന്റെ വിശകലനത്തിൽ ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ﷺപൂർണമായും ഒന്നും പറഞ്ഞിട്ടില്ലെങ്കിലും തന്റെ ഗ്രന്ഥത്തിന്റെ ശേഷിക്കുന്ന ഭാഗത്തിനുള്ള ശീർഷകങ്ങളെഴുതിയതിൽ ദീ ഖർദ യുദ്ധ നടപടിയെ ഖയ്ബർ യുദ്ധനടപടിക്കുമുമ്പേ ഹിജ്റ ഏഴാം വർഷം മുഹർറ മാസത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്‌റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ﷺഎം.എ. പേജ് 837)*

ഗസ്‌വ ദീ ഖർദിനെ, ഗസ്‌വ ഗാബ എന്ന പേരിലും പറയപ്പെടുന്നുണ്ട്. കാരണം നബിﷺ തിരുമേനിയുടെ ഒട്ടകങ്ങൾ ഇവിടെവെച്ച് മോഷ്ടിക്കപ്പെട്ടിട്ടുണ്ടായിരുന്നു. ഗാബ മദീനയിൽനിന്ന് ശാമിലേക്ക് പോകുന്ന വഴിയിൽ നാലുമൈൽ ദൂരത്ത് ഉഹുദ് മലയുടെ പിന്നിൽ ഒരു മൈതാനമാണ്. ഇതിനെ ഗസ്‌വ ദീ ഖർദ് എന്ന് പറയാനുള്ള കാരണം ഉയയ്നഹ് ബിൻ ഹിസ്ൻ, നബിﷺതിരുമേനിയുടെ ഒട്ടകങ്ങളെ ആക്രമിച്ച് പിടിച്ചുകൊണ്ടുപോയിരുന്നു. നബിﷺതിരുമേനി ദീ ഖർദ് വരെ അയാളെ പിന്തുടർന്നിരുന്നു. ദീ ഖർദ് മദീനയിൽനിന്ന് ഏകദേശം 12 മൈൽ ദൂരത്ത് സ്ഥിതി ചെയ്യുന്ന ഒരു അരുവിയാണ്. *(ശറഹ് അസ്സർഖാനീ അലൽമവാഹിബില്ലദുന്നിയ വാള്യം 3 പേജ് 109, ദാറുൽകുതുബുൽഇൽമിയ്യ) (ഫർഹങ്കെ സീറത്ത് പേജ് 217, പ്രസാധനം സവാർ അക്കാദമി കറാച്ചി)*

ഇതിന്റെ വിശദീകരണം ഇപ്രകാരമാണ്: "നബിﷺതിരുമേനിക്ക് കറവയുള്ള 20 ഒട്ടകങ്ങളുണ്ടായിരുന്നു. കുറച്ച് ആൺ ഒട്ടകങ്ങളേയും അതിൽ ചേർത്തിരുന്നു. അവ മദീനയിൽനിന്ന് ഖയ്ബറിലേക്കുള്ള വഴിയിൽ ബയ്ളാഇന്റെ മേച്ചിൽ പുറത്തും പിന്നിൽ ബയ്ളായുടെ പിന്നിലുള്ള മലനിരകൾ വരെയും മേഞ്ഞ് നടന്നിരുന്നു. അവിടെ പട്ടിണിയായപ്പോൾ അതിനെ ഗാബയിലേക്ക് മാറ്റി. ഒരു ഇടയൻ എല്ലാ ദിവസവും മഗ്‌രിബിന്റെ നേരത്ത് അവയുടെ പാലു കറന്ന് നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ കൊണ്ടുവന്നിരുന്നു. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 95 ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 7, പേജ് 463, ദാറുസ്സലാം രിയാള് 1435)*

ഉയയ്ന ബിൻ ഹിസ്ൻ ഫസാരി ഗത്ഫാൻ ഗോത്രത്തിലെ 40 കുതിര പടയാളികളോടൊപ്പം അവയ്ക്കുമേൽ ആക്രമണം നടത്തി. ഒട്ടകങ്ങളെ കൊണ്ടുപോയി. ഒരു നിവേദനമനുസരിച്ച് അവരുടെ നേതാവ് ഉയയ്നഹിന്റെ മകൻ അബ്ദുർറഹ്മാനായിരുന്നു. ഉയയ്ന അവരുടെ സഹായത്തിനുവേണ്ടി പിന്നിൽ ഒരു സ്ഥലത്തുണ്ടായിരുന്നു. ആക്രമണത്തിനിടയിൽ ശത്രുക്കൾ അബൂദർറിന്റെ മകൻ ദർറിനെ കൊലപ്പെടുത്തി. അദ്ദേഹം ആ ഒട്ടകങ്ങളുടെ ഇടയനായിരുന്നു. അബൂദർറിന്റെ ഭാര്യ ലയ്‌ലയെ ബന്ദിയാക്കി കൊണ്ടുപോവുകയും ചെയ്തു. അബൂദർറിന്റെ മകന്റെ ഭാര്യയും അവിടെയുണ്ടായിരുന്നു. അവർ ശത്രുക്കളിൽനിന്ന് രക്ഷപ്പെട്ടു. *(ശറഹ് അസ്സർഖാനീ അലൽമവാഹിബില്ലദുന്നിയ വാള്യം 3 പേജ് 111-112, ദാറുൽകുതുബുൽഇൽമിയ്യ 1996)(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 95, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഉയയ്നഹ് ബിൻ ഹിസ്ൻ ആരായിരുന്നു? ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: ഉയയ്നഹ്, അഹ്സാബ് യുദ്ധ വേളയിൽ ഫസാറഹ് ഗോത്രത്തിന്റെ നേതാവായിരുന്നു. അഹ്സാബ് യുദ്ധത്തിന്നിടയിൽ സത്യനിഷേധികളുടെ മൂന്ന് സൈന്യങ്ങൾ ഖുറയ്ള ഗോത്രവുമായി ചേർന്ന് മദീനയ്ക്കുമേൽ ശക്തമായ ആക്രമണം നടത്താൻ തീരുമാനിച്ചപ്പോൾ അവരിലൊരു സൈന്യത്തിന്റെ നേതാവ് ഉയയ്നഹ് ആയിരുന്നു. ഉയയ്നഹ് ബിൻ ഹിസ്ൻ മക്ക വിജയത്തിനുമുമ്പേ ഇസ്‌ലാം സ്വീകരിച്ചിട്ടുണ്ടായിരുന്നുവെന്നും, അതിൽ ഭാഗഭാക്കായിരുന്നുവെന്നും ഒരു നിവേദനത്തിൽ പറയുന്നുണ്ട്. ഹുനയ്ൻ, ത്വായിഫ് യുദ്ധങ്ങളിലും പങ്കെടുത്തിട്ടുണ്ട്. നബിﷺ തിരുമേനി അദ്ദേഹത്തെ തമീം ഗോത്രത്തെ പരാജയപ്പെടുത്തുന്നതിന് 50 സവാരികളോടൊപ്പം അയച്ചിരുന്നു. ഇതിൽ അൻസ്വാറും മുഹാജിറുമായിട്ടുള്ള ഒരു സ്വഹാബിയുമുണ്ടായിരുന്നില്ല. ഈ സരിയ്യഃ ഉണ്ടാകാനുള്ള കാരണം ഇതാണ്. തമീം ഗോത്രം, നബിﷺതിരുമേനിയുടെ ഉദ്യോഗസ്ഥനെ സ്വദഖാത്ത്(ദാനമുതലുകൾ) കൊണ്ടുപോകുന്നതിൽനിന്ന് തടഞ്ഞിരുന്നു. പിന്നെ ഒന്നാം ഖിലാഫത്തു കാലത്ത് മുർത്തദ്ദീങ്ങളായ കലാപകാരികളോടൊപ്പം ചേർന്ന് അവർ മുർത്തദ്ദാകുന്ന ഫിത്നയിലും അകപ്പെട്ടിരുന്നു. ത്വലീഹ പ്രവാചകത്വം വാദിച്ചപ്പോൾ ഇയാൾ അയാളോടൊപ്പം ചേർന്നു. ആദ്യം മുസ്‌ലിമാവുകയും പിന്നെ രണ്ടുതവണ മുർത്തദ്ദാകുകയും അയാൾക്ക് ബയ്അത്തും ചെയ്തു. പിന്നീട് അബൂബക്ർ സിദ്ദീഖിന്റെﷺഅടുക്കൽ ബന്ദിയായി വന്നു. അദ്ദേഹം ഔദാര്യപൂർവ്വം അയാൾക്ക് മാപ്പു കൊടുത്തു. അയാൾ വീണ്ടും ഇസ്‌ലാം സ്വീകരിച്ചു.*(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2,*

*പേജ് 376, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(അൽഇസാബ ഫീ തമീസിസ്സഹാബ, ഭാഗം 4. പേജ് 566-567, ളിയാഉൽ ഖുർആൻ പബ്ലിക്കേഷൻസ് ലാഹോർ)ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1995)*

അയാളുടെ വിശ്വാസത്തിന്റെ അവസ്ഥയും ഇങ്ങനെയൊക്കെ തന്നെയായിരുന്നു. നിവേദനത്തിൽ പറയുന്നു: നബിﷺതിരുമേനി, ഹദ്റത്ത് അബൂദർ ഗഫ്ഫാരിയെ ഗാബയിൽ പോകുന്നത് വിലക്കിയിരുന്നു. പക്ഷേ, നബിﷺതിരുമേനി മുന്നറിയിപ്പു നൽകിയിട്ടും ഹദ്റത്ത് അബൂദർ ഗഫ്ഫാരി ഗാബയിൽ പോയി. ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: ആക്രമണത്തിനുമുമ്പേ അബൂദർ നബിﷺതിരുമേനിയോട് ഒട്ടകങ്ങളുടെ മേച്ചിൽ സ്ഥലത്ത് പോകാൻ അനുവാദം ചോദിച്ചിരുന്നു. നബിﷺതിരുമേനി പറഞ്ഞു: ശത്രുക്കൾ താങ്കളെ ആക്രമിക്കുമോ എന്ന് എനിക്ക് ആശങ്കയുണ്ട്. കാരണം നമ്മൾ ഉയയ്നഹുമായും അയാളുടെ കൂട്ടുകാരുമായും സമാധാനത്തിലല്ല ഉള്ളത്. ഈ സ്ഥലവും അവരുടെ ഭാഗത്താണുള്ളത്. ഹദ്റത്ത് അബൂദർؓ ശാഠ്യം പിടിച്ചപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'നിങ്ങളുടെ മകനെ വധിക്കുകയും ഭാര്യയെ ബന്ദിയാക്കുകയും ചെയ്യുമെന്ന് ഞാൻ ഭയപ്പെടുന്നു. അങ്ങനെ ഒരു വടിയുംകുത്തി വരുന്ന അവസ്ഥയും നിങ്ങൾക്കുണ്ടാകും. ഹദ്റത്ത് അബൂദർؓ പറയുന്നു: നിങ്ങളെ സംബന്ധിച്ച് ആശങ്കയുണ്ടെന്ന് നബിﷺതിരുമേനി പറഞ്ഞപ്പോൾ എനിക്ക് അത്ഭുതമാണുണ്ടായത്. എന്നിട്ടും ഞാൻ ശാഠ്യം പിടിച്ചുകൊണ്ടിരുന്നു. പിന്നെ അല്ലാഹുവാണെ സത്യം! നബിﷺതിരുമേനി പറഞ്ഞതുപോലെതന്നെ സംഭവിച്ചു. ഞാൻ വീട്ടിലായിരുന്നു. നബിﷺതിരുമേനിയുടെ ഒട്ടകങ്ങളെ തൊഴുത്തിൽ തിരികെ കൊണ്ടുവന്ന് അവയ്ക്ക് വെള്ളവും ഭക്ഷണവും നൽകിയിരുന്നു. അവയെ കറക്കുകയും ചെയ്തിരുന്നു. പിന്നെ ഞങ്ങളുറങ്ങിയപ്പോൾ രാത്രി നേരത്ത് ഉയയ്നഹ് 40 സവാരികളോടൊപ്പം ഞങ്ങളെ ആക്രമിച്ചു. അവർ അവിടെനിന്ന് വിളിച്ചു പറഞ്ഞപ്പോൾ എന്റെ മകൻ പുറത്തിറങ്ങി. അവനെ അവർ വധിക്കുകയും ചെയ്തു.*(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 95 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഇതോടനുബന്ധിച്ചു ഹദ്റത്ത് സലമ ബിൻ അക്വയിന്റെ ശത്രുക്കളെ പിന്തുടർന്ന പരാമർശവും വരുന്നുണ്ട്. ബുഖാരിയിൽ പറയുന്നു: "ഹദ്റത്ത് സലമ ബിൻ അക്വഅ് നിവേദനം: ഞാൻ സ്വുബ്ഹിയുടെ ആദ്യത്തെ ബാങ്ക് കൊടുക്കുന്നതിനു മുമ്പേ പുറപ്പെട്ടിരുന്നു. നബിﷺതിരുമേനിയുടെ ഒട്ടകങ്ങൾ ദീ ഖർദ് എന്ന സ്ഥലത്ത് മേയുകയായിരുന്നു. ഹദ്റത്ത് സലമയോടൊപ്പം നബിﷺതിരുമേനിയുടെ ഭൃത്യൻ റബാഹുമുണ്ടായിരുന്നു. ഹദ്റത്ത് സലമ പറയുന്നു: ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിന്റെ ഒരു മകൻ എന്നെ കണ്ടു. അദ്ദേഹം പറഞ്ഞു: നബിﷺതിരുമേനിയുടെ ഒട്ടകങ്ങളെ കൊണ്ടുപോയിരിക്കുന്നു. ഞാൻ ചോദിച്ചു: ആരാണ് കൊണ്ടുപോയത്? അദ്ദേഹം പറഞ്ഞു: ഗത്ഫാൻകാരാണ്. അദ്ദേഹം അതായത് സലമ പറഞ്ഞു: ഞാൻ മൂന്നു പ്രാവശ്യം ഉച്ചത്തിൽ യാ സ്വബാഹാഹ് എന്ന് വിളിച്ചുപറഞ്ഞു. ഇത് അപകടമുണ്ടാകുന്ന സന്ദർഭത്തിൽ പറയുന്ന വാക്കുകളാണ്. അങ്ങനെ മദീനയിലുണ്ടായിരുന്നവരെ അവർ അവിടെ എത്തുന്നതിന് ഞാൻ ഉച്ചത്തിൽ കേൾപ്പിച്ചു. അദ്ദേഹത്തിന്റെ ശബ്ദം നല്ല ഉച്ചത്തിലായിരുന്നു. റബാഹിനെ വിവരം അറിയിക്കാൻ നബിﷺതിരുമേനിയുടെ അടുത്ത് അയച്ചു. തുടർന്ന് പറയുന്നു: ഞാൻ മുന്നിലേക്ക് വേഗത്തിലോടി. അങ്ങനെ അക്രമകാരികളായ കൊള്ളക്കാരുടെ അടുത്തെത്തി. അവർ തങ്ങളുടെ മൃഗങ്ങൾക്ക് വെള്ളം കൊടുത്തു തുടങ്ങിയിരുന്നു. ഞാനെന്റെ അമ്പുകൾ കൊണ്ട് അവരെ ആക്രമിച്ചു തുടങ്ങി. ഞാൻ നല്ല അമ്പെയ്ത്തുകാരനായിരുന്നു. ഞാൻ പറഞ്ഞു: ഞാൻ ഇബ്നു അക്വഅ് ആകുന്നു. ഇന്ന് ചുണയില്ലാത്ത ആളുകളുടെ നാശത്തിന്റെ ദിവസമാകുന്നു. ഒറ്റയ്ക്കുതന്നെ ഞാൻ പൊരുതാൻ മുന്നോട്ടിറങ്ങി. മാത്രമല്ല ഞാനിങ്ങനെ ഉറക്കെ വിളിച്ചു പറയുന്നുണ്ടായിരുന്നു. ഞാൻ മരത്തിലായിരിക്കുമ്പോൾ അവർക്കുനേരെ അമ്പുകൾ എയ്യുകയും അവർ ഇടുങ്ങിയ താഴ്വരകളിലെത്തുമ്പോൾ കുന്നുകൾക്ക് മുകളിൽകയറി അവർക്കുനേരെ കല്ലുകൾ എറിയുകയും ചെയ്തിരുന്നു. അങ്ങനെ അവരുടെ എല്ലാ ഒട്ടകങ്ങളെയും തിരിച്ചെടുത്തു.

സ്വഹീഹ് മുസ്ലിമിലുള്ള വാക്കുകൾ ഇതാണ്: 'അങ്ങനെ ഞാൻ അവരെ പിന്തുടർന്നു കൊണ്ടേയിരുന്നു. എത്രത്തോളമെന്നാൽ നബിﷺതിരുമേനിയുടെ ഒട്ടകങ്ങളിൽ ഒന്നിനെ പോലും തിരിച്ചെടുക്കാൻ പറ്റാത്ത അവസ്ഥ ഉണ്ടായില്ല. അവരുടെ പക്കൽനിന്ന് 30 പുതപ്പുകളും ഞാൻ പിടിച്ചെടുത്തു. അത് അവർ ഭാരം കുറയ്ക്കുന്നതിന് ഉപേക്ഷിച്ചോടുകയായിരുന്നു. നബിﷺതിരുമേനിക്കും സ്വഹാബാക്കൾക്കും മനസ്സിലാകുന്നതിനുവേണ്ടി ഞാൻ അവർ ഉപേക്ഷിച്ചെറിഞ്ഞു കളയുന്ന സാധനങ്ങൾക്കുമീതെ യെല്ലാം അടയാളമെന്ന നിലയ്ക്ക് കല്ലുകൾ വെച്ചിരുന്നു. ഞാൻ അവരെ പിന്തുടർന്നുകൊണ്ടേയിരുന്നു. അവർക്കുമേൽ അമ്പെയ്ത്തും തുടർന്നു കൊണ്ടിരുന്നു. ഒറ്റയ്ക്കുതന്നെ അവരോട് പൊരുതി കൊണ്ടിരുന്നു. *(ബുഖാരി കിതാബുൽ മഗാസി, ഹദീഥ് 4194) (സ്വഹീഹ് മുസ്ലിം മുത്തർജിം കിതാബുൽ മഗാസി, ഹദീഥ് 3358, വാല്യം 9, പേജ് 227-228, 233, ഹാശിയ നൂർ ഫൗണ്ടേഷൻ)(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 96-97 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (ഗസ്വാത്ത് വ സറായാ, അല്ലാമ മുഹമ്മദ് അസ്ഹർ ഫരീദ് ശാഹ് പേജ് 305-306, ഫരീദിയ്യ പബ്ലിഷേഴ്സ് സാഹിവാൽ)*

ചരിത്രത്തിലും തിരുനബി ചരിത്രങ്ങളിലും ഹദീഥുകളിലെ രണ്ടാമത് വന്ന പരാമർശംപോലെ ഇതും കൂടി പറയുന്നുണ്ട്: എല്ലാ ഒട്ടകങ്ങളെയും തിരിച്ചെടുക്കാൻ കഴിയുമായിരുന്നു. കുറച്ച് ഒട്ടകങ്ങളെ ശത്രുക്കൾ തങ്ങളുടെ കൂടെ കൊണ്ടുപോകുന്നതിൽ വിജയിച്ചിരുന്നു. ഏതായിരുന്നാലും മറുഭാഗത്ത് നബിﷺതിരുമേനിയ്ക്ക് സംഭവങ്ങളെ സംബന്ധിച്ച് അറിയിപ്പു ലഭിച്ചപ്പോൾ മദീനയിലൊരു വിളംബരം നടത്തി: "വളരെ ഭയാനകമായ അവസ്ഥയാണ്! അതുകൊണ്ട് വിളംബരം ചെയ്തു: **യാ ഖയ്‌ലല്ലാഹിൽഹിർകബീ** അതായത് 'അല്ലയോ അല്ലാഹുവിന്റെ കുതിരപ്പടയാളികളേ! പുറപ്പെടുവിൻ!' അതേ സമയത്തുതന്നെ കുതിരപ്പടയാളികൾ ചുറ്റും ഒരുമിച്ചു കൂടാൻ തുടങ്ങി. ഏറ്റവുമാദ്യം മിഖ്ദാദാണ് നബിﷺതിരുമേനിയുടെയു അടുക്കലെത്തിയത്. പിന്നീട് അബ്ബാദ ബിൻ ബിശ്ർ, സഅ്ദ് ബിൻ സയ്ദ്, ഉസയ്ദ് ബിൻ ഹുളയ്ർ, ഉക്കാശ, മുഹരിസ് ബിൻ നള്‌ല, അബൂ ഖത്താദ, അബൂ അയ്യാശ് എന്നിവരും എത്തിച്ചേർന്നു. നബിﷺതിരുമോനി, സഅ്ദ് ബിൻ സയ്ദിനെ അമീറായി നിശ്ചയിച്ചുകൊണ്ടു പറഞ്ഞു: 'ശത്രുവിനെ പിന്തുടർന്ന് പുറപ്പെടുക. അങ്ങനെ ഞാനും ആളുകളോടൊപ്പം നിങ്ങളുമായി കൂടിച്ചേരുന്നതാണ്. നിങ്ങൾ മുന്നിൽ പുറപ്പെടുക, പിന്നിൽ ഞാനും വരുന്നുണ്ട്. നബിﷺതിരുമേനി 500 സ്വഹാബാക്കളോടൊപ്പം പുറപ്പെട്ടു. 700 പേരോടൊപ്പമാണ് പുറപ്പെട്ടതെന്നും പറയപ്പെടുന്നുണ്ട്. നബിﷺതിരുമേനി മദീനയിൽ ഉമ്മി മക്തൂമിനെ തന്റെ പിൻഗാമിയായി നിശ്ചയിച്ചു. സഅ്ദ് ബിൻ ഉബാദയെ 300 സ്വഹാബാക്കളോടൊപ്പം മദീനയുടെ സംരക്ഷണത്തിന് കാവൽ നിറുത്തി. നബിﷺതിരുമേനി, ഹദ്റത്ത് മിഖദാദ് ബിൻ അസ്വദിന്റെ അമ്പിൽ കൊടി കെട്ടുകയും ചെയ്തു. *(ശറഹ് അൽഅല്ലാമ അസ്സർഖാനീ അലൽമവാഹിബില്ലദുന്നിയ വാല്യം 3 പേജ് 113, ദാറുൽകുതുബുൽഇൽമിയ്യ 1996)(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 96-97 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഈ ഉദ്യമത്തിൽ ഒരു സംഭവത്തെക്കുറിച്ചുള്ള പരാമർശം കൂടിയുണ്ട്. ഇബ്നു ഇസഹാഖ്ؓ പറയുന്നു: നബിﷺതിരുമേനി പറഞ്ഞു: അബൂഅയ്യാശേ! നിങ്ങളുടെ കുതിരയെ നിങ്ങളെക്കാളും ഉത്തമനായ ഒരു വ്യക്തിക്ക് നൽകുകയില്ലേ? അങ്ങനെയായാൽ അദ്ദേഹത്തിന് ശത്രുക്കളുടെ അടുത്തെത്താൻ കഴിയുന്നതായിരിക്കും. ഹദ്റത്ത് അബൂ അയ്യാശ് പറഞ്ഞു: യാ റസൂലല്ലാഹ്! ഞാൻ നല്ല കുതിര സവാരിക്കാരനാണ്. അദ്ദേഹം പറയുന്നു: ഞാൻ നബിﷺതിരുമേനിയോടു ഇതും പറഞ്ഞു. പിന്നീട് ഞാൻ കുതിരയെ കുതികാലുകൊണ്ട് തെളിച്ചു. പക്ഷേ, 50 അടി മുന്നോട്ടു നീങ്ങിയതേയുള്ളൂ അതെന്നെ നിലത്തു വീഴ്ത്തി. ഞാൻ അത്ഭുതപ്പെട്ടു. നബിﷺതിരുമേനി കുതിരയെ തന്നെക്കാളും നല്ല സവാരിക്കാരന് കൊടുക്കാൻ പറഞ്ഞതാണ്. ഞാൻ പറഞ്ഞത് ഞാൻ നല്ല സവാരിക്കാരനാണെന്നും. നബിﷺതിരുമേനി അബൂ അയ്യാശിന്റെ ഈ കുതിരയെ ഹദ്റത്ത് മുആദിബ്നി മായിസിന് നല്കി.*(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 97-98 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ശത്രുക്കളെ പിന്തുടർന്നുകൊണ്ടിരുന്ന സലമ പറയുന്നു: നേരം വെളുത്തപ്പോൾ ഉയയ്നഹ് അവരെ (ഇസ്‌ലാം ശത്രുക്കളെ) സഹായിക്കാൻ വന്നു. ഇതിൽനിന്ന് ഉയയ്നഹ് അവിടെത്തന്നെ ഉണ്ടായിരുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അയാൾ ഒരു ഇടുങ്ങിയ താഴ്വരയിലായിരുന്നു. പറയുന്നു: ഞാൻ മലയിൽ കയറി. അയാൾ ചോദിച്ചു: ആരാണത്? അയാളുടെ കൂട്ടുകാർ പറഞ്ഞു: രാവിലെ മുതൽ ഇത്രയും നേരം നമ്മളെ പ്രയാസത്തിലാക്കി നമ്മുടെ പിന്നിൽ കൂടിയ ആളാണ്. നമുക്കുമേൽ അമ്പെ യ്തുകൊണ്ടിരിക്കുന്നു. നമ്മുടെ മൃഗങ്ങളെ ഒന്നൊന്നായി തിരിച്ചെടുക്കുന്നു. നമ്മുടെ എല്ലാ സാധനങ്ങളും അയാൾ പിടിച്ചെടുത്തിരിക്കുന്നു. പറഞ്ഞു: അയാളുടെ പിന്നിൽ ആളുകൾ വരുന്നുണ്ടെന്ന് അയാൾക്ക് ബോധ്യമില്ലായിരുന്നെങ്കിൽ അയാൾ നിങ്ങളെ എപ്പഴോ ഒഴിവാക്കുമായിരുന്നു. അയാൾ നല്ല ജാഗ്രതയുള്ള ആളായിരുന്നു. അയാൾക്ക് പിന്നിൽ മറ്റേതോ ഒരു സൈന്യം വന്നുകൊണ്ടിരിക്കുന്നുവെന്ന് അയാൾക്ക് ഉറപ്പായിരുന്നു. നിങ്ങളിൽ ഏതാനും ആളുകൾ അദ്ദേഹത്തി

ന്റെ അടുത്ത് പോവുകയെന്ന് അയാൾത്തന്നെ കൂട്ടുകാരോട് പറഞ്ഞു. അങ്ങനെ അവരിലുള്ള നാലാളുകൾ എന്റെ അടുക്കൽലെത്തി. കുന്നിന് മുകളിൽ കയറി. ഞാൻ അവരോട് പറഞ്ഞു: നിങ്ങൾക്ക് എന്നെ അറിയുമോ? അവർ പറഞ്ഞു: നിങ്ങൾ ആരാണ്? ഞാൻ പറഞ്ഞു: ഞാൻ ഇബ്നു അക്വഅ് ആകുന്നു. നബിﷺതിരുമേനിക്ക് അന്തസ്സ് നൽകിയ അസ്തിത്വമാണെ സത്യം! നിങ്ങൾക്കാർക്കും എന്നെ പിടികൂടാൻ സാധ്യമല്ല. ഞാൻ നിങ്ങളെ പിന്തുടരുകയാണെങ്കിൽ നിങ്ങൾക്കാർക്കും എന്നിൽനിന്ന് രക്ഷപ്പെടാനും സാധ്യമല്ല. അപ്പോൾ അവരിൽപ്പെട്ട ഒരാൾ പറഞ്ഞു: ഞാനും അങ്ങനെ തന്നെയാണ് കരുതുന്നത്. പിന്നെ അവർ ഭയപ്പെട്ട് തിരിച്ചുപോയി. ഇത് ബുഖാരിയിലുള്ള നിവേദനമാകുന്നു. *(ബുഖാരി കിതാബുൽമഗാസി ഹദീഥ് 4194) (സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 96 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഹദ്റത്ത് സലമരﷺ പറയുന്നു: ഞാൻ ആ സ്ഥലത്തുതന്നെ നിന്നു. അങ്ങനെ നബിﷺ തിരുമേനി തനിക്കു മുന്നിൽ പറഞ്ഞയച്ച കുതിരസവാരിക്കാരെ കണ്ടുമുട്ടി. അവരെ മരങ്ങൾക്കിടയിലൂടെ കാണാൻ കഴിയുമായിരുന്നു. അദ്ദേഹം പറയുന്നു: അതിലേറ്റവും മുന്നിൽ മുഹ്രിസ് ബിൻ നള്ല അഖ്റം അസദിയായിരുന്നു. അദ്ദേഹത്തിന് പിന്നിൽ അബൂ ഖത്താദ അൻസ്വാരിയും അതിനു പിന്നിൽ മിഖദാദ് ബിൻ അസ്‌വദുമായിരുന്നു. ഇദ്ദേഹം പിന്നീടാണ് വന്നത്. ഞാൻ അഖ്റമിന്റെ കുതിരയുടെ കടിഞ്ഞാൺ പിടിച്ചു കൊണ്ട് പറഞ്ഞു:നീ അവരിൽനിന്ന് രക്ഷപ്പെട്ടു കൊള്ളുക! അവർ നിന്നെ അപായപ്പെടുത്തുന്നതാണ്. മുന്നോട്ടുപോകരുത്, നബിﷺതിരുമേനിയും സ്വഹാബാക്കളുമെത്തുന്നതിനു മുമ്പേ മുന്നോട്ടുപോകരുത്, കാത്തിരിക്കൂ! അദ്ദേഹം പറഞ്ഞു: അല്ലയോ സലമാ! നീ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അറിഞ്ഞുകൊള്ളുക! സ്വർഗം സത്യമാണ്, നരകവും സത്യമാണ്. നീ എനിക്കും ശഹാദത്തിനുമിടയിൽ തടസ്സമാകരുത്. അദ്ദേഹം വളരെ തന്റേത്തോടുകൂടിയാണ് ഇത് പറഞ്ഞത്. സലമ പറയുന്നു: ഞാൻ അദ്ദേഹത്തെ ഒഴിവാക്കി. പറയുന്നു: അങ്ങനെ ഹദ്റത്ത് അഖ്റമും അബ്ദുർറഹ്മാനിബ്നു ഉയയ്നഹും പരസ്പരം പോരടിച്ചു. അദ്ദേഹം അബ്ദുർറഹ്മാനെയും അയാളുടെ കുതിരയെയും മുറിവേൽപ്പിച്ചു. അബ്ദുർറഹ്മാൻ അദ്ദേഹത്തെ അമ്പെയ്ത് ശഹീദാക്കി, തന്റെ കുതിരപ്പുറത്ത് തിരിച്ച് പോവുകയും ചെയ്തു.

മറ്റൊരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് അഖ്റമിനെ ഔബാറാണ് ശഹീദാക്കിയത്. ഔബാറും അയാളുടെ മകനും ഒരു ഒട്ടകപ്പുറത്ത് സഞ്ചരിക്കുകയായിരുന്നു. ഹദ്റത്ത് ഉക്കാശ അവർക്കുനേരെ ഒരു അമ്പെയ്തു. അങ്ങനെ ഒറ്റ ആക്രമണത്തിൽത്തന്നെ അവർ രണ്ടുപേരെയും വധിച്ചു. മറ്റൊരു നിവേദനം അനുസരിച്ച് ഹദ്റത്ത് അഖ്റമിനെ മസ്അദയാണ് ശഹീദാക്കിയത്

ശഹാദത്ത് സംഭവത്തിൽ ഒരു സ്വപ്നത്തെക്കുറിച്ചും പരാമർശമുണ്ട്. ഹദ്റത്ത് അഖ്റം ശത്രുക്കളുമായി പൊരുതുന്നതിന് ഒരു ദിവസം മുമ്പേ ഒരു സ്വപ്നം കണ്ടിരുന്നു. തനിക്കുവേണ്ടി ആകാശം തുറക്കപ്പെട്ടിരിക്കുന്നു. താൻ ആകാശത്തിൽ പ്രവേശിച്ചിരിക്കുന്നു, അങ്ങനെ ഏഴാം ആകാശംവരെ എത്തി. പിന്നെ സിദ്റത്തുൽ മുൻതഹാവരെ എത്തി. എന്നോടു പറയപ്പെട്ടു: ഇതാണ് നിന്റെ സ്ഥാനം. ഞാൻ ഈ സ്വപ്നം ഹദ്റത്ത് അബൂബക്റിനോട് വിവരിച്ചു. അദ്ദേഹം പറഞ്ഞു: 'നിനക്ക് ശഹാദത്ത് അനുഗൃഹീതമാകട്ടെ! അതിന്റെ ഒരു ദിവസത്തിനുശേഷം അദ്ദേഹം ശഹീദാക്കപ്പെട്ടു. ഹദ്റത്ത് മുഹ്രിസിന് പിന്നാലെ ഹദ്റത്ത് അബൂ ഖത്താദയുമെത്തി. നബിﷺതിരുമേനിയുടെ കുതിരപ്പടയാളിയായ അബൂ ഖത്താദയുമായി അബ്ദുർറഹ്മാനുബ്നു ഉയയ്നഹ് ഏറ്റുമുട്ടി. അവർ പരസ്പരം അമ്പെയ്തു. ഉയയ്നഹിന്റെ മകൻ ഹദ്റത്ത് അബൂ ഖത്താദയുടെ കുതിരയുടെ പൃഷ്ഠ ഭാഗം ഛേദിച്ചു. ഹദ്റത്ത് അബൂ ഖത്താദ അയാളെ കൊല്ലുകയും അയാളുടെ കുതിരപ്പുറത്തേറി പോകുകയും ചെയ്തു.*(സ്വഹീഹ് മുസ്‌ലിം വാള്യം 9 , പേജ് 233-235, കിതാബുൽ ജിഹാദ് വസ്സയ്ർ ബാബ് ഗസ് വ ദീ ഖർദ തുടങ്ങിയവ, ഹദീഥ് 3358)(ശറഹ് അല്ലാമ അസ്സർഖാനീ അലൽമവാഹിബില്ലദുന്നിയ വാള്യം 3 പേജ് 114, ദാറുൽകുതുബുൽഇൽമിയ്യ 1996)(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 98-99 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഹദ്റത്ത് അബു ഖത്താദ, മസ്അദ ഫസാരിയുമായി ഏറ്റുമുട്ടിയതു സംബന്ധിച്ചും പരാമർശമുണ്ട്. ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് അബു ഖത്താദയ്ക്ക് ശത്രുക്കളുടെ ആക്രമണത്തെപ്പറ്റി അറിയിപ്പ് ലഭിച്ചപ്പോൾ നബിﷺതിരുമേനി സ്വഹാബാക്കളോടൊപ്പം മദീനയിൽനിന്ന് യാത്രതിരിച്ചു ദുബാബിൽ ഇരിക്കുകയായിരുന്നു. ഇത് ഥനിയ്യത്തുൽ വദായിൽനിന്ന് ഇറങ്ങി ഉഹുദ് മലയുടെ വഴിയിൽ ഒരു ചെറിയ കുന്നാകുന്നു. അദ്ദേഹം നബിﷺതിരുമേനിയുടെ അടുക്കലെത്തിയപ്പോൾ അവിടന്ന് പറഞ്ഞു: അബൂ ഖത്താദ മുന്നോട്ടു ഗമിക്കൂ, അല്ലാഹു നിങ്ങളെ സഹായിക്കുന്നതായിരിക്കും. അബു ഖത്താദ പറയുന്നു: 'ഞാൻ പുറപ്പെട്ടു, എന്റെ കൂടെ മറ്റൊരാളുമുണ്ടായിരുന്നു. ഞങ്ങൾ വേഗം ശത്രുക്കളുടെ അടുത്തെത്തി. ശത്രുക്കൾ അദ്ദേഹത്തോടു ചോദിച്ചു:'അബൂ ഖത്താദേ! എന്താണുദ്ദേശ്യം? കൂട്ടുകാരൻ അദ്ദേഹത്തോട് പറഞ്ഞു: അവരെ നേരിടാൻ നമുക്ക് കഴിവില്ല. അദ്ദേഹം പറഞ്ഞു: ഞാൻ നബിﷺതിരുമേനി വരുന്നതുവരെയും കാത്തിരിക്കണമെന്നാണോ നിങ്ങൾ പറയുന്നത്? അതായത് മുഴുവൻ സൈന്യവും പിന്നിൽ വന്നതിനുശേഷം നമ്മൾ യുദ്ധം ചെയ്താൽ മതി എന്നാണോ? അബു ഖത്താദ പറയുന്നു: നിങ്ങൾ ഒരു ഭാഗത്ത് യുദ്ധം ചെയ്യുക, ഞാൻ മറുഭാഗത്ത് കൂടെ യുദ്ധം ചെയ്യും. പിന്നെ അവർ യുദ്ധം ചെയ്തു ശത്രുക്കളെ പ്രയാസത്തിലാക്കി. ശത്രു അവർക്കുമേൽ അമ്പെയ്തു കൊണ്ടിരുന്നു. ഒരു അമ്പ് അദ്ദേഹത്തിന്റെ നെറ്റിയിൽ പതിച്ചു. അബൂ ഖത്താദرﷺപറയുന്നു: ഞാൻ ആ അമ്പ് വലിച്ചെടുത്തു. എനിക്കപ്പോൾ ഒരു ലോഹ കഷണം പുറത്തെടുക്കുന്നതുപോലെയാണ് തോന്നിയത്. ഞാൻ മുന്നോട്ടു കുതിച്ചു. അപ്പോൾ ശീഘ്രഗതിയിലുള്ള ഒരു കുതിരസ്സവാരിക്കാരൻ എന്റെ മുന്നിൽ വന്നു. അയാൾ പടത്തൊപ്പി അണിഞ്ഞിരുന്നു. അയാൾ എന്നെ തിരിച്ചറിഞ്ഞു. പക്ഷേ, എനിക്കയാളെ തിരിച്ചറിയാൻ കഴിഞ്ഞില്ല. അയാൾ പറഞ്ഞു: അബൂഖത്താദേ! അല്ലാഹു നിങ്ങളുടെയും എന്റേയും കൂടിക്കാഴ്ചക്ക് അവസരമുണ്ടാക്കിയിരിക്കുന്നു. അയാൾ തന്റെ മുഖത്തുനിന്ന് പടത്തൊപ്പി മാറ്റി. അത് മസ്അദഹ് ഫസാരിയായിരുന്നു. അയാൾ പറഞ്ഞു: നീ എന്താണാഗ്രഹിക്കുന്നത്? ഞാൻ നിന്നോട് വാൾപ്പയറ്റ് നടത്തണമോ അതല്ല അമ്പെയ്ത്താണോ വേണ്ടത്? അതല്ല മൽപ്പിടിത്തമാണോ? ഞാൻ പറഞ്ഞു, അത് നിനക്ക് വിട്ടുതരുന്നു. നിന്റെ ഇഷ്ടം പോലെ ആകാവുന്നതാണ്. അയാൾ പറഞ്ഞു: എന്നാൽപ്പിന്നെ മൽപ്പിടിത്തമാകാം. അക്കാലത്തും യുദ്ധത്തിന്റെ കൗതുകകരമായ രീതികളുണ്ടായിരുന്നു. അയാൾ തന്റെ സവാരിയിൽനിന്നും താഴെ ഇറങ്ങി. ഞാനും താഴെ ഇറങ്ങി. ഞാൻ കുതിരയെ ഒരു മരത്തിൽ കെട്ടിയിട്ടു, ആയുധങ്ങളും അവിടെവച്ചു. അയാളും അങ്ങനെ തന്നെ ചെയ്തു. പിന്നെ ഞങ്ങൾ മൽപ്പിടിത്തം നടത്തി. അല്ലാഹു എനിക്കു അയാൾക്കുമേൽ വിജയം നൽകി. ഞാൻ അയാൾക്കുമേൽ കയറിയിരുന്നു. ഞാൻ എഴുന്നേൽക്കണമെന്നും അങ്ങനെ വാളെടുക്കണമെന്നും അയാളും വാളെടുക്കട്ടെയെന്നും കരുതി. ഞങ്ങൾ രണ്ട് സൈന്യത്തിനും ഇടയിലായിരുന്നു. അതുകൊണ്ട് ഞങ്ങൾക്കാർക്കുമേലും ആക്രമണത്തിന് സാധ്യത ഉണ്ടായിരുന്നു. എന്റെ തലയിൽ എന്തോ ഒരു സാധനം വന്നു തടയുന്നതായി തോന്നി. ഞങ്ങൾ മൽപ്പിടിത്തം നടത്തി. മസ്അദയുടെ ആയുധങ്ങളുടെ അടുത്തുവരെയെത്തി. ഞാൻ കൈനീട്ടി അയാളുടെ വാൾ കൈക്കലാക്കി. അയാൾ എന്റെ കൈയിൽ വാൾ കണ്ടപ്പോൾ പറഞ്ഞു: അബൂ ഖത്താദേ! എന്നെ പരിഗണിക്കൂ! ഞാൻ പറഞ്ഞു: ഇല്ല, ഇപ്പോൾ നീ നിന്റെ സങ്കേതമായ നരകം കണ്ടുകൊള്ളുക. പിന്നെ ഞാൻ അയാളെ വധിച്ചു. അയാളെ ഒരു തുണിയിൽ പൊതിഞ്ഞു, പിന്നെ ഞാൻ അയാളുടെ വസ്ത്രങ്ങൾ സ്വയം അണിഞ്ഞു. അയാളുടെ ആയുധങ്ങൾ കൈക്കലാക്കി, അയാളുടെ കുതിരപ്പുറത്ത് സഞ്ചരിച്ചു. കാരണം ഞങ്ങൾ പോരടിക്കുമ്പോൾ എന്റെ കുതിര ശത്രുക്കളുടെ ഭാഗത്തോടിപ്പോയിരുന്നു. അവർ അതിന്റെ പൃഷ്ഠ ഭാഗം ഛേദിക്കുകയും ചെയ്തിരുന്നു. ഞാൻ വേഗം മുന്നോട്ടു കുതിച്ചു. മസ്അദയുടെ സഹോദര പുത്രനെ പിടികൂടി. അയാളുടെ കൂടെ വേറെയും 17 പേരുണ്ടായിരുന്നു. ഞാൻ അവരോട് ആംഗ്യം കാണിച്ചപ്പോൾ അവർ നിന്നു. അങ്ങനെ ഞാൻ അവരുടെ അടുത്തെത്തിയപ്പോൾ അവരെയും ആക്രമിച്ചു. മസ്അദയുടെ സഹോദര പുത്രനെ അമ്പെയ്തു. അയാളുടെ കഴുത്തൊടിഞ്ഞു. അയാളുടെ കൂടെയുള്ളവർ ഓടി രക്ഷപ്പെട്ടു. ഞാൻ ഒട്ടകങ്ങളെ കൈവശപ്പെടുത്തി. ഇവയെ ഹദ്റത്ത് സലമ ബിൻ അക്‌വയിന്റെ ആക്രമണ സമയത്ത് ശത്രുക്കൾ വിട്ടുപോയതായിരുന്നു.*(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 99-100, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്) (ഫർഹങ്കെ സീറത്ത് പേജ് 125, പ്രസാധനം സവാർ അക്കാഡമി കറാച്ചി)(ബുഖാരി കിതാബുൽ മഗാസിയിൽ നിന്നെടുത്തത്)*

ഈ യുദ്ധത്തിന്റെ വേറെയും വിശദീകരണങ്ങളുണ്ട്. ഇൻശാ അല്ലാഹ് അത് പിന്നീട് വിവരിക്കുന്നതായിരിക്കും.*(വിവ: എച്ച്.ശംസുദ്ദീൻ കാവശ്ശേരി)*

mta INTERNATIONAL
Reaching The Corners of The Earth
www.mta.tv

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 27 Feb to 20 Mar 2025 Issue: 09-12

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# ഖുത്ബ ജുമുഅ

**നബിﷺതിരുമേനി പറഞ്ഞു: 'അല്ലാഹുവേ, അബൂ ഖത്താദയ്ക്കുമേൽ കരുണ ചെയ്താലും! എനിക്ക് അന്തസ്സ് നൽകിയ അസ്തിത്വമാണെ സത്യം! അബൂഖത്താദ യുദ്ധഗാനമാലപിച്ചുകൊണ്ട് ശത്രുക്കളുടെ പിന്നാലെയുണ്ട്.'**

**നബിﷺതിരുമേനി പറഞ്ഞു: 'അബൂഖത്താദേ! നിന്റെ മുഖം വിജയ ശ്രീലാളിതമായിരിക്കുന്നു. അബൂഖത്താദ കുതിരപ്പടയാളികളുടെ നേതാവാകുന്നു. അബൂഖത്താദേ! അല്ലാഹു താങ്കളിൽ ബർക്കത്ത് വെക്കുമാറാകട്ടെ!'**

**ഹദ്റത്ത് സലമؓ പറയുന്നു:"നബിﷺതിരുമേനി എനിക്ക് ഏറ്റവും നല്ല കാലാൾഭടന്റേയും എനിക്ക് ഏറ്റവും നല്ല അശ്വഭടന്റേയും വീതം നൽകി. യാത്രയിൽ എന്നെ പിന്നിലിരുത്തി യാത്രയും ചെയ്തു."**

**ഖുത്ബ ജുമുഅ 2025 ജനുവരി 31, 1404 സ്വുൽഹ് 31, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ○ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

കഴിഞ്ഞ ഖുത്ബയിൽ ദീ ഖർദ് യുദ്ധനടപടിയെ കുറിച്ചാണ് പറഞ്ഞുവന്നത്. നബിﷺതിരുമേനി ഈ യുദ്ധനടപടിക്ക് പോകുന്നതിനുമുമ്പേ ചില സ്വഹാബാക്കളെ ശത്രുക്കളുടെ ഭാഗത്ത് അയച്ചിരുന്നു വെന്നും പിന്നാലെ തന്റെ സൈന്യവുമായി പുറപ്പെട്ടുവെന്നും പറഞ്ഞിരുന്നു. ഇതു സംബന്ധിച്ചുള്ള കൂടുതൽ വിശദീകരണങ്ങളിൽ എഴുതുന്നു: "ശത്രുസൈന്യം നബിﷺതിരുമേനിയും സ്വഹാബാക്കളും വരുന്നതു കണ്ടപ്പോൾ ഓടിപ്പോയി. മുസ്‌ലിമീങ്ങൾ ശത്രുക്കളുടെ താവളങ്ങളിലെത്തിയപ്പോൾ അവിടെ ഹദ്റത്ത് അബൂ ഖത്താദയുടെؓകുതിര ഉണ്ടായിരുന്നു. അതിന്റെ പൃഷ്ഠഭാഗം ഛേദിക്കപ്പെട്ടിരുന്നു. ഒരു സ്വഹാബി പറഞ്ഞു: 'യാ റസൂലല്ലാഹ്!അബൂ ഖത്താദയുടെؓ കുതിരയുടെ പിൻഭാഗം ഛേദിക്കപ്പെട്ടിരിക്കുന്നു. നബിﷺതിരുമേനി അതിന്റെ അടുക്കൽനിന്ന് രണ്ടുപ്രാവശ്യം ഇങ്ങനെ പറഞ്ഞു: 'നിനക്ക് നന്മ വരട്ടെ, യുദ്ധത്തിൽ നിനക്ക് എത്രയധികം ശത്രുക്കളാണ്!' പിന്നീട് നബിﷺതിരുമേനിയും സ്വഹാബാക്കളും മുന്നോട്ടു നീങ്ങി. ഹദ്റത്ത് അബൂ ഖത്താദയുംؓ മസ്അദഹും തമ്മിൽ മൽപ്പിടിത്തം നടന്ന സ്ഥലത്തെത്തി. കഴിഞ്ഞ ഖുത്ബയിൽ ഇതേപ്പറ്റി പറഞ്ഞിരുന്നു. ഹദ്റത്ത് അബൂഖത്താദയാണ് ؓ അവിടെ തുണിയിൽ പൊതിഞ്ഞ അവസ്ഥയിൽ കിടക്കുന്നതെന്ന് അവർ കരുതി. ഒരു സ്വഹാബി പറഞ്ഞു: "യാ റസൂലല്ലാഹ്! അബൂഖത്താദ ശഹീദായെന്ന് തോന്നുന്നു.'

നബിﷺതിരുമേനി പറഞ്ഞു: 'അല്ലാഹുവേ, അബൂ ഖത്താദയ്ക്കുമേൽ കരുണ ചെയ്താലും! എനിക്ക് അന്തസ്സ് നൽകിയ അസ്തിത്വമാണെ സത്യം! അബൂഖത്താദ യുദ്ധഗാനമാലപിച്ചുകൊണ്ട് ശത്രുക്കളുടെ പിന്നാലെയുണ്ട്.'

ഹദ്റത്ത് അബൂഖത്താദؓപറയുന്നു: 'നബിﷺതിരുമേനിയുടെ സംഘം എന്റെ കുതിരയുടെ അടുത്തെത്തിയപ്പോൾ അതിന്റെ പിൻഭാഗത്ത് മുറിവേറ്റിരിക്കുന്നത് കണ്ടു. മാത്രമല്ല ഒരാൾ എന്റെ പുതപ്പിൽ കൊല്ലപ്പെട്ടു കിടക്കുന്നതായും കണ്ടു. അപ്പോൾ ഞാൻ ശഹീദായി പോയിട്ടുണ്ടാകുമെന്ന് അവർ കരുതി. ഹദ്റത്ത് അബൂബക്റുംؓ ഹദ്റത്ത് ഉമറുംؓമുന്നോട്ടുവന്ന് തുണി മാറ്റി നോക്കിയപ്പോൾ മസ്അദഹിന്റെ മുഖമാണ് കണ്ടത്. അവരിരുവരും പറഞ്ഞു: "അല്ലാഹു അക്ബർ! അല്ലാഹുവും അവന്റെ റസൂലും സത്യമാണ് പറഞ്ഞത്." യാ റസൂലല്ലാഹ്! ഇത് മസ്അദഹാണ്!അപ്പോൾ സ്വഹാബാക്കളും തക്ബീർ ചൊല്ലി. പിന്നീട് കുറച്ചു സമയത്തിനകം അബൂഖത്താദ ഒട്ടകങ്ങളെയും തെളിച്ചുകൊണ്ട് നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരായി. നബിﷺതിരുമേനി പറഞ്ഞു: 'അബൂഖത്താദേ! നിന്റെ മുഖം വിജയ ശ്രീലാളിതമായിരിക്കുന്നു. അബൂഖത്താദ കുതിരപ്പടയാളികളുടെ നേതാവാകുന്നു. അബൂഖത്താദേ! അല്ലാഹു താങ്കളിൽ ബർക്കത്ത് വെക്കുമാറാകട്ടെ!' മറ്റൊരു നിവേദനത്തിലുണ്ട്. നബിﷺതിരുമേനി പറഞ്ഞു: 'നിന്റെ മക്കളിലും മക്കളുടെ മക്കളിലും ബർക്കത്ത് വെക്കുമാറാകട്ടെ!' നബിﷺതിരുമേനി ചോദിച്ചു: 'അബൂഖത്താദേ! നിന്റെ മുഖത്ത് എന്തുപറ്റി? ഹദ്റത്ത് അബൂഖത്താദؓ പറഞ്ഞു: 'എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമായിരിക്കട്ടെ! ഒരു അമ്പു കൊണ്ടതാണ്. അങ്ങയെ അനുഗ്രഹവുമായി അയച്ച നാഥനാണെ സത്യം! ഞാൻ ആ അമ്പ് എടുത്തു മാറ്റിയെന്നാണ് കരുതിയത്.' നബിﷺതിരുമേനി പറഞ്ഞു: "അബൂ ഖത്താദേ, എന്റെ അടുത്ത് വരു. ഞാൻ നബിﷺതിരുമേനിയുടെ അടുത്ത് നീങ്ങിനിന്നു. നബിﷺതിരുമേനി വളരെ സാവധാനത്തിൽ അമ്പെടുത്തു മാറ്റുകയും തന്റെ ഉമിനീർ അതിൽ പുരട്ടുകയും കൈകൾ അതിനുമേൽ വെക്കുകയും ചെയ്തു. അബൂഖത്താദؓ പറയുന്നു: 'നബിﷺതിരുമേനിയെ പ്രവാചകത്വവുമായി അയച്ച നാഥനാണെ സത്യം! എനിക്ക് ഒരു പരിക്കോ മുറിവോ പറ്റാത്തതുപോലെ അനുഭവപ്പെട്ടു." കഴിഞ്ഞപ്രാവശ്യം ഞാൻ അബൂഖത്താദؓതന്നെയാണ് അമ്പെടുത്ത് മാറ്റിയതെന്ന് പറഞ്ഞിരുന്നു. ഒരുപക്ഷേ, അതിന്റെ എന്തെങ്കിലും ചെറിയ കഷണങ്ങൾ അവിടെ ഇരുന്നിരിക്കും. അത് നബിﷺതിരുമേനി എടുത്ത് മാറ്റിയതും ആകാം. അതിന്റെ അടയാളമെന്തെങ്കിലും കണ്ടിരുന്നിരിക്കാം. മറ്റൊരു നിവേദനത്തിൽ പറയുന്നു: "നബിﷺതിരുമേനി അബൂഖത്താദയെؓ കണ്ടപ്പോൾ പറഞ്ഞു: "അല്ലാഹുവേ! അദ്ദേഹത്തിന്റെ രോമങ്ങളിലും ചർമത്തിലും അനുഗ്രഹം ചൊരിയേണമേ." തുടർന്നു പറഞ്ഞു: "താങ്കളുടെ മുഖം വിജയിച്ചിരിക്കുന്നു."അദ്ദേഹം പറയുന്നു: ഞാൻ പറഞ്ഞു, 'യാ റസൂലല്ലാഹ്! അങ്ങയുടെ മുഖം വിജയിച്ചിരിക്കുന്നു!" ഏതായാലും എഴുപതാമത്തെ വയസ്സിൽ ഹദ്റത്ത് അബൂഖത്താദؓമരണപ്പെടുമ്പോഴും അദ്ദേഹത്തിന്റെ മുഖം 15 വയസ്സുകാരന്റേതായി തോന്നിയിരുന്നുവെന്നാണ് പറഞ്ഞിരുന്നത്. *(സുബുലുൽഹുദാ വർറശാദ് വാല്യം 5, പേജ് 100-101, ദാറുൽകുതുബുൽ ഇൽമിയ്യ 1993)*

ഈ യുദ്ധനടപടിയിൽ ഹദ്റത്ത് സലമؓദൂഖർദിൽവച്ച് ശത്രുക്കളുമായി പോരാടിയതിനെ കുറിച്ചും വിവരണമുണ്ട്. ഹദ്റത്ത് സലമؓപറയുന്നു:"ഞാൻ ശത്രുക്കളുടെ പിന്നാലെ ഓടിക്കൊണ്ടിരിക്കുകയായിരുന്നു. നബിﷺതിരുമേനിക്ക് അന്തസ്സ് നല്കിയ അസ്തിത്വമാണെ സത്യം! എനിക്കു പിന്നിൽ ഒരു സഹാബിയെയും കണ്ടിരുന്നില്ല. അവർ വരുന്നതിന്റെ പൊടിപടലങ്ങളും ഞാൻ കണ്ടിരുന്നില്ല. ശത്രുക്കൾ സൂര്യാസ്തമയത്തിനു മുമ്പേതന്നെ ഒരു താഴ്‌വരയിൽ എത്തിച്ചേർന്നിട്ടുണ്ടായിരുന്നു. അവിടെയാണ് ദൂഖർദ് അരുവി ഉണ്ടായിരുന്നത്. അവർ അവിടെനിന്ന് വെള്ളം കുടിക്കാൻ ആഗ്രഹിച്ചെങ്കിലും എന്നെ കണ്ടപ്പോൾ അവിടെനിന്ന് പിന്മാറി. സൂര്യൻ അസ്തമിച്ചിട്ടുണ്ടായിരുന്നു. ഞാൻ ഒരാളെ കണ്ടപ്പോൾ അയാളെ അമ്പെയ്തു. ഞാൻ രാവിലെയും അയാളെ കണ്ടപ്പോൾ വീണ്ടും

ശേഷം പേജ് 8 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin